PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Saturday, the 19th July, 1952.

Vol. VI | OFFICIAL REPORT | No. 18

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Saturday, the 19th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

അറസ്റ്റും റിമാൻഡും.

* ൨൭൨. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ ഒരാളിനെ അറസ്റ്റ് ചെയ്താൽ അയാൾക്കു റിമാൻഡ് അനുവദിച്ചതിനുശേഷമേ അയാളുടെ ആഹാരത്തിനുള്ള ചെലവു അനുവദിക്കാറുള്ളോ;

(ബി) അങ്ങനെയാണെങ്കിൽ റിമാൻഡ് അനുവദിക്കുന്നതുവരെ അയാളുടെ ആഹാരത്തിനുള്ള വ്യവസ്ഥയെന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) അല്ല. അറസ്റ്റുചെയ്തു ഉടനെതന്നെ കൊടുക്കുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: റിമാൻഡ് അനുവദിക്കുന്നതുവരെ ഭക്ഷണം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഭക്ഷണം, അറസ്റ്റുചെയ്യുന്ന ദിവസം മുതൽതന്നെ കൊടുക്കുന്നുണ്ടെന്നറിയാം.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: അറസ്റ്റുചെയ്യുന്ന ദിവസം മുതൽ തന്നെ ഭക്ഷണം കൊടുക്കാതെയാണെങ്കിൽ പ്രതികളുടെ കൈയ്യിൽ സ്വന്തം പണമുണ്ടായിരിക്കണമെന്നറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: അങ്ങനെ അവരുടെ കൈയ്യിലുള്ള പണം ചെലവാക്കാതെയാണ് ഭക്ഷണം കൊടുക്കുന്നത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എന്റെ അനുഭവത്തിൽ ഇങ്ങനെയാണെന്നു ഞാൻ പറഞ്ഞാൽ അതു വിശ്വസിക്കുവാൻ തയ്യാറുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു അവിശ്വസിക്കേണ്ട ആവശ്യമില്ല.

ശ്രീ. സി. അച്യുതമേനോൻ: ഈ പ്രതികൾക്കു ഭക്ഷണത്തിനായിട്ടു എന്തു തുകയാണു കൊടുക്കുന്നതു്?

ശ്രീ. ടി. എം. വറുഗീസ്: സാധാരണ തടവുകാർക്കു് കൊടുക്കുന്നതു പോലെതന്നെ കൊടുക്കുന്നുണ്ടു്?

ശ്രീ. ഇ. പി. വറുഗീസ്: ഇതു് ഏതു അക്കൌണ്ടിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു്?

ശ്രീ. ടി. എം. വറുഗീസ്: അതു് ബഡ്ജററിൽ നോക്കിയാൽ അറിയാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: നിരാഹാരസത്യാഗ്രഹവും മററും നടത്തിയ തൊഴിലാളികൾക്കു് അവരെ അറസ്റ്റുചെയ്യുന്ന അവസരം മുതൽ ഭക്ഷണം കൊടുക്കാറുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: അതു് എങ്ങനെയാണെന്നു് അറിഞ്ഞുകൂടാ.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഈയിടെ മണലൂരിൽവച്ചു് അറസ്റ്റുചെയ്ത ചില തൊഴിലാളികൾക്കു് ഒരു ദിവസം മുഴുവനും ആഹാരം കൊടുത്തിട്ടില്ലെന്നു് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: ഇല്ല.

ശ്രീ. ടി. വി. താമസ്: മജിസ്ട്രേട്ടിന്റെ ഉത്തരവനുസരിച്ചാണോ ആഹാരം നൽകുന്നതു്?

ശ്രീ. ടി. എം. വറുഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. താമസ്: റിമാൻറ് അനുവദിക്കുന്നതിനുമുമ്പു് ആഹാരം അനുവദിക്കാറുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: ൨൪ മണിക്കൂറിനുള്ളിൽ റിമാൻറിനു് ഹാജരാക്കണമെന്നുണ്ടു്. അതുകൊണ്ടു് ആ ദിവസംതന്നെ ആഹാരം കൊടുക്കാതിരിക്കയില്ല. അങ്ങനെ അറസ്റ്റുചെയ്ത ദിവസം ആഹാരം കൊടുക്കാതിരിക്കുന്നു എന്നു ബോദ്ധ്യപ്പെട്ടാൽ അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ടി. വി. താമസ്സ്: റിമാൻറ് അനുവദിക്കുന്നതിനു മുൻപു് ആഹാരം കൊടുക്കാൻ ഉത്തരവിടാൻ പ്രൊവിഷനുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: ഇതൊരു വാഗ്ദത്തമല്ല. റൂളുമല്ല. പക്ഷെ പതിവു് അങ്ങനെയാണ്. പ്രൊവിഷൻ ഉണ്ടായിരിക്കണം.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതിന്റെ ചുമതല ഇൻസ്പെക്ടർക്കാണോ മജിസ്ട്രേട്ടിനാണോ?

Mr. Speaker: That has already been answered.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: ഭക്ഷണം കൂടാതെ പുകയില മുതലായ സുഖസൗകര്യങ്ങൾ കൊടുക്കുവാൻ പ്രൊവിഷനുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനുവേണ്ടി ഒരു നിരാഹാരസത്യാഗ്രഹംപോലും ഉണ്ടായിട്ടുണ്ട്. അതും കൊടുക്കുന്നുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീമതി കെ. ആർ. ഗൗരി: റൂളനുസരിച്ച് കൊടുക്കുന്നു എന്നു പറഞ്ഞു. റൂളിലെന്താണു പറയുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: മററു തടവുകാർക്ക് കൊടുക്കുന്നതുപോലെ കൊടുക്കണമെന്നാണ്.

അദ്ധ്യാപകന്മാരുടെ ശമ്പളം.

*൨൯൯. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഇൻക്രിമെൻറു അനുവദിക്കാതെ പ്രതിമാസം അൻപതു ക്രൂപ സ്ഥിരശമ്പളത്തിൽ ബി. ഏ.ക്കാരായ അദ്ധ്യാപകന്മാരെ നിയമിക്കാൻ ആരംഭിച്ചതു എന്നു മുതലാണ്;

(ബി) ഇപ്പോൾ ഈപ്രകാരമുള്ള എത്ര അദ്ധ്യാപകന്മാരുണ്ട്;

(സി) ഇവർക്ക് ഇൻക്രിമെൻറു അനുവദിക്കാതിരിക്കാനുള്ള കാരണമെന്തു;

(ഡി) പ്രസ്തുത അദ്ധ്യാപകന്മാരുടെ അവശതകളെക്കുറിച്ച് വല്ല നിവേദനങ്ങളും ഗവണ്മെൻറിലേയ്ക്കു കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൧൯൨൯ അക്ടോബർ മുതൽ.

(ബി) ആ ശമ്പളത്തിൽ ൨൭൪ അദ്ധ്യാപകന്മാരുണ്ട്.

(സി) അവർക്ക് ഇപ്പോൾ ൫൦ മുതൽ ൧൦൦ വരെയുള്ള സ്കെയിൽ അനുവദിച്ചിട്ടുണ്ട്.

(ഡി., ഇ.) ഉദിക്കുന്നില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ ഗവണ്മെൻറ് ആർഡറിന് റിട്രോസ്പെക്ടീവ് എഫക്ററ് കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആ കാര്യം ആലോചിച്ചിട്ടില്ല.

വെറററിനറി ഡിപ്പാർട്ടുമെൻറ്.

*൯൦൦. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിലെ ആനിമൽ ഹസ്ബൻഡറി വകുപ്പിലേയ്ക്ക് ഇൻഡ്യാഗവൺമെൻറിൽനിന്നും ൧൯൫൧-൫൨-ലേയ്ക്ക് എത്ര പദ്ധതികൾ നടത്താൻ അനുവദിച്ചിരുന്നു;

(ബി) അവ ഏതെല്ലാം; എവിടെയെല്ലാം;

(സി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എന്തു തുക സബ്സിഡി ഇനത്തിൽ ഇൻഡ്യാഗവൺമെൻറ് അനുവദിച്ചിരുന്നു;

(ഡി) ഓരോ പദ്ധതിയുടെയും പ്രവർത്തനം എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇൻഡ്യാഗവൺമെൻറിൽനിന്നും ഒരു പദ്ധതിമാത്രമേ അനുവദിച്ചിരുന്നുള്ളു. എന്നാൽ ഇൻഡ്യൻകാർഷികഗവേഷണ വകുപ്പിൽനിന്നും നാലു പദ്ധതികൾ കൂടി അനുവദിച്ചിരുന്നു.

(ബി) ഇൻഡ്യാഗവൺമെൻറിൽനിന്നും അനുവദിച്ച പദ്ധതി കീ ഫാം സെൻറേഴ്സ് ആണ്. അവ ഒല്ലൂക്കര, വൈററില, കോട്ടയം, തിരുവനന്തപുരം ഈ സ്ഥലങ്ങളിൽ ആരംഭിച്ചു.

ഇൻഡ്യൻ കാർഷികഗവേഷണോപദേശകസമിതി (I. C.A.R.) യിൽനിന്നും അനുവദിച്ച പദ്ധതികൾ:

(൧) പയലററ് കീ വില്ലേജ് (Pilot Key Village), പാണഞ്ചേരി, തിരുമല.

(൨) ആട്ടവികസനപദ്ധതി (Goat Inprovement Scheme), ഒല്ലൂക്കര.

(൩) കോഴിവികസനപദ്ധതി (Poultry Development Scheme), ഒല്ലൂക്കര.

(൪) രോഗാന്വേഷണപദ്ധതി (Disease Investigation Scheme), തിരുവനന്തപുരത്തു തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി)

(൧)	കീ ഫാം സെൻറേഴ്സ്	൫ കൊല്ലത്തേയ്ക്ക്		൧,൫൭,൭൧൨ രൂ.
(൨)	പയലററ് കീവില്ലേജ്	൫	,,	൫൬,൦൧൦ രൂ.
(൩)	ആട്ടവികസനപദ്ധതി	൩	,,	൩൨,൭൦൨ രൂ.
(൪)	കോഴിവികസനപദ്ധതി	൩	,,	൨൫,൧൬൦ രൂ.
(൫)	രോഗാന്വേഷണപദ്ധതി	൩	,,	൧൦,൯൫൦ രൂ.

(ഡി) (൧) കീ ഫാം സെൻറേഴ്സ്. ഈ പദ്ധതി ൧൨-൫൨ മുതൽ സ്റ്റേററിൻെറ നാലു ദിക്കുകളിൽ ആയി തുടങ്ങിയിട്ടുണ്ട്. കൃത്രിമ

ഗർഭോല്പാദനസമ്പ്രദായം നടപ്പിലാക്കിയതു. ഇതിലേയ്ക്കു വേണ്ട വിത്തുകാളകളെ ഓരോ സ്ഥലത്തും നിറുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം അഞ്ചുകൊല്ലത്തേയ്ക്കു നിലനിൽക്കുന്നു.

(൨) പയലറ്റ് പിഗ്ഗ്ബ്രീഡിങ്ങ് സ്കീം. ൧-൯-൫൧ മുതൽ പാറശ്ശേരിയിലും തിരുവല്ലായിലും തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിക്കു വേണ്ടതായ വിത്തുകാളകളെ അതാതു സ്ഥലത്തുള്ള കൃഷിക്കാരെ ഏല്പിച്ചിട്ടു അതിലേയ്ക്കു പ്രതിമാസം ൪ രൂപാ വീതം സഹായധനവും കൊടുത്തുവരുന്നു. കൂടാതെ കൃത്രിമഗർഭോല്പാദനകേന്ദ്രങ്ങളിൽനിന്നു നല്ല ഇനത്തിലുള്ള വിത്തുകാളകളുടെ ബീജം പ്രയോഗിച്ചു ഗർഭോല്പാദനം വേണ്ട ഏർപ്പാടുകളും ചെയ്തുവരുന്നുണ്ട്.

(൩) ആടുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതി (Goat Improvement Scheme) ൧-൬-൫൧ മുതൽ ആരംഭിച്ചു. ഈ പദ്ധതിയുടെ ഉദ്ദേശം നല്ല ഇനത്തിലുള്ള ആടുകളെ ഉൽപ്പാദിപ്പിക്കുകയാകുന്നു.

(൪) കോഴിവളർത്തൽ അഭിവൃദ്ധിപ്പെടുത്തൽപദ്ധതി (Poultry Development Scheme) ഈ പദ്ധതി കഴിഞ്ഞ മാസത്തിൽ കൊട്ടാരക്കരയിൽ ഒല്ലൂരാ ആരംഭിച്ചു. നല്ല ഇനത്തിലുള്ള കോഴികളെ ഉൽപ്പാദിപ്പിക്കുകയും അവയെ നാട്ടിൽ വിതരണം ചെയ്യുകയും ചെയ്യുന്ന ഒരു പദ്ധതിയാണ് ഇതു്. നല്ല ഇനത്തിലുള്ള കുറെ കോഴിക്കുഞ്ഞുങ്ങളെ ഇപ്പോൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ചുരുങ്ങിയ വിലയ്ക്കു (൦-൪-൦) മുട്ട ഇപ്പോൾ വിതരണം ചെയ്യുന്നു.

(൫) രോഗാന്വേഷണപദ്ധതി (Disease Investigation Scheme). ഈ പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതിലേയ്ക്കു വേണ്ട സാമഗ്രികൾ ഇതുവരെ വാങ്ങിക്കഴിഞ്ഞില്ല. ഉടനെതന്നെ നടപ്പിൽ വരുത്തണമെന്നാണ് പ്രതീക്ഷ.

ശ്രീ. ആർ. ഗംഗാധരൻ : കൃത്രിമഗർഭോല്പാദനപദ്ധതി നടപ്പിൽ വരുത്തിയിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ : ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. ആർ. ഗംഗാധരൻ : കഴിഞ്ഞ ബഡ്ജറ്റിൽ ഇതിലേയ്ക്കു് തുക ചെലവാക്കിയിട്ടുള്ളതായി കാണുന്നുണ്ട്. അതു് ഏതിനത്തിലാണു ചെലവാക്കിയതു്?

ശ്രീ. എ. ജെ. ജാൺ: അതു് ഈ ഇനത്തിലല്ലെന്നാണു കാണുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ : ഈ പദ്ധതിയനുസരിച്ചു് എത്ര പശുക്കൾക്കു് ഗർഭമുണ്ടാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : അതു അന്വേഷിച്ചു പറയാം.

ശ്രീ. ആർ. കേശവപിള്ള : ഓരോ താലൂക്കിലും ഓരോ വിത്തുകാളയെ കൊടുക്കാൻ സാധിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതു സാദ്ധ്യമാണോ എന്നറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻ നാടാർ : ആനിമൽ ഹസ്ബൻഡറി ഏതു ഡിപ്പാർട്ടുമെൻറിലാണു നടത്തുന്നതു്?

ശ്രീ എ. ജെ. ജാൺ : വെററിനറി ഡിപ്പാർട്ടുമെൻറിൽനിന്നാണു്

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ പദ്ധതി തെക്കൻതിരുവിതാംകൂറിൽ നടപ്പിൽ വരുത്താതിരിക്കാൻ കാരണമെന്താണു് ?

ശ്രീ. എ. ജെ. ജാൺ: അതിനു പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : കൃത്രിമഗർഭോൽപ്പാദനം കന്നുകാലികളിലല്ലാതെ കോഴി മുതലായവയിൽ പ്രയോഗിച്ചു നോക്കിയിട്ടുണ്ടോ ?

Mr. Speaker : That is a different aspect.

ശ്രീ. എ. കുഞ്ഞൻ നാടാർ : തെക്കൻ തിരുവിതാംകൂറിൽ വിത്തുകാളകൾ ധാരാളമുണ്ടെന്നുള്ള ധാരണയിലാണോ അവിടെ കൃത്രിമഗർഭോൽപ്പാദനപദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കാത്തതു് ?

ശ്രീ എ. ജെ. ജാൺ : അവിടെ വിത്തുകാളകൾ ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. ഗണപതി : വിത്തുകാളകളെ എവിടെനിന്നാണു് ഇറക്കുമതി ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ : കറാച്ചിയിൽനിന്നും, സിൻഡിൽനിന്നും.

ശ്രീ. ഗണപതി : ആസ്ത്രേലിയായിൽ നിന്നു് ഇറക്കുമതി ചെയ്യുമോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ ഈ സ്ഥലങ്ങളിൽ നിന്നാണു വരുത്തുന്നതു്.

സി. പി. റൈസ് ഡീൽ.

* ൯൦൧. [൪] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സക്കാർ ഈയിടെ നടത്തിയ സി. പി. റൈസ് ഡീൽ എത്ര ടൺ അരിയുടേതാണു്;

(ബി) എന്തു നഷ്ടം സക്കാരിനു് ഈ ഇടപാടിൽ ഉണ്ടായിട്ടുണ്ടു്;

(സി) സാധാരണ ഗതിയിൽനിന്നും വിഭിന്നമായ രീതിയിലാണോ ഈ കച്ചവടത്തിൽ അരി ഏററവാങ്ങിയതു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ ആണ്ടിൽ ഇതുവരെ ഇൻഡ്യാഗവണ്മെൻറ് മദ്ധ്യപ്രദേശത്തുനിന്നും ഈ സംസ്ഥാനത്തേയ്ക്കു് ൩൧,൦൦൦ ടൺ അരി അനുവദിച്ചിട്ടുണ്ടു്.

(ബി) വാങ്ങിയ വിലയിൽനിന്നും എത്രയോ കുറഞ്ഞ നിരക്കിലാണു് ഗവണ്മെൻറ സംസ്ഥാനത്തു അരി വിററുവരുന്നതു്. തൻമൂലം ഗവ

ണ്മെൻറിന് ഈ ഇനത്തിൽ വളരെ നഷ്ടമുണ്ട്. എന്നാൽ മദ്ധ്യപ്രദേശത്തുനിന്നും വരുത്തിയ അരിയുടെ വില്പനയിലുള്ള നഷ്ടം വിദേശത്തുനിന്നും ഇറക്കുമതിചെയ്യുന്ന അരിയെ അപേക്ഷിച്ച് വളരെ കുറവാണ്. അരിമുഴുവനും വന്നുചേർന്നിട്ടില്ലാത്തതിനാൽ നഷ്ടം ഇപ്പോൾ കണക്കാക്കാൻ പ്രയാസമാണ്.

(സി) അല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ഗോഡൗണിൽ ആരാണം അരി ഏറെടുക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിദേശങ്ങളിലുള്ള അരിയെ സംബന്ധിച്ചിടത്തോളം അങ്ങനെയാണ്. എന്നാൽ ഇൻഡ്യയ്ക്കകത്തുനിന്ന് അരി വാങ്ങിക്കുകയാണെങ്കിൽ അതിന് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ അയയ്ക്കുകയും അവർ അവിടങ്ങളിൽ ചെന്ന് അരി വാങ്ങിച്ച് വാഗണുകൾ സമ്പാദിച്ച് ഇങ്ങോട്ടയയ്ക്കുകയുമാണു ചെയ്യുന്നത്.

ശ്രീ. കെ. കെ. കുമാരപിള്ള: സി. പി. റൈസ് അടുത്തകാലത്ത് വരുത്തിയപ്പോൾ, വളരെ അരി കുറവുണ്ടായിരുന്നുവെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറവുണ്ടായിരുന്നില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: സി. പി.-യിൽനിന്നും വരുത്തുന്ന അരിക്ക് ചാക്കൊന്നിന് എത്ര രൂപ വിലയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മന്നുകണക്കുപ്രകാരം മദ്ധ്യപ്രദേശത്തുനിന്നും വരുന്ന അരിക്ക് ൧൬ രൂപ ൨ണ വിലയാണ്. അതിൻെറ കടത്തുചെലവെല്ലാം കണക്കാക്കി ഇവിടെ വിൽക്കുന്നത് ൧൬ രൂപ ൧൪ണ. ൩ പൈ. ആയിട്ടാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: വിദേശത്തുനിന്നും വരുന്ന അരിക്ക് എത്ര വിലയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നല്ല അരി ഒരു മന്നിന് ൨൭ രൂ. ൪ണ. വിലയാണ്. അതിനു താഴെ ൨൪ രൂപ, ൨൨ രൂപ ഈ ക്രമത്തിനും ഉണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: രണ്ടുതരം അരി വരുത്തുന്നുണ്ടെന്നു പറഞ്ഞു. അവ രണ്ടും വിൽക്കുന്ന നിരക്കെന്ത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിൽക്കുന്നതെല്ലാം ഒരേ വിലയ്ക്കാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: സെൻട്രൽ പ്രോവിൻസിൽനിന്നും വാങ്ങുന്ന അരിയുടെ വില നിയന്ത്രിക്കുന്നത് കേന്ദ്രഗവണ്മെൻറാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വില തിട്ടപ്പെടുത്തുന്നത് ഇൻഡ്യാഗവണ്മെൻറിൻെറ സമ്മതത്തോടുകൂടിയാണ്.

ശ്രീ. പി. വി. അവിരാ തരകൻ: പുറത്തുനിന്നുംവരുന്ന അരിയുടെ വില ഇവിടത്തെ കർഷകരിൽനിന്നും എടുക്കുന്ന അരിയെക്കാൾ കൂടുതലോ, കുറവോ?

Mr. Speaker: That question need not be answered.

ஸ்ரீ. வி. சங்கர்: Authority அனுமதி வாங்கப்பட்டிருந்தா அல்லது நேரில் வாங்கப்பட்டிருந்தா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൽനിന്നാണ് [illegible].

ஸ்ரீ. வி. சங்கர்: எவராவது உத்தியோகஸ்தர் அங்கு அனுப்பப்படுவதுண்டா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ പരിശോധിക്കുന്നതിനായിട്ട് ഉദ്യോഗസ്ഥന്മാരെ അയയ്ക്കാറുണ്ട്.

ശ്രീ. പി. ഭാസ്കരൻ നായർ: നമുക്ക തന്നതു രണ്ടാംതരം അരിക്കാ, ഒന്നാംതരം അരിയുടെ വില അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടാംതരം അരിക്ക് രണ്ടാംതരം അരിയുടെ വിലതന്നെയാണ് കൊടുക്കുന്നതു്; ഒന്നാംതരം അരിയുടെ വില ആവശ്യപ്പെട്ടിട്ടുള്ളതായി [illegible].

വണ്ടികളുടെ എണ്ണം.

* ൯൦൨. [൭] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറ്റ്ട്രാൻസ്പോർട്ടിനായി ഉപയോഗയോഗ്യമായ എത്ര വണ്ടികൾ ഇപ്പോൾ ഉണ്ട്;

(ബി) ഏതെല്ലാം ലൈനിൽ എത്ര വണ്ടികൾവീതം ഓടുന്നു;

(സി) എത്ര വണ്ടികൾകൂടി ഉണ്ടെങ്കിൽ ആവശ്യത്തിനു തികയും?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൧൨൫ വണ്ടികൾ.

(ബി) ൨൧൮ വണ്ടികൾ: നാഗർകോവിൽ ൧൦, തിരുവനന്തപുരം (സെൻട്രൽ) ൩൭, തിരുവനന്തപുരം സിററി ൧൫, കൊല്ലം ൨൭, ആലപ്പുഴ ൨൧, ആലുവാ ൪൦, എറണാകുളം ൯, കൊട്ടാരക്കര ൫൯, കോട്ടയം ൨൨.

(സി) ൫൪൭ വണ്ടികൾ.

ശ്രീ. കെ. കെ. കുമാരപിള്ള: കഴിഞ്ഞ അസംബ്ലിയിൽ അടുത്ത സെഷനുമുമ്പായി ൧൦ വണ്ടികൾ വരുത്തുവാനുദ്ദേശിച്ചിട്ടുണ്ടെന്നു് പറഞ്ഞതനുസരിച്ചു് വരുത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മിക്കവാറും വണ്ടികൾ വന്നുചേർന്നിട്ടുണ്ട്. ഇനിയും വരാനുമുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: അതിൽ ഏതെങ്കിലും വണ്ടി ഇപ്പോൾ ലൈനിൽ ഓടുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചിലതെല്ലാം ഓടുന്നുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ആലപ്പുഴ ലൈനിൽ ൨൧ വണ്ടികളേ ഉള്ളൂ; അവിടത്തെ ജനങ്ങൾക്ക് അതിൽ സാമാന്യമായി സഞ്ചരിക്കാൻ സൗകര്യമുണ്ടെന്നാണോ ഗവണ്മെന്റിന്റെ വിശ്വാസം?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സൗകര്യങ്ങൾ പക്ഷെ കുറവായിരിക്കാം.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ ൨൧ വണ്ടികൾ മതിയാകുന്നില്ലെന്നു ഗവണ്മെന്റിന് ബോദ്ധ്യമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അടുത്തകാലത്തു് കൂടുതൽ വണ്ടികൾ ഇടാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ഉപയോഗശൂന്യമായി കിടക്കുന്ന വണ്ടികൾ നന്നാക്കിയെടുക്കുവാൻ കഴിയുമോ എന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കേടുവന്നവ നന്നാക്കിയെടുക്കുവാൻ കഴിവുള്ളതാണ്. നന്നാക്കിയിട്ടുള്ളവയെല്ലാം ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: പുതിയ വണ്ടികൾ വരുത്തിയതിൽ ഏതെങ്കിലും വണ്ടി ആലപ്പുഴ ലൈനിൽ ഓടുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആലപ്പുഴയ്ക്കു വേണ്ട വണ്ടികൾ അയച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: പുതിയ വണ്ടികൾ ഒന്നുംതന്നെ ആലപ്പുഴലൈനിൽ ഓടുന്നതായി ഞങ്ങൾ കാണാറില്ല.

Mr. Speaker: The hon. Member is not in order to deny the information supplied by the Minister in charge of the department.

ശ്രീ. എൻ. രാജഗോപാലൻ നായർ: കൊട്ടാരക്കരലൈനിൽ ഇത്ര കുറച്ചു വണ്ടികൾ ഇടുവാൻ കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കോട്ടയത്തുനിന്നുള്ള വണ്ടികളും, കൊല്ലം-ചെങ്കോട്ട ലൈനിൽ ഓടുന്ന വണ്ടികളും കൊട്ടാരക്കര വഴിയാണ് പോകുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: കൊട്ടാരക്കരലൈനിൽ വണ്ടി പോരാതെവരുന്നുണ്ടെന്നു പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: കൊട്ടാരക്കരയിൽ വളരെ കുറച്ചു വണ്ടികൾമാത്രമെ കാണുന്നുള്ളൂ; അതു മതിയാകുമെന്നു് തോന്നുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റൊട്ടേഷനിൽ നോക്കിയാൽ വണ്ടികൾ കുറവായിട്ടേ കാണുകയുള്ളു. ലൈനിൽ ഓടുന്ന വണ്ടികൾ വേറെയും ഉണ്ടാകും.

ശ്രീ. കെ. മാധവനുണ്ണിത്താൻ: കൊട്ടാരക്കര വണ്ടിയിൽ യാത്ര ചെയ്യുന്നതിന് വിഷമമുണ്ടെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

•ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഈ ൩൨൮ വണ്ടികളിൽ ഉപയോഗശൂന്യമായിട്ടുള്ളവ എത്രയുണ്ട് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉപയോഗയോഗ്യമായ വണ്ടികളാണ് ഈ ൩൨൮-ം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ൩൨൮ വണ്ടികളിൽ ഓടിയാൽ നിൽക്കാത്തതും, നിന്നാൽ ഓടാത്തതുമായ എത്ര വണ്ടികളുണ്ട് ? (ചിരി)

Mr. Speaker : The drivers may be asked about it.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഉപയോഗമില്ലാത്ത വണ്ടികളുടെ സ്പെയർപാർട്ട്സ് എവിടെനിന്നാണ് വരുത്തുന്നത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉപയോഗമില്ലാത്ത വണ്ടികളുടെയല്ല, ഉപയോഗമുള്ള വണ്ടികളുടെ സ്പെയർപാർട്ട്സാണ് വരുത്തുന്നത്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഉപയോഗമില്ലാത്ത വണ്ടികൾ നന്നാക്കിയെടുക്കാൻ സാദ്ധ്യതയില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നന്നാക്കി എടുക്കുകയാണ് ചെയ്യുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഉപയോഗമില്ലാത്ത വണ്ടികൾ കൊട്ടാരക്കരയിൽ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഏതെങ്കിലുമുണ്ടോ ?

Mr. Speaker : Order, order.

ശ്രീ. എ. താണുപിള്ള: ൨൧൮ വണ്ടികൾ എല്ലാം ഇപ്പോൾ ഓടിക്കൊണ്ടിരിക്കുകയാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആകെ എല്ലാ ലൈനിലുംകൂടി ഓടുന്ന വണ്ടികളുടെ എണ്ണമാണ് പറഞ്ഞത്.

ശ്രീ. എ. താണുപിള്ള: ഇനി ൧൧൦ വണ്ടികൾകൂടി ലൈനിൽ ഇറക്കുവാൻ എത്രകാലം വേണ്ടിവരും ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇക്കൊല്ലം സാധിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. എ. താണുപിള്ള: അതിനകം ഈ ൨ ൧ ൪ വണ്ടികളുംകൂടി ചിന്തയാകുമോ?

(ഉത്തരമില്ല)

ശ്രീ. എ. താണുപിള്ള: ആവശ്യമുള്ള മുഴുവൻ വണ്ടികളും റോഡിൽ ഇറക്കാൻ എത്രകാലം വേണം?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എല്ലാം ഇക്കൊല്ലം സാധിക്കുമെന്നാണു തോന്നുന്നതു്.

ശ്രീ. ടി. ഫി. തോമസ്: ആർഡർ ചെയ്തിട്ടുള്ളതിൽ എത്ര വണ്ടികൾ കിട്ടിയിട്ടുണ്ടു്; ഇനി എത്ര വണ്ടികൾ കിട്ടാനുണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിഞ്ഞ പ്രാവശ്യം ൻ ൦ വണ്ടികൾ വന്നതിൽ ൪വ്വ വണ്ടികളേ ഉളം റോഡിൽ ഇറക്കിയിട്ടുണ്ടു്?

ശ്രീ. ടി. ഫി. തോമസ്: ഇനി എത്ര വണ്ടികൾ, ആർഡർ ചെയ്തിട്ടുള്ളതനുസരിച്ചു് ബാക്കി കിട്ടുവാനുണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൫൫ വണ്ടികൾ.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ: സർ, ഉപയോഗമില്ലാത്ത വണ്ടികൾ വെയിററിംഗ്ഷെഡ്ഡായി ഉപയോഗിക്കാമോ? (ചിരി)

ശ്രീ. കളത്തിൽ വേലായുധൻ നായർ: കരുനാഗപ്പള്ളി മെമ്പർക്കു് സമ്മതമാണെങ്കിൽ, അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു് അവിടെ ഒരു വെയിററിംഗ്ഷെഡ്ഡുണ്ടാക്കാൻപററിയ വണ്ടിയുണ്ടോ എന്നു അന്വേഷിക്കാം. (ചിരി)

ശ്രീ. ഒ. സി. നൈനാൻ: ആവശ്യമുള്ളിടത്തോളം വണ്ടികൾ വരുത്തുവാൻ യത്ഥാത്ഥത്തിൽ എന്തു പ്രയാസമാണുള്ളതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നേരിട്ടുവരുത്തുവാൻ കുറച്ചു് വിഷമമുള്ളതുകൊണ്ടു് ആർഡർചെയ്യാൽതന്നെയും കിട്ടുവാൻ പ്രയാസമുണ്ടു്.

Shri M. M. Abdul Khader: On a point of order, Sir. Is it correct parliamentary procedure to deny the Leader of the Opposition the right to put questions?

Mr. Speaker: According to parliamentary practice, the conduct of the business of the House is entirely within the discretionary control of the Speaker. There is no authority superior to the Speaker in the House.

Shri M. M. Abdul Khader: I am not questioning the Speaker's discretionary powers.

Mr. Speaker: Order, order,

ശ്രീ. ഒ. സി. നൈനാൻ: ഈ പ്രയാസങ്ങളെക്കരുതി അടുത്ത കൊല്ലത്തേയ്ക്കു് മുൻകൂട്ടിത്തന്നെ നമുക്കു് ആവശ്യമുള്ള വണ്ടി കിട്ടത്തക്കവണ്ണം ആർഡർ കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : നേരത്തെ ഓർഡർ ചെയ്യാൻ ശ്രമിക്കാം.

ஸ்ரீ. ஸி. சங்கர் : இந்த வண்டிகள் நாகர்கோவில் லைனில் சரியாக ஓடினதுண்டா?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഈ വണ്ടി ചീത്തയാകുന്നതിനുമുമ്പ് ഓടിയിട്ടുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യ : നാഗർകോവിൽ—തിരുവനന്തപുരം ലൈനിൽ എത്ര എക്സ്പ്രസ്സ് ബസ്സുകൾ ഓടുന്നുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. എ. കുഞ്ഞൻ നാടാർ : നാഗർകോവിൽ—തിരുവനന്തപുരം ലൈനിൽ ഓടുന്ന സാധാരണ ഒരുനില വണ്ടിയിന്മേൽ ഡബിൾ ഡക്കർ എന്നു എഴുതിവച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഡബിൾ ഡക്കറിനു ടിക്കറ്റ് വാങ്ങിച്ചിട്ടുള്ള ആളുകൾ ഉണ്ടാകാം. അവർക്കു വഴിയായിരിക്കാം അങ്ങനെ എഴുതിവച്ചിരുന്നത്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഓവർലോഡ് നിറുത്തിയതിനു ശേഷം കൂടുതലായി എത്ര ബസ്സുകൾ ലൈനിൽ ഓടുന്നതിനു കൊടുത്തിട്ടുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : എത്രയെണ്ണം കൊടുത്തിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ஸ்ரீ. கணபதி : இந்த வண்டிகளை எல்லாம் திரும்ப வீற்றுவல்—

Mr. Speaker: Odrer, order. Mr. Kesava Pillai.

ശ്രീ. ആർ. കേശവപിള്ള : പുതിയ ബസ്സുകൾ വന്നു എന്നു പറഞ്ഞല്ലോ. അതിൽ എത്രയെണ്ണം ലൈനിൽ ഓടിത്തുടങ്ങിയിട്ടുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു ഇതിനിടെ ഞാൻ പറഞ്ഞുകഴിഞ്ഞു.

Mr. Speaker: Now, we have exhausted all supplementaries on that question. Next question, please.

കുഴൽക്കിണറുകൾ.

*൯൦൩. [൩] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ രാജ്യത്തെ ഏതെല്ലാം ഭാഗങ്ങളിൽ കുഴൽക്കിണറുകൾ ഉണ്ടാക്കുന്നതിനു ഗവണ്മെന്റുദ്ദേശിക്കുന്നു;

(ബി) കുട്ടനാട്ടിൽ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ സർക്കാരിനു വല്ല പദ്ധതിയും ഉണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) തൽക്കാലം കൊല്ലം, ചിറയിൻകീഴ്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, അമ്പലപ്പുഴ, കോട്ടയം എന്നീ താലൂക്കുകളിൽ.

(ബി) കുട്ടനാട്ടിലും കൈനകരിയിലും പരീക്ഷണാർത്ഥം കുഴൽക്കിണറുകൾ നിർമ്മിക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്. കോട്ടയത്തും കുമരകത്തും പരീക്ഷണാർത്ഥം കുഴൽക്കിണർ കുഴിക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: പരീക്ഷണാർത്ഥം കുട്ടനാട്ടിലെ ജലക്ഷാമത്തിന് കുഴൽക്കിണർ കുഴിക്കുവാൻ തീരുമാനിച്ചു എന്നു പറഞ്ഞു. ഈ രാജ്യത്തെ എതെല്ലാം ഭാഗങ്ങളിൽ കുഴൽക്കിണറുകൾ ഉണ്ടാക്കുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നു എന്നാണ് ചോദ്യം? അതിനു ഗവണ്മെൻറ പറഞ്ഞതു് പരീക്ഷണാർത്ഥം കുഴൽക്കിണറുകൾ കുഴിക്കുവാൻ തീരുമാനിച്ചു എന്നാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : പരീക്ഷണം നടത്തിയതിനു ശേഷമേ അതു് പറയുവാൻ സാധിക്കുകയുള്ളു.

ശ്രീ. കെ. കെ. കുമാരപിള്ള : വളരെ മുമ്പ് മങ്കൊമ്പിൽ ഒരു പരീക്ഷണം നടത്തുകയുണ്ടായി. അതുപോലെയുള്ള പരീക്ഷണമാണോ ഇവിടെയും നടത്താൻ തീരുമാനിച്ചതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പരീക്ഷണം പരാജയപ്പെട്ടുന്ന സ്ഥലത്തു് വീണ്ടും പരീക്ഷണം നടത്തുന്നുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള : മങ്കൊമ്പിൽ പരീക്ഷണം നടത്തി പരാജയപ്പെട്ട ആളെ തന്നെയാണോ ഇവിടെയും പരിക്ഷണത്തിന് നിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അല്ല; വേറെ ആളെയാണ്.

ശ്രീ. പി. വി. അവിരാ തരകൻ : ശുദ്ധജലം കിട്ടാത്ത ചേർത്തല താലൂക്കിനെ പരീക്ഷണം നടത്താൻ തീരുമാനിച്ച സ്ഥലങ്ങളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ എന്താണ് കാരണം ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പരീക്ഷണം നടത്തിയതിൽ കുഴൽക്കിണറ് കുഴിച്ചാൽ അവിടെ ശുദ്ധജലം കിട്ടുകയില്ല എന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ആ സ്ഥലം ഇതിൽനിന്നു ഒഴിവാക്കിയതു്.

ശ്രീ. എം. എം. അബ്ദുൽ ഖാദർ : ഈ പരീക്ഷണ ിനു് ആവശ്യമായ കുഴൽക്കിണറുകൾ ചേർത്തലയിൽ തീർത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ആവശ്യമുള്ള പരീക്ഷണം നടത്തിക്കഴിഞ്ഞതിനുശേഷം വേണം കിണർ കുഴിക്കാൻ. പരീക്ഷണം നടത്തിയതിൽ ആലപ്പുഴയ്ക്കു വടക്കോട്ടുള്ള സ്ഥലത്തു് കുഴൽക്കിണർ കുഴിച്ചാൽ ശുദ്ധജലം കിട്ടുന്നതല്ല എന്നാണ് ബോദ്ധ്യമായിട്ടുള്ളതു്. അതുകൊണ്ടു ചേർത്തലയിൽ കുഴൽക്കിണർ കുഴിയിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: കുഴൽക്കിണർ കുഴിക്കാനുള്ള സ്ഥലം ഗവണ്മെൻറ തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ എന്താണ് ഗവണ്മെൻറ് അവിടെ ചെയ്യുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുഴൽക്കിണർ കുഴിക്കേണ്ടതു് ആവശ്യമാണെന്നു തോന്നിയാൽ കിണർ കുഴിച്ചാൽ അവിടെ ശുദ്ധജലം കിട്ടുമൊ എന്നു് ആദ്യമായി പരീക്ഷണം നടത്തും.

ശ്രീ. ടി. വി. താമസ്: ആലപ്പുഴയ്ക്കു വടക്കുവശം കുഴൽക്കിണർ കുഴിച്ചാൽ ശുദ്ധജലം കിട്ടുവാൻ സാദ്ധ്യമല്ലെന്നു പറഞ്ഞു. ആ ഭാഗങ്ങളിലുള്ള ആളുകൾക്കു് ശുദ്ധജലം കൊടുക്കുവാൻ ഗവണ്മെൻറിനു വേറെ വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ ഭാഗങ്ങളിൽ വേറെ സ്ഥലങ്ങളിൽനിന്നു വെള്ളം കൊണ്ടുപോയി കൊടുക്കുകയോ പൈപ്പ് ഇടുകയോ ചെയ്യണം. അവിടങ്ങളിലൊക്കെ പൈപ്പ് ഇടുന്നതിനുള്ള പദ്ധതിയാണ് ഉള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിൽ എവിടെയെല്ലാമാണ് കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ പോകുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതെല്ലാം സ്ഥലങ്ങളിലാണെന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. ഗംഗാധരൻ: ആ താലൂക്കിൽ പല സ്ഥലങ്ങളിലും കുഴൽക്കിണർ സ്ഥാപിക്കുന്നുണ്ടു് എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതു് എവിടെയൊക്കെയാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ നടത്തുന്നതു് പരീക്ഷണമാണ്.

ശ്രീ. ആർ. ഗംഗാധരൻ: അതു് എവിടെയൊക്കെയാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: കൊടുങ്ങല്ലൂർ താലൂക്കിൽ എവിടെയെങ്കിലും കുഴൽക്കിണർ കുഴിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: കൊടുങ്ങല്ലൂർ താലൂക്കിൽ ശുദ്ധജലത്തിനു് ക്ഷാമമുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ക്ഷാമമുണ്ടെന്നു് അറിയാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ആലപ്പുഴയ്ക്കു് വടക്കോട്ട് എന്നു് പറഞ്ഞു. ആ സ്ഥലം തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ടതാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതെ. വയ്പിൻകരയിൽ കുഴൽക്കിണർ കുഴിച്ചാൽ ശുദ്ധവെള്ളം കിട്ടുമോ എന്നുള്ളതിനു് പരീക്ഷണം

നടത്തിയതിൽ അതു് വിജയപ്രദം ആകയില്ലെന്നു കണ്ടു. അതുകൊണ്ടു അവിടെ ഇപ്പോഴം വേറെ സ്ഥലത്തുനിന്നു വെള്ളം കൊണ്ടുപോയി കൊടുക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: പറവൂർ താലൂക്കിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതു് വിജയപ്രദമാണെന്നു് നോക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പറവൂർ താലൂക്കിൽ ശുദ്ധജലത്തിനു് ബുദ്ധിമുട്ടു് ഇല്ലെന്നാണു് വിചാരിക്കുന്നതു്. അതുകൊണ്ടു് അവിടെ പരീക്ഷണം നടത്തിയിട്ടില്ല.

ശ്രീ. ഇ. പി. വർഗ്ഗീസു്: കുട്ടനാടു പ്രദേശത്തെപ്പോലെ ജലക്ഷാമമുള്ള ഒരു പ്രദേശമാണു് കടമക്കുടി എന്നു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. എ. താണുപിള്ള: കുഴൽക്കിണർ ചില സ്ഥലങ്ങളിൽ വിജയപ്രദമല്ലാത്തതു് മണ്ണിന്റെ ദോഷംകൊണ്ടോ അതോ വെള്ളത്തിന്റെ ദോഷംകൊണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പത്തമ്പതടി കുഴിച്ചുനോക്കിയിട്ടും മോശമായിട്ടുള്ള വെള്ളമാണു് കാണുന്നതു് എന്നാണു് പോർട്ടു അതാറിട്ടീസിന്റെ റിപ്പോർട്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ചേർത്തലയിൽ കുഴൽക്കിണറിനു് കുഴിച്ചുനോക്കിയതു് എവിടെയാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചേർത്തലയിൽ കുഴിച്ചുനോക്കിയിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: കന്യാകുമാരിയിൽ ഈ കുഴൽക്കിണറിന്റെ പരീക്ഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ വേറെ ഒരു പരീക്ഷണം നടത്തുന്നുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യ: തെക്കൻതിരുവിതാംകൂറിൽ ഏതെങ്കിലും സ്ഥലങ്ങളിൽ കുഴൽകിണറിന്റെ പരീക്ഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അവിടെ ചില ഭാഗങ്ങളിൽ നല്ല വെള്ളം കൊടുക്കുന്നതിനുള്ള പരീക്ഷണം നടത്തുന്നുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: ഒരു കുഴൽക്കിണറിനു് എന്തു ചെലവു വരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു കുഴൽക്കിണറിനു് ഏഴായിരം രൂപായ്ക്കു മുകളിൽ ചെലവുവരും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ആണ്ടിൽ ആറു മാസക്കാലത്തോളം ശുദ്ധജലം കിട്ടുകയില്ല എന്ന പരിഗണനയിൽ ആദ്യമായി പരീക്ഷണം നടത്താൻ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളുടെ കൂട്ടത്തിൽ കുട്ടനാടിനെക്കൂടി ഉൾപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : വർഷം മുഴുവനും വെള്ളം കിട്ടുവാൻ വിഷമമുള്ള സ്ഥലങ്ങളുടെ കാര്യം ആലോചിച്ചതിനുശേഷമേ ആറുമാസക്കാലം ബുദ്ധിമുട്ടുള്ള സ്ഥലത്തിന്റെ കാര്യം ആലോചിക്കുവാൻ തരമുള്ളു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : കോട്ടയത്തും കുമരകത്തും പരീക്ഷണം നടത്തിയതിനുശേഷം കുട്ടനാടിന്റെ കാര്യം ആലോചിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ആലോചിക്കാം.

ശ്രീ. പി. വി. അവിരാത്തരകൻ : ചേർത്തല താലൂക്കിൽ കുഴൽക്കിണറിന്റെ പരീക്ഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നു ആദ്യം പറഞ്ഞു. ഇപ്പോൾ ആലപ്പുഴയും വടക്കോട്ടു പരീക്ഷണം നടത്താൻ സാദ്ധ്യമല്ല എന്നു പറഞ്ഞു. ഈ രണ്ട് അഭിപ്രായത്തിൽ ഏതാണ് ശരിയെന്നു ഞങ്ങൾ കരുതേണ്ടതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ : അവിടെയുള്ള പ്രത്യേകപരിതസ്ഥിതിയെ പരിഗണിച്ച് ഒരു പരീക്ഷണംകൂടി നടത്താൻ ആലോചിക്കുകയാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : കണ്ടശ്ശാംകടവ് ശുദ്ധജലത്തിനു ബുദ്ധിമുട്ടുള്ള ഒരു പ്രദേശമാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അവിടെ കുഴൽക്കിണർ കുഴിക്കുവാൻ വല്ല പ്രാരംഭ നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : കുഴൽക്കിണർ വേണ്ട പ്രദേശങ്ങളുടെ ലിസ്റ്റിൽ ആ പ്രദേശത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഡറന്മാരുടെ ശമ്പളം.

* ൮൦൪. [൧] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിൽ ജോലിചെയ്യുവരുന്ന വാർഡറന്മാർക്ക് കൊച്ചിയിലും തിരുവിതാംകൂറിലും നൽകിവരുന്ന ശമ്പളം എത്ര വീതം;

(ബി) ഇവക്ക് എന്തെങ്കിലും പരീക്ഷായോഗ്യത നിശ്ചയിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ശമ്പളം ൨൦ രൂപ. ഡിയർനസ് അലവൻസ് ൨൨ രൂപ.

(ബി) സാക്ഷരത്വം മാത്രമാണ് മാനദണ്ഡം.

ശ്രീ. ടി. കെ. ദിവാകരൻ: കൊച്ചിയിലേയും തിരുവിതാംകൂറിലേയും വാർഡർമാരുടെ ശമ്പളം ഒരുപോലെയാണോ?

ശ്രീ. വി. മാധവൻ: ഒരുപോലെ ആക്കിയിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടത്തെ വാർഡർമാരുടെയും കൊച്ചിയിലെ അററൻഡർമാരുടേയും ശമ്പളം എന്താണ്?

ശ്രീ. വി. മാധവൻ: കൊച്ചിയിലെ അററൻഡർമാരുടെ ശമ്പളം എന്താണെന്നുള്ളതിന്ന പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: കൊച്ചിയിൽ വാർഡർമാരുണ്ടോ?

ശ്രീ. വി. മാധവൻ: വാർഡർ ഉണ്ടെന്നാണ് പറയുന്നത്.

ശ്രീ. കെ. കെ. അയ്യപ്പൻ: അററൻഡർ എന്നു പറഞ്ഞാലും വാർഡർ എന്നു പറഞ്ഞാലും അവരുടെ ജോലിയിൽ വ്യത്യാസമുണ്ടോ?

ശ്രീ. വി. മാധവൻ: വ്യത്യാസമുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പുരുഷവാർഡർമാരുടേയും സ്ത്രീവാർഡർമാരുടേയും ശമ്പളത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. വി. മാധവൻ: വ്യത്യാസമില്ല.

ശ്രീ. കെ. കെ. അയ്യപ്പൻ: കൊച്ചിയിലുള്ള അററൻഡർമാരുടെ ശമ്പളം മുമ്പ് എന്തായിരുന്നു എന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതിന്ന പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. കെ. കെ. അയ്യപ്പൻ: വാർഡർമാരുടെ ശമ്പളം എന്താണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: തിരുവിതാംകൂറിലേയും കൊച്ചിയിലേയും വാർഡർമാരുടെ ശമ്പളം ൨൦ രൂപയാണെന്നു ഇവിടെ പറഞ്ഞുകഴിഞ്ഞു.

ഇലക്ട്രിക്ക് ആൻറ് അലൈഡ് കമ്പനി.

* ൻ ൦ ၆. [വ്വ] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ഇലക്ട്രിക്ക് ആൻറ് അലൈഡ് ഇൻഡസ്ട്രീസിൽ ഗവണ്മെൻറിന്ന എത്ര രൂപയ്ക്കുള്ള ഷെയറുണ്ട്;

(ബി) ഗവണ്മെൻറിൽനിന്നും ഈ കമ്പനിക്കു എന്തെങ്കിലും കടവായ്പ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) ഇതിനുള്ളിൽ ഗവണ്മെൻറിലേക്കു എന്തെങ്കിലും ആദായം ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ കമ്പനിയിലെ തൊഴിലാളികൾക്ക് ഇപ്പോൾ എത്ര ദിവസങ്ങളിലെ ശമ്പളം കുടിശ്ശിക കൊടുക്കുവാനുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഒരു ലക്ഷം രൂപയ്ക്കുള്ള ഷെയർ എടുത്തിട്ടുണ്ട്.

(ബി) ൮൦,൦൦൦ രൂപ കടവായ്പ നൽകിയിട്ടുണ്ട്.

(സി) ആദായം ലഭിച്ചിട്ടില്ല.

(ഡി) രണ്ടുമാസമായി ശമ്പളക്കാർക്ക് ശമ്പളബാക്കിയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കമ്പനി എന്നാണ് ആരംഭിച്ചത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ കമ്പനി പ്രവർത്തനം ആരംഭിച്ചത് ൧൱൪൩-ലാണ്.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടുമാസത്തെ ശമ്പളം കൊടുക്കാതിരിക്കുന്നതിനു കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളം കൊടുക്കാതിരിക്കുന്നതിനു കാരണം കമ്പനിക്കു പണമില്ലാഞ്ഞിട്ടാണെന്നാണ് കമ്പനി മാനേജുമെന്റ് ഗവണ്മെന്റിനെ അറിയിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ അവിടെ ഉൽപാദനം വല്ലതും നടക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉൽപ്പാദനം ഒന്നും ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ആ കമ്പനി മുടങ്ങാതെ നടത്തുന്നതിനു ഗവണ്മെന്റിൽനിന്നു എന്തെങ്കിലും വായ്പ കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെയെല്ലാം പരിഗണിച്ച് വായ്പയ്ക്കുള്ള ഒരപേക്ഷ ഗവണ്മെന്റിന്റെ മുമ്പാകെയുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : ശമ്പളബാക്കി വാങ്ങിച്ചു കൊടുക്കുന്നതിനു ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്പനിയിൽ പണമില്ലെന്നു പറഞ്ഞ കാരണം ശരിയാണെന്നു പറഞ്ഞു് ഡിപ്പാർട്ടുമെന്റിൽനിന്നും ഉള്ള റിപ്പോർട്ടു ഗവണ്മെന്റിന്റെ അടുത്തു വന്നിട്ടുണ്ട്.

Shri P. S. Nataraja Pillai : Is the taking over of management under consideration by Government?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ വ്യക്തമായി ആലോചിച്ചിട്ടില്ല. ഈ മാതിരി കമ്പനികൾക്ക് ലോൺ കൊടുക്കുന്ന കാര്യത്തിൽ എതിർപ്പുള്ളതുകൊണ്ടു എന്താണ് ഈ കമ്പനിയുടെ കാര്യത്തിൽ അഭിപ്രായം പറയേണ്ടതു് എന്നുള്ള കാര്യം ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

Shri P. S. Nataraja Pillai : Has the Government conducted any enquiries as to its functioning and its finacial condition at present?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉവ്വ്. ഒന്നുരണ്ടുതവണ നടന്നിട്ടുണ്ട്.

Shri P. S Nataraja Pillai : Has it been enquired into with a view to assume the management ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എൻക്വയറി നടത്തിയതു് മാനേജുമെൻറ് ഏറെറടുക്കുവാൻ വേണ്ടിയല്ല. ലോണിനു അപേക്ഷ വന്നപ്പോൾ കമ്പനിയുടെ പ്രവർത്തനം ഏതുവിധത്തിലാണ് എന്നും അതിൻെറ ധനസ്ഥിതി എന്താണെന്നും അറിയുവാൻ വേണ്ടിയാണ് അന്വേഷണം നടത്തിയതു്. മാനേജുമെൻറ് ഏറെറടുക്കണമെങ്കിൽ ആ വിവരം മതിയാകും.

Shri P. S. Nataraja Pillai : Will the Government consider the feasibility or practicability or advisability of acquiring the management and carrying on the work there?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവിധം അതിനെപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : ശമ്പളം കൊടുക്കാത്തതിനെപ്പററി ജോലിക്കാരിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിൽ നിന്നു നേരിട്ട് അവർക്ക് ശമ്പളം കൊടുക്കണമെന്നു നിവേദനം കിട്ടിയിട്ടുണ്ട്

ശ്രീ. എ. താണുപിള്ള : ആ കമ്പനിയുടെ ആകെ ഷെയർ ക്യാപ്പിററൽ എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൧൩,൩൫,൭൫൦ രൂപ വിലയുള്ള ഫുൾപെയിഡ് ഷെയറുകളിൽ ൧,൪൫,൨൦൦ രൂപ ഫോർഫീററുചെയ്തുപോയിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ഈ കമ്പനിക്കു ലോൺ കൊടുത്തതെന്നാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൧൩൫൨൦-ലാണ്.

ശ്രീ. എ. താണുപിള്ള : ലോൺ ആവശ്യപ്പെട്ടതു് എന്തു കാരണമാലാണെന്നു കാണിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരുന്നു. തൊഴിലാളികൾക്കു ശമ്പളക്കുടിശ്ശിക വന്നതിൽ വളരെ ബുദ്ധിമുട്ടു നേരിടുന്നു എന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ലോൺ കൊടുത്തിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : തൊഴിലാളികൾക്കു രണ്ടുമാസത്തെ ശമ്പളക്കുടിശ്ശിക ഉണ്ടായ വിവരം കമ്പനി ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലോൺ ആപ്ലിക്കേഷനിൽ തന്നെ ആ വിവരം കാണിച്ചിട്ടുണ്ടായിരുന്നു,

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ : ഈ കമ്പനിയുടെ ഡയറക്ടേഴ്സ് ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറയാം. അതായത്, പറയത്തു രാമൻമേനോൻ, കെ. പി. എസ്സ്. മേനോൻ, ചരൻദാസ് (ബാംബെ) എസ്സ്. കൃഷ്ണയ്യർ, പി. ആർ. രാമവർമ്മരാജാ, (തിരുവനന്തപുരം)

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ : കമ്പനിയുടെ പ്രവർത്തനം ഇപ്പോൾ അഭിവൃദ്ധിപ്പെട്ടുവരുന്നോ, അധഃപതിച്ചുവരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രവർത്തനം അഭിവൃദ്ധിപ്പെട്ടുവരുന്നു എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ശങ്കർ : ഇപ്പോഴും മാനേജിംഗ് ഡയറക്ടർമാർ ശമ്പളമായി വല്ല തുകയും പററുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളമായി ഒന്നും പററുന്നില്ല.

ശ്രീ. ടി. വി. തോമസ് : മുൻപറഞ്ഞ പി. ആർ. രാമവർമ്മരാജാ, എഫ്. എ. സി. ററി. യുടെ മാനേജിംഗ് ഏജൻറുകൂടിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ : കമ്പനിയുടെ ഇപ്പോഴത്തെ സാമ്പത്തികവൈഷമ്യം പരിഹരിച്ചാൽ കമ്പനി ലാഭകരമായി പ്രവർത്തിക്കുമെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നമ്മുടെ സംസ്ഥാനത്തുള്ള പല കമ്പനികളെയും അപേക്ഷിച്ച് അസാധാരണവിധത്തിലുള്ള എൻജിനീയറിംഗ് വർക്ക്സ് നടത്തുന്ന ഈ കമ്പനി മേലാൽ ലാഭകരമായിത്തീരുമെന്നു പ്രതീക്ഷിക്കാൻ പല ന്യായങ്ങളുമുണ്ട്.

ശ്രീ. എം. എം. അബ്ദുൽഖാദർ : മേലാൽ ഈ കമ്പനിയുടെ പ്രവർത്തനംകൊണ്ടു വലിയ ലാഭമുണ്ടാകുമെന്നു ഗവണ്മെൻറിനു നിശ്ചയമായി പറയാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : താൽക്കാലികമായി ഉണ്ടായിട്ടുള്ള സാമ്പത്തികവൈഷമ്യം തീർത്താൽ നിശ്ചയമായും ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കുമെന്നുതന്നെയാണു ഗവണ്മെൻറു പറയുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ശമ്പളക്കുടിശ്ശിക വന്നിട്ടുള്ളതു്, ഇരുപതിനായിരം രൂപ ലോൺ കൊടുത്തതിനുമുൻപോ പിൻപോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളക്കുടിശ്ശിക തീർക്കാൻ വേണ്ടിയാണു് ഇരുപതിനായിരം രൂപ ലോൺ കൊടുത്തിട്ടുള്ളതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതിനുശേഷം വല്ല തുകയും ഈ ഗവണ്മെൻറിൽനിന്നും ലോൺ ഇനത്തിൽ ആ കമ്പനിക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ഇ. കൃഷ്ണൻനായർ: ൫൬ ലക്ഷത്തിൽ ചില്വാനം രൂപാ ഷെയർ ക്യാപ്പിററലുള്ള ഈ കമ്പനിക്കു ഇത്ര പെട്ടെന്നു സാമ്പത്തികവൈഷമ്യം നേരിട്ടതു എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്പനിക്കുവേണ്ടി കൂടുതൽ സാമഗ്രികൾ വാങ്ങിയതിൽ വന്നുപോയിട്ടുള്ള സാമ്പത്തികക്കുറവാണിതു്.

ശ്രീ. കെ. സി. നൈനാൻ: ഈ കമ്പനിയുടെ പ്രവൎത്തനം പരിശോധിക്കുന്നതിനായി ഗവൺമെൻറിൽനിന്നും നിയുക്തനായിട്ടുള്ള ആഫീസർ, ഇതിനെപ്പററി വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രേഖാമൂലമായ റിപ്പോർട്ടിനെപ്പററിയാണെങ്കിൽ അതിനു നോട്ടീസു വേണം.

ശ്രീ. പി. വി. അവിരാത്തരകൻ: കമ്പനിയിൽ ഉണ്ടാകുന്നതായ സാമാനങ്ങൾ വിററഴിക്കുന്നതിനു സാധിക്കാത്തതുകൊണ്ടാണോ നഷ്ടം വന്നിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ. പി. വി. അവിരാത്തരകൻ: പിന്നെ എന്തു കാരണത്താലാണു ഈ കമ്പനിയുടെ പ്രവൎത്തനം നഷ്ടത്തിൽ കലാശിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അതിനു വർക്കിംഗ് ക്യാപ്പിററൽ ഇല്ലാത്തതുകൊണ്ടാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ലാഭകരമായി പ്രവൎത്തിക്കുമെന്നു ഗവൺമെൻറിനു വിശ്വാസമുണ്ടെങ്കിൽ കമ്പനിയുടെ ഷെയറുകളെല്ലാംകൂടി ഗവൺമെൻറിൽനിന്നും ഏറെറടുത്തിട്ടു്, ഗവൺമെൻറിൽനിന്നും നേരിട്ടു നടത്തരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കാൎയ്യവും ഗവൺമെൻറിൻെറ ആലോചനയിൽപെട്ട ഒന്നാണ്.

Government Hospital, Nagercoil

* 906. [9] **Shri N. A. Noor Muhammad.** Will the Minister for Medicine be pleased to state:

(a) the number of doctors posted to the Government hospital, Nagercoil;

(b) whether the present number of doctors is sufficient to cope with the work in the hospital; and,

(c) whether there is any proposal to raise the status of the hospital to a District Hospital?

Minister for Medicine and public Health **(Shri V. Madhavan)** (a) Two.

(b) Yes.

(c) No.

Shri N. A. Noor Muhammad: What is the status of this Hospital?

ശ്രീ. വി. മാധവൻ: ഇപ്പോഠം അതു ഒരു ഹോസ്പിററലാണ്.

Shri N. A. Noor Muhammad: Is it a District Hospital?

ശ്രീ. വി. മാധവൻ: ഇപ്പോഠം ഡിസ്ത്രിക്ട് ഹോസ്പിററലല്ല, മൻപു അതൊരു ഡിസ്ത്രിക്ട് ഹോസ്പററലായിരുന്നു.

Shri N. A. Noor Muhammad: May I know whether it was degraded?|

ശ്രീ. വി. മാധവൻ: ഡിഗ്രേഡ് ചെയ്തിട്ടില്ല. ഓരോ റവന്യ ഹെഡ്കാർട്ടേഴ്സിലും ഉള്ള ആശുപത്രികഠംക്കാണ് ഡിസ്ത്രിക്ട് ഹോസ്പിററൽ എന്ന പേരുള്ളതു്.

Shri Anthonie Andrew Daniel Luiz: Do the Government realise that there is acute shortage of doctors in the State?

ശ്രീ. വി. മാധവൻ: ആവശ്യമുള്ളിടത്തോളം കിട്ടുന്നില്ലെന്നുതന്നെ പറയാം.

Shri C. Sankar: Do the Government know that a very large number of in-patients are provided neither with beds nor blankets and they are lying on the cement floor of the hospital?

ശ്രീ. വി. മാധവൻ: അങ്ങനെ ഗവണ്മെൻറിനു അറിവില്ല.

ഐ. ഏ. എസ്സ്.

*൯൦൧. [൧൦] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങഠംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഏതെല്ലാം ഉദ്യോഗങ്ങളാണ് ഐ. ഏ. എസ്സ്. കേഡറിൽ ചേർത്തിട്ടുള്ളതു്;

(ബി) ആ ഉദ്യോഗങ്ങളിൽ ഇവിടത്തെ മററ ഉദ്യോഗസ്ഥന്മാരെ നിയമിക്കാമോ;

(സി) ആ ഉദ്യോഗങ്ങളിലേയ്ക്കു് ആളുകളെ നിയമിക്കുന്നതു് ഏതു ഗവണ്മെൻറാണ്;

(ഡി) ചില ഉദ്യോഗങ്ങഠം ഐ. ഏ. എസ്സ്. കേഡറിൽ കൊള്ളിച്ചിട്ടുള്ളതു്, സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗക്കയററത്തിനു് ബാധകമല്ലേ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൧. റവന്യൂബോർഡു് മെംബറന്മാർ.

൨. ചീഫ് സെക്രട്ടറി.

൩. ഡിസ്ത്രിക്ററ കളക്ടർമാർ.

൪. ലാ സെക്രട്ടറി ഒഴിച്ചുള്ള ഗവണ്മെൻറ സെക്രട്ടറിമാരും, അഡീഷണൽ സെക്രട്ടറിമാരും.

(ബി) ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരെ മാത്രമേ പ്രസ്തുത ഉദ്യോഗങ്ങളിൽ നിയമിക്കാവൂ എന്നാണ് നിബന്ധന. പക്ഷേ, ഏതെങ്കിലും ഒഴിവു മൂന്നുമാസത്തിൽ കവിയാതെ ഇരിക്കുകയൊ അല്ലെങ്കിൽ, യോജിച്ചതരത്തിലുള്ള ഒരു ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥനെ കിട്ടാതിരിക്കുകയൊ ചെയ്യുന്ന അവസരത്തിൽ മററ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് വിരോധമില്ല.

(സി) സംസ്ഥാനഗവണ്മെൻറ്.

(ഡി) അതേ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരെ ഈ ഗവണ്മെൻറിനുതന്നെ ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരായി നിയമിക്കാൻ അധികാരമില്ലേ?

ശ്രീ. ഏ. ജെ. ജാൺ: അതു് പ്രത്യേക ഒരു കേഡറാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാക്ക് ഐ. ഏ. എസ്സ്. കേഡറിൽ പ്രമോഷൻ കൊടുക്കുന്നതിന് ഈ ഗവണ്മെൻറിന് അധികാരമില്ലെന്നാണോ പറയുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: ഐ. ഏ. എസ്സ്. ഉദ്യോഗം ഒരു പ്രത്യേക കേഡറാണ്. എല്ലാവക്കും ആ കേഡറിൽ ഉദ്യോഗം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഉദ്യോഗസ്ഥന്മാരുടെ സീനിയാറിട്ടിയനുസരിച്ചു ഐ. ഏ. എസ്സ്. കേഡറിൽ പ്രമോട്ടുചെയ്യാൻ എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കാൻ ഗവണ്മെൻറിന് സാധിക്കുമോ?

ശ്രീ. ഏ ജെ. ജാൺ: അങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കാൻ സാധിക്കുകയില്ല. ഐ. ഏ. എസ്സ്. കേഡറിൽ ഉദ്യോഗസ്ഥന്മാരെ എടുക്കുന്നതുതന്നെ യൂണിയൻ പബ്ലിക്ക് സവ്വീസു കമ്മീഷനുമായി ആലോചിച്ചതിനുശേഷമാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇപ്പോൾ ഐ. ഏ. എസ്സ്. കേഡറിൽ എടുക്കുന്നതിന് ഉദ്യോഗസ്ഥന്മാക്ക് വല്ല ടെസ്ററും വച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഒരു സെലക്ഷൻ പരീക്ഷ നടത്തുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സെലക്ഷൻ നടത്തുന്നതിനു വേണ്ടി വല്ല പ്രത്യേക കമ്മിററിയും ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഇവിടെ അങ്ങനെയൊരു കമ്മിററിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പിന്നെ ആ കമ്മിററി എവിടെയാണുള്ളതു്?

ശ്രീ. ഏ. ജെ. ജാൺ: നോട്ടീസുവേണം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം നിയമനം നടത്തുന്നതിനെ സംബന്ധിച്ചുള്ള അധികാരം മുഴുവനും സെൻട്രൽ ഗവണ്മെൻറിനാണോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഐ. ഏ. എസ്സ്. കേഡറിൽ ഉള്ള നിയമനങ്ങൾക്ക് നമ്മുടെ സംസ്ഥാനത്ത് ആളുകളില്ലെങ്കിൽ എങ്ങനെയാണ് നിയമനം നടത്തുന്നത് ?

ശ്രീ. എ. ജെ. ജാൺ : നമ്മുടെ സംസ്ഥാനത്ത് ആളുകളില്ലെങ്കിൽ കേന്ദ്രഗവണ്മെൻറ് ഇതര സംസ്ഥാനങ്ങളിൽനിന്നും ആളുകളെ അയച്ചുതരും.

ശ്രീ. എ. താണുപിള്ള : മുൻപറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്മാർ എല്ലാവരും ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാർ ആയിരിക്കണമെന്ന് കേന്ദ്രഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ നിർദ്ദേശമുണ്ട്.

ശ്രീ. എ. താണുപിള്ള : റവന്യൂബോർഡുമെംബറന്മാർ, ഡിസ്ട്രിക്റ്റ കളക്ടർമാർ സെക്രട്ടറിമാർ ഇവരെല്ലാവരും ഐ. ഏ. എസ്സ്. പരീക്ഷായോഗ്യതയുള്ളവരായിരിക്കണമെന്നുതന്നെയാണോ നിർദ്ദേശിച്ചിട്ടുള്ളത് ?

ശ്രീ. എ. ജെ. ജാൺ : അതെ.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നത് ഏതു ഗവണ്മെൻറാണ് ?

ശ്രീ. എ. ജെ. ജാൺ : ഈ ഗവണ്മെൻറാണ്.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ എത്ര ഉദ്യോഗസ്ഥന്മാരെ ഐ. ഏ. എസ്സ്. കേഡറിലേയ്ക്ക് എടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : നാലുപേരെ എടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : അവർ ആരെല്ലാമാണ് ?

ശ്രീ. എ. ജെ. ജാൺ : അവർ, ശ്രീ. വി. ഐ. ജേക്കബ്ബ്, ശ്രീ. ജോർജ്ജ് തോമസ്, ശ്രീ. പത്മനാഭൻ ഇങ്ങനെ മൂന്നു പേരെ ട്രെയിനിംഗിനായി അയച്ചിരിക്കുകയാണ്. കൂടാതെ ശ്രീ. മാത്യുവിനെ ഇവരുടെ ജൂനിയറായി എടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : എടുത്തിട്ടുള്ള ആളുകളിൽ ആരെയെങ്കിലും ഐ. ഏ. എസ്സ്. ആഫീസറായി ഇപ്പോൾ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : ഐ. ഏ. എസ്സ്. ഉദ്യോഗത്തിനു വേണ്ടി എന്തു ക്വോട്ടായാണ് അനുവദിച്ചിരിക്കുന്നത് ?

ശ്രീ. എ. ജെ. ജാൺ : അതിൻെറ ക്വോട്ടാ 48 എന്നു നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ക്വോട്ടാ അനുസരിച്ചു മുഴുവനും എടുക്കാത്തത് ഇവിടെ യോഗ്യതയുള്ളവർ ഇല്ലാത്തതുകൊണ്ടാണോ ?

ശ്രീ. എ. ജെ. ജാൺ : അല്ല.

ശ്രീ. ഏ. കുഞ്ഞൻനാടാർ : യോഗ്യതയുള്ളവരെ ഇവിടെനിന്നും തിരഞ്ഞെടുക്കാൻ ഈ ഗവണ്മെൻറിനു് അധികാരമില്ലേ ?

ശ്രീ. ഏ. ജെ. ജണേ : അതിനുത്തരം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. രാജഗോപാലൻനായർ : നമ്മുടെ ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള മേലദ്ധ്യക്ഷന്മാർ ആരെല്ലാമായിരിക്കണമെന്നു് തീരുമാനിക്കാനുള്ള അധികാരം നമ്മുടെ ഗവണ്മെൻറിനു് ഇല്ലെന്നല്ലെ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ഏ. ജെ. ജാൺ : അങ്ങിനെയല്ല.

ഗവണ്മെൻറുവക കെട്ടിടങ്ങൾ.

*൯൦൬. [൧൧] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗവണ്മെൻറുവക സ്ഥലങ്ങൾ (കെട്ടിടങ്ങളും പറമ്പുകളും) സ്വകാര്യ സ്ഥാപനങ്ങൾക്കു് പാട്ടത്തിനു കൊടുക്കുന്ന പതിവുണ്ടോ ;

(ബി) തൃശ്ശിവപേരൂർ പട്ടണത്തിൽ അങ്ങനെ ഏതെങ്കിലും സ്ഥലങ്ങൾ പാട്ടത്തിനു കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏവ ; അവയ്ക്കോരോന്നിനും കിട്ടുന്ന പാട്ടം എന്തു് ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) സാധാരണയായി ഗവണ്മെൻറു കെട്ടിടം പ്രൈവററു സ്ഥാപനങ്ങൾക്കു് വാടകയ്ക്കുകൊടുക്കുന്ന പതിവില്ല. എന്നാൽ ചില പ്രത്യേക പരിതഃസ്ഥിതികളെ അടിസ്ഥാനമാക്കി അങ്ങനെ കൊടുത്തിട്ടുമുണ്ടു്.

(ബി) ഉണ്ടു്.

(സി) ലിസ്ററു് മേശപ്പുറത്തുവച്ചിട്ടുണ്ടു്.‡

ശ്രീ. സി. അച്യുതമേനോൻ : മുൻപു് തൃശ്ശിവപേരൂരിൽ ഡയറക്ടരാഫീസിനുവേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടം പ്രൈവററു സ്ഥാപനത്തിനുവേണ്ടി കൊടുത്തിട്ടില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ഏതു പ്രൈവററു സ്ഥാപനത്തിനുവേണ്ടിയാണു് കൊടുത്തിട്ടുള്ളതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സെൻറു് തോമസ്സ് കാളേജിനുവേണ്ടിയാണു് കൊടുത്തിട്ടുള്ളതു്.

‡ Please See Appendix.

ശ്രീ. സി. അച്യുതമേനോൻ : ഡെപ്യൂട്ടി ഇൻസ്പെക്ടറാഫീസായിട്ടു ഉപയോഗിച്ചിരുന്ന കെട്ടിടം, കൊടുത്തിട്ടുള്ളതു് ആർക്കാണു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സെൻറ് മേരീസ് കാളേജിനുവേണ്ടി കൊടുത്തിരിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ : ഈ കെട്ടിടങ്ങൾക്കു് സർക്കാരിലേയ്ക്കു എന്തു വാടക കിട്ടുന്നുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : എന്റെ കൈവശം അതിന്റെ കണക്കില്ല.

ശ്രീ. പി. വി. അവിരാ തരകൻ : ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വാടകയിൽ കൂടുതൽ വാടക തരാമെന്നു് പറഞ്ഞാൽ ഈ കെട്ടിടങ്ങൾ വിട്ടുകൊടുക്കാൻ ഗവൺമെൻറ് സന്നദ്ധമാകുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂടുതൽ വാടകതരാൻ ആളുണ്ടെങ്കിൽതന്നെയും വാടകയെമാത്രം ഉദ്ദേശിച്ചു കെട്ടിടം വിട്ടുകൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ : മുൻപറഞ്ഞിട്ടുള്ള കാളേജുകൾക്കല്ലാതെ, മറ്റേതെങ്കിലും പ്രൈവറ്റ് കാളേജുകൾക്കുവേണ്ടി ഗവൺമെൻറ് കെട്ടിടം വിട്ടുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് പ്രത്യേകമായ ഒരു ചോദ്യമായി ചോദിച്ചാൽ മറുപടി പറയാം.

ANNOUNCEMENT RE THE EXTENSION OF THE ASSEMBLY SESSION.

12 Noon]

Mr. Speaker : Order, order, the time for questions is over. I have received a request from the Chief Minister for extending the current session by two days since the official business to be transacted in this session would not be completed by the 23rd July. I agree with him and the current session is, therefore, extended to the 24th and 25th July. These two days will be utilised for the transaction of official business.

ശ്രീ. ടി. വി. തോമസ് : നോൺ ഒഫീഷ്യൽ ബിസിനസിനു കൂടി രണ്ടുദിവസം കിട്ടിയാൽകൊള്ളാം.

Mr. Speaker : Now it is not possible. Even if one or two non-official days are arranged, the hon. Members may not be enable to send up any business which could be transacted. Anyhow, it is not possible now.

ശ്രീ. എ. താണുപിള്ള : സർ, സർവ്വീസ് ഇന്റഗ്രേഷനെക്കുറിച്ചു് ഡിസ്കസ് ചെയ്യാൻ ഒരു സന്ദർഭം നൽകാമെന്നു് ചീഫ്മിനിസ്റ്റർ മുമ്പു സമ്മതിച്ചിട്ടുണ്ടായിരുന്നു. അതിനു് അവസരം ലഭിക്കുമോയെന്നു് അറിഞ്ഞാൽ കൊള്ളാം.

Mr. Speaker : Yes, I have received some information and I have fixed the 24th of this month for the discussion of that particular topic.

Regulation made by the Rajpramukh under Article 320 of the Constitution *re*: Recruitment to the Community Project Scheme.

Mr. Speaker: The next item of business is "Consideration of the amendments to the Regulation made by His Highness the Rajpramukh under the Proviso to Article 320 (3) of the Constitution". That paper has been laid on the table. Hon. Members have sent certain amendments. Now those amendments may be moved and discussed. I call upon Shri Nataraja Pillai to move his amendment.

Shri P. S. Nataraja Pillai: Sir, I move:

Add the following at the end of the Regulation:

> 'The staff so appointed shall hold office only for a period of 3 (three) months from the date of appointment."

Sir, the Regulation placed on the table under Article 320 (3) of the Constitution, dated 1st July 1952 is as follows:

"It shall not be necessary for the Public Service Commission to be consulted in matters relating to the appointment of the staff required for the implementation of the Community Project in the State."

Sir, the Regulation is to give power to the Government to make appointments for the implementation of the Community Project in the State. I have tabled an amendment. But before proceeding to speak on that amendment I wish to point out that I am labouring under a great difficulty. This Community Project as such has not been discussed in this House. We do not know the extent of the commitment which this Government will have to meet in order to implement the Scheme. Nor do we know anything about the agency and the number of officers that will be required to work the particular schemes. So, what I would request you, Sir, is to call upon the hon. Minister to give some information on the topic so that our criticisms may be correlated to the facts as they exist. Or else, our criticism will be criticism without point. Therefore, may I humbly plead with the hon. Minister in charge to supply us with some information about this scheme? He may be reqested to give us some information on this matter. Then, I may be given an opportunity of speaking on my motion.

Mr. Speaker: Some interpellations were answered and during the discussion ceriain matters were made available to the House regarding the Project.

Shri P. S. Nataraja Pillai: But no information has been given about the officers that are required or about the type of officers suited for the work. Questions bearing on these points have never been answered on the floor of the House. The only information available for the House are three Press Notes issued by the Government. These three Press Notes give only an idea of a very general nature about the Scheme and not anything about

the agency or the persons required. These things have not been mentioned anywhere. And we do not know about that. The second Press Note is also not helpful in this direction and I do not want to mention anything about it now. The third Press Note enumerates the type of work that is intended to be done. For example, in Press Note dated 10-7-1952 the amenities to be provided in the Project areas are stated as falling under (1) Agriculture-Reclamation of waste land; Provision of water for agriculture; Quality seeds; Improved agricultural technique; Improved agricultural implements; Fruit and vegetable cultivation; and Soil research and manures (2) Communications, (3) Education and so on. Altogether ten items are given. Under (9) Social Welfare, the work proposed to be done are, Provision of Community entertainment based on local talents and culture; Provision of audio-visual aid for instruction and recreation; Organisation of local and other sports activities; Organisation of melas; and Organisation of co-operation and self-help movement. We do not know the kind of staff that may be required to work out these schemes.

Article 320 of the Constitution—Functions of the Public Service Commissions—is the Article relevant for this discussion. It is stated in clause (3) that "The Union Public Service Commission or the State Public Service Commission, as the case may be, shall be consulted—

(a) On all matters relating to methods of recruitment to civil services and for civil posts;

(b) On the principles to be followed in making appointments to civil services and posts and in making promotions and transfers from one service to another and on the suitability of candidates for such appointments, promotions or transfers;...."

The conception of this Article in our Constitution is borne out of the view, that the right of patronage should be vested only with a statutory body and even on questions of promotion that statutory body must be consulted. Not only that. But that statutory body is given the right of deciding the suitability of a person for a type of work. That is mentioned specifically in Article 320 (3) (c). Later on in clause (3) there is a provision that in certain set of circumstances a Regulation can be made exempting certain matters from being subjected to the consultation of the Public Service Commission. "Provided that........ in any particular class of cases in any particular circumstances, it shall not be necessary for a Public Service Commission to be consulted." Now, under that provision, this Government are exemptingthis Community Project work. This is work which inolves expenditure to the tune of 57 lakhs of rupees and the provision seems to be so large. Now, what I would ask is, where is the urgency in these matters? Is it a question of urgency or want of time? That is one question.

Mr. Speaker: That aspect has been already laid before the House. An interim report had to be submitted to the Government of India.

ഇഷ്ടംപോലെ അങ്ങിനെ കുറെപേരെ നിയമിച്ചു എന്നാണ്. സർ; യോഗ്യതയുള്ളവർക്ക പ്രതീക്ഷിക്കാവുന്ന ഉദ്യോഗങ്ങൾക്ക ന്യായമായ അവസരവും അവകാശവും നൽകിയിട്ടില്ല എന്നുള്ളതാണ് ഇപ്പോൾ ഈ നിയമനാവകാശം മന്ത്രിമാർ എടുക്കുന്നതിലുള്ള ഏററവും വലിയ വൈകല്യമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പബ്ളിക്ക് സർവ്വീസ് കമ്മിഷനെപ്പററി വലിയ ആക്ഷേപം ഉണ്ടായിട്ടുണ്ടെന്നു കാൺഗ്രസ് പാർട്ടിയിലെ ചില മെമ്പർമാർ ഇവിടെ സൂചിപ്പിച്ചു. പബ്ളിക്ക സർവീസ് കമ്മിഷനെപ്പററി ആക്ഷേപമുണ്ടായിട്ടുണ്ടെന്നുള്ളതു് ശരിയാണ്. ഈ നിയമനാധികാരം ഗവണ്മെൻറിലേക്ക കൊടുക്കുന്നതുകൊണ്ടു പൊരിയുന്ന ചട്ടിയിൽനിന്നു എരിയുന്ന തീയിലേക്ക വീഴുകയാണ് ചെയ്തിരിക്കുന്നതു്. ഞങ്ങൾക്കറിയാം പബ്ളിക്ക് സർവീസ് കമ്മീഷൻ പല അഴിമതികളും കാട്ടുന്നുണ്ടു് എന്നു്. ഇൻറർവ്യൂവിനുമുമ്പ് കമ്മിഷനംഗങ്ങളുടെ വീട്ടിൽ റിഹേഴ്സലുകൾ നടക്കുന്നുണ്ടു് എന്നു് ഞങ്ങൾക്കറിയാം. പക്ഷെ പബ്ളിക്ക് സർവീസ് കമ്മീഷൻ നിയമിക്കുകയാണെങ്കിൽ യോഗ്യതയുള്ളവർക്ക അവരുടെ അവകാശങ്ങൾ പറയുവാനുള്ള അവസരം കിട്ടും എന്നുള്ളതു് ഒരു നേട്ടംതന്നെയാണ്. പബ്ളിക്ക സർവീസ് കമ്മീഷൻ ഓരോ ഉദ്യോഗത്തിനും യോഗ്യത നിശ്ചയിച്ച് യോഗ്യതയുള്ളവരുടെ അപേക്ഷകൾ ക്ഷണിച്ചുവരുത്തി അതനുസരിച്ച് നിയമനം നടത്തുകയാണെങ്കിൽ യോഗ്യതയുള്ളവർക്ക ഉദ്യോഗം കിട്ടുവാൻ, അല്ലെങ്കിൽ അതിനു അവസരം കിട്ടുവാൻ ന്യായമുണ്ടു്. അതുകൊണ്ടാണ് ഗവണ്മെൻറു ആ അധികാരം ഏറെറടുക്കരുതു് എന്നു പറയുവാൻ കാരണം ഇതിനകം ഗവണ്മെൻറു നടത്തിയ നിയമനങ്ങളിൽ ശരിയായ യോഗ്യതയുള്ളവർക്ക ഉദ്യോഗം കിട്ടിയിട്ടില്ല എന്ന ആക്ഷേപമുണ്ടു്. ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ളവരേക്കാൾ യോഗ്യതയുള്ളവരും പ്രാപ്തിയുള്ളവരും സർവീസിൽ ഉണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. മുഖ്യമന്ത്രിക്ക് അതു നിഷേധിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു ഞങ്ങൾക്ക പറയുവാനുള്ളതു് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചു് അവരുടെ യോഗ്യത പരിശോധിച്ചു് അവരിൽ കൂടുതൽ യോഗ്യതയുള്ളവർ ആരാണോ അവർക്ക ഉദ്യോഗം കൊടുക്കുക, എന്നാൽ മാത്രമേ സർവീസിൽ കാര്യക്ഷമത ഉണ്ടാകുവാൻ കഴിയുകയുള്ളു എന്നാണ്. അല്ലാതെ സ്വജനപക്ഷപാതം കാണിക്കുവാൻവേണ്ടി മാത്രം ഉദ്യോഗം നൽകുന്ന ഏർപ്പാടു് ഈ ഗവണ്മെൻറ് ഏറെറടുക്കുകയാണെങ്കിൽ പബ്ളിക്ക സർവീസ്കമ്മീഷനെ നിയമിച്ചിരിക്കുന്നതു് ഏതു ഉദ്ദേശത്തിനാണോ ആ ഉദ്ദേശത്തെ ഹനിക്കുവാനാണ് ഇടയുള്ളതു്. അതുകൊണ്ടു ഒരിക്കലും ഈ അവകാശം ഗവണ്മെൻറിനു വിട്ടുകൊടുക്കുവാൻ പാടില്ല.

Shri A. Chidambaranatha Nadar : One question, please. Can Govermnent interfere with the recommendations made by the Public Service Commission regarding the punishment of officers ?

ശ്രീ. ടി. എ. മജീദ് : ആ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല.

സർ, ഈ ഗവണ്മെൻറിൻെറ മുഖ്യമന്ത്രി ഒരിക്കൽ പറയുകയുണ്ടായി ഇത്ര പെട്ടെന്നു കുറെ പേരെ നിയമനം നടത്തിയതു് അടിയന്തിരമായ കാര്യങ്ങൾക്ക വേണ്ടിയാണ് എന്നു്. അടിയന്തിരമായ കാര്യത്തിനാണെങ്കിൽ എട്ടുപേരെ ഇപ്പോൾ നിയമിച്ചു കഴിഞ്ഞു. മൂന്നുമാസത്തിനകം ഗവ

ൺമെൻറ നിയമിച്ചിട്ടുള്ള നിയമനങ്ങളെല്ലാം പബ്ളിക്ക് സർവീസ് കമ്മീഷൻെറ റാറ്റിഫിക്കേഷന അയച്ചിട്ട ബാക്കിയുള്ള നിയമനങ്ങളും അത്രയും പബ്ളിക്ക് സർവീസ് കമ്മീഷൻ അയച്ചുകൂടേ എന്ന ഞാൻ ചോദിക്കുന്നു. ഈ ഗവണ്മെൻറിന ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ഭേദഗതി എന്തുകൊണ്ട് സ്വീകരിച്ചുകൂടാ എന്ന് ഞാൻ ചോദിക്കുന്നു.

Shri J. T. Moraes : I also wish to say few words on this topic. Under the Constitution, powers have been vested in the Public Service Commission for making appointments to Public Service. Now an exception is sought to be made as regards Community Project. The main argument advanced here against Government taking such power of appointment in this matter is due to the fear that these powers might be abused by the Government which is formed by a party in power. But it is envisaged in the Constitution that the President of the Union, advised by a party Government can under certain contingencies make appointments without reference to the Public Service Commission. Some of the biggest appointments in the union like Governors, Ambassadors and others are made like this. Is there such a contingency now?, That is the question which this House has to decide. The Community Project is a short-term scheme and appointments have to be made to it. The officers already selected are not by the Public Service Commission, as they are officers who are now working in the service of the State. From the list read out by the Chief Minister, we find that all the top officers have been selected from the service and they have been selected, because Government felt that they are the most fitted for this work, because of the experience that Government have with those officers as they have been working under the Government. It is not a question of selecting afresh. It is a question of selecting some officers for the service. And, after all, the Public Service Commission may not be the most competent authority for this purpose. They may not have the necessary experience. They do not have that touch with the actual working of the officers of the State. They ordinarily make selection of officers to carry on the work connected with certain offices and once when the selection is made the Commission would have no interest in the officers.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇപ്പോഴും നൂറു ലക്ഷം രൂപ ഡീൽ ചെയ്യുന്ന ഒരു പ്രശ്നമാണിത് എന്ന് മെമ്പർ വിചാരിച്ചുകൊണ്ടുതന്നെയാണോ പ്രസംഗിക്കുന്നത്?

Shri J. T. Moraes: That is a different aspect. of the matter altogether. The question is, who is the most competent authority for selecting officers.. I feel sure, Sir, that Government are most competent for selecting the officers from those who are now in the service of the State because they know who is most fitted. That does not throw any reflection on the other officers.

Shri E. P. Varghese: May I point out to the hon. Member Article 320 (3) (b) which says:

"On the principles to be followed in making appointments to civil services and posts and in making promotions and transfers from one service to another and on the suitability of candidates or such appointments, promotions or transfers, the Union Public Service Commission or the State Public Service Commission as the case may be, shall be consulted."

So, if the hon. Member's argument is that because these officers are better known to the Government than to the Public Service Commission and so they must be selected by Government rather than by the Publice Service Commission. But the Constitution says that even transfers and promotions should be made after consultation with the Public Service Commission.

Shri J. T. Moraes: But here it is not a matter of transfer or promotion. It is a question of making appointments of certain officers in service for the Community Project; that too only for a short period. This does not in any way affect the seniority of other officers.

Shri P. S. Nataraja Pillai: Are these three years' service counted for pensions of these officers.

Shri J. T. Moraes: They are lent by Government to that service. It is not practically Government service. So, my point is that the Government is most fitted for making this appointment. There is no necessity for dragging the Public Service Commission here. After all, doubts were raised, here as to whether Government may not be partial in making these appointments. And even doubts were raised by the hon. Member Mr. Varghese as to the impartiality of the Public Service Commission. He said that because one member of the Commission is a former Congressman he will take care of the interests of the Congress in the matter of selection for appointments.

Shri E. P. Varghese: I did not say that he will take care of the Congress interests. I said that he belonged to the Congress Party.

Shri J. T. Moraes: Sir, with my little knowledge of political science and constitutional practice, I hold that when a person accepts a responsible place under the Government he ceases to have anything to do with politics or party. So, having cast doubts on the character of a particular member is itself wrong. And it seems, Sir, that anything can be said to fling mud on someone. If Government can be influenced, the Public Service Commission can also be influenced. But what we have to consider here is which is the most expedient and most fitted agency in the matter of selecting people for appointments in the Public Service Commission or the Government. Under the circumstances that I have described, I think that the Government is the most fitted agency to make such appointments.

Sir, it has been said here that there is nothing new in this Community Projects. I do not know what the hon. Member meant by saying that. The Community Project, if I understand it correctly, is intended to advance the material interests of the people. It is intended also, of course, to spread the projects throughout the country in course of time. It must be worked out carefully to achieve the best of results. Supervision must be very strict. The officers must be chosen very carefully and they must also be guided very carefully and there should be perfect co-ordination between the Government and the officers concerned. This is an additional reason for holding that the officers chosen must be chosen by Government and not by the Public Service Commission. With these words, Sir, I oppose the amendment.

Shri Anthonie Andrew Daniel Luiz: Sir, is it proper to use the word "spying" with reference to a particular nation which is in good relations with India at the present time?

Mr. Speaker: I am concerned only with the question whether the word "spying" is parliamentary or not. It is perfectly parliamentary. Whether it affects the relations of India with any other nation or not, I am not concerned with.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഇൻഡ്യൻ ഭരണഘടന ൩൨൦-ാം വകുപ്പു വായിച്ചതിലുണ്ടായ ചില തെററിദ്ധാരണകളുടെ ഫലമായിട്ടാണു ശ്രീമാൻ നടരാജപിള്ളയും മററുള്ള ഒന്നുരണ്ടു മെമ്പറന്മാരും ചില വാദമുഖങ്ങൾ ഉന്നയിച്ചിട്ടുള്ളതു്. ഭരണഘടനയിലെ ൩൨൦-ാം വകുപ്പു പബ്ലിക്ക് സർവീസ് കമ്മീഷന്റെ പ്രവൎത്തനങ്ങളേയും പ്രവൎത്തന പരിധിയേയും പററി വിശദമായി വിവരിക്കുന്ന ഒന്നാണു്. ആ വകുപ്പിലെ ഒന്നാം ഖണ്ഡികയിൽ പരീക്ഷകളുടെ നടത്തിപ്പിനെപ്പററിയും ൩-ാം ഖണ്ഡികയിൽ നിയമനങ്ങളെ സംബന്ധിച്ചു് ഗവണ്മെന്റും സർവീസു കമ്മീഷനും തമ്മിലുള്ള ആലോചനയെപ്പററിയുമാണു് പറയുന്നതു്. സാധാരണ നിയമനങ്ങൾക്കുള്ള ചട്ടങ്ങൾ, ഈ കമ്മ്യൂണിററി പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ബാധിക്കുന്നില്ല. ആർട്ടിക്കിൾ ൩൨൦-ലെ പ്രൊവൈസോ വായിച്ചു നോക്കിയാൽ ഈ വക നിയമനങ്ങൾക്കു് ഗവണ്മെന്റിനു അധികാരമുണ്ടെന്നു മനസ്സിലാകുന്നതാണു്. അഞ്ചു ലക്ഷമോ, പത്തുലക്ഷമോ രൂപാ ഗവണ്മെന്റിൽനിന്നും ഒരു വ്യവസായത്തിനു മുടക്കി എന്നിരിക്കട്ടെ, ആ വ്യവസായത്തിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുള്ള അധികാരം ഗവണ്മെന്റിനു ഇല്ലെന്നു പറയുകയാണെങ്കിൽ അതിന്റെ യുക്തി എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. കമ്മ്യൂണിററി പ്രാജക്ടിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവണ്മെന്റിൽനിന്നും ൫൨ ലക്ഷം രൂപാ ചെലവാക്കാൻ നിശ്ചയിച്ചിരിക്കുകയാണു്. അതേസമയം ഒരു വലിയ തുക ഇൻഡ്യയും അമേരിക്കയുംകൂടി സംഭാവന ചെയ്യുന്നുമുണ്ടു്. ഒരു വമ്പിച്ച തുക ചെലവാക്കാനുള്ള പദ്ധതിക്കുവേണ്ടി ഗവണ്മെന്റിനു യാതൊരു നിയമനാവകാശവും ഇല്ലെന്നു ആരെങ്കിലും പറയുന്നുവെങ്കിൽ അവർ ഭരണഘടന ൩൨൦-ാം വകുപ്പു [illegible]

[ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള]

പ്രയിച്ചു മനസ്സിലാക്കിയിട്ടില്ലെന്നു വേണം വിചാരിക്കാൻ. ജനസേവനത്തിനുവേണ്ടി ഒരു ക്ലിപ്തകാലത്തേക്ക് ഉദ്ദേശിച്ചിട്ടുള്ള ഒരു പദ്ധതിക്ക് യോഗ്യതായോഗ്യതകൾ നിർണ്ണയിച്ച് നിയമനം നടത്തേണ്ടതു് ഗവണ്മെൻറായിരിക്കണമെന്നാണ് എൻെറ അഭിപ്രായം. ഈ പ്രസ്ഥാനത്തിൻെറ ഉദ്ദേശം അതർഹിക്കുന്ന ഗൗരവത്തോടുകൂടി നിർവഹിക്കണമെന്നുണ്ടെങ്കിൽ ഗവണ്മെൻറുതന്നെ നേരിട്ടു നിയമനങ്ങൾ നടത്തേണ്ടതാണ്. എന്നാൽ നിയമനക്കാര്യത്തെ സംബന്ധിച്ചിടത്തോളം സർവീസ് കമ്മീഷനും ഗവണ്മെൻറുമായി അഭിപ്രായ വ്യത്യാസമുണ്ടായാൽ വിവരം രാജപ്രമുഖനു റിപ്പോർട്ടുചെയ്യണമെന്നു ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങിനെ വല്ല റിപ്പോർട്ടും ഉണ്ടായിട്ടുണ്ടോ എന്നറിയുന്നതിനു വേണ്ടിയാണ് ഇതെ സംബന്ധിച്ചുണ്ടായ ചോദ്യോത്തരവേളയിൽ ഒന്നുരണ്ടുചോദ്യങ്ങൾ ഞാൻ ചോദിച്ചിട്ടുള്ളതു്. അത്യാവശ്യമെന്നു ഗവണ്മെൻറിനു തോന്നുന്ന നിയമനങ്ങൾ ഗവണ്മെൻറിനു തന്നെ നിയമിക്കാനുള്ള റൂൾസ് ഉണ്ടാക്കാനാണ് ഭരണഘടന ൪൨ ൦-ാം വകുപ്പിലെ പ്രൊവൈസോ അനുശാസിക്കുന്നതു്. ആ സ്ഥിതിക്ക് കമ്മ്യൂണിററി പ്രാജക്ട് മാത്രമല്ല, മറേറതു പദ്ധതിയാണെങ്കിലും, ആവശ്യമാണെന്നു തോന്നുന്നപക്ഷം ഗവണ്മെൻറിനു നിയമനങ്ങൾ നടത്താനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : ഉദ്യോഗസ്ഥന്മാരെ ഈ ജോലിക്ക് നിയമിക്കുമ്പോൾ സർവീസനുസരിച്ചു പെൻഷൻ കൊടുക്കുമോ ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർവീസ് ലെൻറുചെയ്യുന്ന വ്യവസ്ഥയിൽ ഉള്ള കാര്യമാണ് അതു്.

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങിനെ ലെൻറുചെയ്യുന്ന സർവീസ് പെൻഷനബിൾ ആണോ ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : പെൻഷനബിൾ ആണോ അല്ലയോ എന്നുള്ളതു് റെഗുലേഷൻ നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സർ, ഭരണഘടനയുടെ ൩൨ ൦-ാം വകുപ്പിൽ (൩)-ാം ഉപവകുപ്പിൻെറ അവസാനഖണ്ഡികയിലുള്ള ഒരു പ്രൊവൈസോ അനുസരിച്ചു രാജപ്രമുഖൻ പ്രഖ്യാപിച്ച ഒരു ഓർഡിനൻസിനെപ്പററി ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള സംസാരിച്ചപ്പോൾ തോന്നി ഭരണഘടനയിലെ വകുപ്പുകളുടെ പ്രധാനാംശത്തെ വിഗണിച്ചു പോലും പ്രൊവൈസോ നടപ്പിലാക്കാനാണ് നാം ബാദ്ധ്യസ്ഥരെന്ന് ഭരണഘടനയുടെ മൗലികതത്വങ്ങൾ വിളിച്ച് മറയത്തെറിഞ്ഞുകൊണ്ട്, പ്രൊവൈസോകൾ നടപ്പിലാക്കാൻ കാണിക്കുന്ന ഈ വെമ്പൽ രസകരമായിരിക്കുന്നു.

ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്, അസാധാരണ പരിതഃസ്ഥിതികളെ നേരിടുന്നതിനുവേണ്ടി പൊതുനിയമങ്ങളിൽ ചിലപ്പോൾ അല്പം അയവു വരുത്തുവാൻവേണ്ടിയുള്ള പഴുതുകളാണ് പ്രൊവൈസോകൾ. പക്ഷെ ചെല്ലപ്പൻപിള്ളയുടെയും അദ്ദേഹത്തിൻെറ പാർട്ടിയുടെയും ഉത്സാഹം ഈ പഴുതുകളെ സാധാരണ പരിതഃസ്ഥിതികളിൽപോലും ഉപയോഗപ്പെടുത്തുവാനാണെന്നുകാണുന്നു.

ശ്രീ. ഇ. പി. വർഗീസ്: ഈ സഭയ്ക്ക് ഇതു റിപ്പീൽ ചെയ്യുന്നതിനുള്ള അധികാരമില്ലേ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ആ ചോദ്യം വളരെ പ്രസക്തിയുള്ളതാണ്. ൨൧൩-ാംവകുപ്പിന്റെ (൧)-ാം ഉപവകുപ്പിൽ ആ അവകാശം അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്.

രാജപ്രമുഖന്റെ റഗുലേഷൻപ്രകാരം നിയമിച്ചിട്ടുള്ള എട്ടുപേർ കഴിവില്ലാത്തവരാണെന്നോ അവർ സ്വഭാവശുദ്ധിയില്ലാത്തവരാണെന്നോ എന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഞങ്ങൾക്ക് ഇക്കാര്യത്തിലുള്ള എതിർപ്പ്, അവരെ നിയമിക്കേണ്ട നിയമം അനുസരിച്ച് നിയമിച്ചിട്ടില്ലെന്നു മാത്രമാണ്. ഞങ്ങളുടെ എതിർപ്പ് വ്യക്തികളോടല്ല, ഒരു തത്വത്തെ ആസ്പദമാക്കിയാണ്. അവർ ഒരു പക്ഷെ ഇതിനു യോഗ്യന്മാരായിരുന്നാൽ തന്നെയും, അവർ യോഗ്യന്മാരാണെന്നു തീരുമാനിക്കേണ്ടവർ തീരുമാനിച്ചിട്ടില്ലെന്നുള്ളതാണ് ഞങ്ങളുടെ പ്രധാനമായ പരാതി. ഈ എട്ടുപേരെയും ഈ ഉദ്യോഗത്തിന് കൊള്ളാമോ ഇല്ലയോ എന്ന് തീരുമാനിക്കുവാനുള്ള വസ്തുതകൾ ഞങ്ങളുടെ കൈവശം ഇല്ല. ഇതിൽ പ്രധാനമായി അടങ്ങിയിട്ടുള്ളതു് ഭരണഘടനയിൽ അനുവദിച്ചുതന്നിട്ടുള്ള ഒരു പ്രധാനവകുപ്പിന്റെ വ്യാഖ്യാനത്തിന്റെ പ്രശ്നമാണ്. പാർട്ടി വ്യവസ്ഥയിൽ ഭരണം നടത്തുന്ന ഇൻഡ്യയിൽ മാറിമാറി വരുന്ന ഭരണകർത്താക്കളുടെ ഇഷ്ടാനിഷ്ടങ്ങൾമാത്രം നോക്കി നിയമനങ്ങൾ നടത്തുകയാണെങ്കിൽ അതു് സർവ്വീസിന്റെ കാര്യക്ഷമതയെയും പരിശുദ്ധിയെയും പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ടാണ്, ഭരണഘടനാകർത്താക്കൾ ഗവണ്മെന്റിൽനിന്നും സ്വതന്ത്രമായ ഒരു സർവ്വീസ്കമ്മീഷനു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അതിലുള്ള പഴുതുകളിൽ കടിച്ചുതൂങ്ങി ഉദ്ദേശത്തെ പരാജയപ്പെടുത്താതെ, അർത്ഥത്തെ ആസ്പദമാക്കി സ്പിരിട്ടിനെ മാനിച്ചുകൊണ്ട് ഉദ്ദേശത്തെ നിറവേററുകയാണ് നമ്മുടെ കടമ. ഭരണകക്ഷി മറിച്ചാണ് ചെയ്യുന്നതു്. കാൺഗ്രസ്ഭരണം ഏറെറടുത്തതിനു ശേഷമുള്ള കഴിഞ്ഞ രണ്ടുകൊല്ലത്തെ അനുഭവംവച്ചു നോക്കിയാൽ, ഈ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊരു പഴുതുകളും ഉപയോഗപ്പെടുത്തുവാൻ, അതു് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ, നമുക്കു ഇന്നുള്ള ഭരണകക്ഷിയെ അനുവദിച്ചുകൂടായെന്നു നമുക്കു ബോദ്ധ്യമാകും. നമ്മുടെ ഭരണഘടന തയ്യാറായി ഒരു വർഷത്തിനകം, അതായതു് ആലങ്കാരിക ഭാഷയിൽ പറഞ്ഞാൽ, ഭരണഘടന എഴുതിയ മഷി ഉണങ്ങുന്നതിനു മുമ്പുതന്നെ അതിലെ ഏററവും പ്രധാനപ്പെട്ട വകുപ്പായ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തെ വകവച്ചുതരുന്ന എന്ന ൧൯-ാം വകുപ്പ് മാററി എഴുതുവാൻ തുനിഞ്ഞ [illegible] നമ്മെ ഭരിക്കുന്നതു്. ഭരണഘടനയോടുള്ള അവരുടെ മനോഭാവം, അതിലുള്ള നല്ല ഭാഗങ്ങൾ മാററിയെഴുതുവാനും പഴുതുകൾ ദുരുപയോഗപ്പെടുത്തുവാനും ആണ്. അമേരിക്കൻ ഡിക്ലറേഷൻ ആഫ് ഇൻഡിപ്പെൻഡൻസ് ഒരു അൺഅമേരിക്കൻ രേഖയാണെന്ന് പരിഗണിക്കുന്ന ചില അമേരിക്കൻ ഭരണാധികാരികളെപ്പോലെ ഇൻഡ്യൻ ഭരണഘടന ഒരു കമ്മ്യൂണിസ്റ്റ്രേഖയാണെന്ന് പ്രസ്താവിക്കുന്ന ചില ഭരണാധികാരികൾ ഇവിടെയും ഉണ്ടെന്നു വിശ്വസിക്കുന്നതിൽ തെററില്ല.

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

കഴിഞ്ഞ വർഷത്തിൽ ഒരു ഉദ്യോഗസ്ഥന്റെമേൽ അഴിമതിക്കുററം സ്ഥാപിച്ചു് സർവ്വീസിൽനിന്നും പിരിച്ചുവിട്ടപ്പോൾ, അദ്ദേഹം തന്റെ ബന്ധുവായതിനാൽ അദ്ദേഹത്തെ സഹായിക്കേണ്ടതു് തന്റെ കടമയാണെന്നും ബന്ധുക്കളെ സഹായിക്കുകയെന്നുള്ളതു് വെറും സാധാരണ മര്യാദമാത്രമാണെന്നും തുറന്നു് പ്രസ്താവിച്ച ഒരു മന്ത്രി ഇന്നു് മന്ത്രിസഭയിൽ ഉള്ളപ്പോൾ, ഈ ൩൨൦-ാംവകുപ്പിലെ ൩-ാംഉപവകുപ്പിലുള്ള പഴുതു് ഉപയോഗിക്കുവാൻ, പബ്ലിക്ക്സർവ്വീസ് കമ്മിഷനെ കവച്ചുവച്ചു് പ്രധാന നിയമനങ്ങൾ നടത്താൻ ഈ മന്ത്രിസഭയെ ഒരു കാലത്തും അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു കാണാവുന്നതാണു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ആ മന്ത്രിയുടെ പേരു് പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള : അദ്ദേഹത്തിന്റെ പേർ എല്ലാവർക്കും അറിവുള്ളതിനാൽ പറയണമെന്നു് വിചാരിക്കുന്നില്ല. ഈ തുറന്ന പ്രസ്താവന പത്രത്തിൽ വന്നതു് എല്ലാവരും വായിച്ചിരിക്കും.

Mr. Speaker : That argument is based on some newspaper report.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഞാൻ ആവിഷ്കരിച്ച ഒരു തത്വത്തിനു ഉദാഹരണം പറഞ്ഞുവെന്നേയുള്ളു. പത്രത്തിൽ കണ്ട റിപ്പോർട്ടല്ല എന്റെ വാദഗതിയ്ക്കടിസ്ഥാനം.

പിന്നീടു് മി. മൊറായിസ് ഇവിടെ ഉന്നയിച്ച വാദഗതികൾക്കും മറുപടി പറയേണ്ട ആവശ്യമില്ല. മി. മൊറായിസ് വിവരിച്ച സംഗതികൾതന്നെ പബ്ളിക്ക് സർവ്വീസ്കമ്മിഷന്റെ അധികാരപരിധിയിൽ വരുന്നതാണു്. ൩൨൦-ാംവകുപ്പിലെ ൩-ാം ഉപവകുപ്പിൽ സർക്കാർ സർവ്വീസിലുള്ള ഒരാളെ മാററുന്നതിനും അയാൾക്കു് പ്രൊമോഷൻ കൊടുക്കുന്ന സംഗതിയിലും പബ്ളിക്ക്സർവ്വീസ്കമ്മിഷനോടു് ആലോചിയ്ക്കണമെന്നു വളരെ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ടു്.

Shri J. T. Moraes : That is the reason, why this regulation itself was made.

ശ്രീ. പി. ഗോവിന്ദപ്പിള്ള : അതുകൊണ്ടുതന്നെയാണു്, ഞങ്ങൾക്കു് കിട്ടിയ അവസരം ഉപയോഗിച്ചു് ഈ പര്യാലോചനത്തെ എതിർക്കുന്നതും. അതുകൊണ്ടാണു ആലോചിക്കേണ്ടതു്, ചില തത്വങ്ങൾ പാലിക്കേണ്ടതുമാണെങ്കിലും, മററുവിധത്തിൽ വളരെ സമർത്ഥവും പ്രയോജനകരവുമായ ഒരു പദ്ധതിയാണോ ഇതു് എന്നാണു്. തകരാറുകൾപെടാത്ത Fool proof scheme അല്ല ഇതു്. കമ്മ്യൂണിററി പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ യാതൊരു പദ്ധതികളും നമ്മുടെ ഗവണ്മെൻറിനില്ലെന്നും ഉള്ള പദ്ധതി തന്നെ വ്യക്തമല്ലെന്നും പരാതി ഉണ്ടായിട്ടുണ്ടു്. അതിന്റെ വിജയസാദ്ധ്യതയെ സംബന്ധിച്ചു് ഭരണകക്ഷിയിലെ ഒരു പ്രമുഖാംഗമായ ശ്രീ. സി. നാരായണപിള്ള അവർകൾ സംശയം പ്രകടിപ്പിച്ചിട്ടുള്ളതായി പത്രങ്ങളിൽ വായിക്കുവാൻ ഇടയായി. അദ്ദേഹം ഈ പദ്ധതി തീർച്ചയായും പരാജയപ്പെ

ടുമെന്നു് പ്രസ്താവിക്കുകയുണ്ടായി. ഏതുകക്ഷികൾ ഒന്നടങ്കം സംശയിക്കുന്ന ഒരു പദ്ധതിക്കുവേണ്ടി ഭരണകക്ഷിക്കുപോലും വിശ്വാസമില്ലാത്ത ഒരു പദ്ധതിക്കുവേണ്ടി പണം കോരിവാരി ചെലവു് ചെയ്യുന്നതു് ബുദ്ധിപൂർവകമാണോയെന്നു് നാം ബോധപൂർവം ചിന്തിക്കേണ്ടതാണു്. അങ്ങനെ, കുഴപ്പങ്ങളും തകരാറുകളും നിറഞ്ഞ ഒരു കാര്യത്തിൽ ഒരു ക്രമക്കേടുകൂടി വരുത്തിവയ്ക്കുകയാണു് ഈ റെഗുലേഷൻ ചെയ്യുന്നതു്.

ഈ റഗുലേഷൻ റദ്ദുചെയ്തു്, കമ്മ്യൂണിററി പ്രോജക്ടിലേക്കുള്ള നിയമനങ്ങൾ, സാധാരണ ഗതിയിൽ പബ്ളിക്സർവ്വീസ്കമ്മിഷൻ മുഖാന്തരംതന്നെ ചെയ്യാത്തപക്ഷം അതു് പദ്ധതിയുടെ വിജയത്തെത്തന്നെ ബാധിക്കുമെന്നതു് നിസ്തർക്കമാണു്. സ്വജനപക്ഷപാതത്തിനു് കുപ്രസിദ്ധി നേടിയിട്ടുള്ള കാൺഗ്രസ്സു് മന്ത്രിമാരുടെ കയ്യിലേക്കു്, ഭരണഘടനയുടെ പഴുതുകളെ ദുരുപയോഗപ്പെടുത്തി, പബ്ളിക്ക് സർവ്വീസ് കമ്മിഷനെ കവച്ചു് നിയമനങ്ങൾ നടത്താനുള്ള അനുവാദം നൽകിയാൽ ഫലം, ജനങ്ങളെ സംബന്ധിച്ചിടത്തോളം കയ്പേറിയതായിരിക്കും. പദ്ധതിയെ സംബന്ധിച്ചിടത്തോളം അപകടകരവും—

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ഇവിടെഅവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ അങ്ങേ അററം പിൻതാങ്ങുന്നു. ഈ അമെൻഡമെൻറിനെ എതിർത്തുകൊണ്ടു് കാൺഗ്രസ്സു് പാർട്ടിയിലെ പല ആളുകളും ഇവിടെ പ്രസംഗിച്ചപ്പോൾ ഞാൻ ആലോചിച്ചു്, ഇതെന്താണു് ഇവരിങ്ങനെ സംസാരിക്കുന്നതെന്നു്. ശ്രീമാൻ നടരാജപിള്ള അവർകൾ ഹാജരാക്കിയിട്ടുള്ള ഭേദഗതി ഏററവും ന്യായയുക്തമായ ഒന്നാണു്. സർ, ഭരണഘടനയിൽ ഒരു പബ്ളിക്ക്സർവ്വീസ് കമ്മിഷനെ ഈ സംസ്ഥാനത്തു് നിയമിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിൻെറ അർത്ഥം എന്താണെന്നു് ഇവർ മനസ്സിലാക്കിയിട്ടുണ്ടെന്നുപോലും ഞാൻ സംശയിക്കുന്നു. പാർട്ടീസിസ്റ്റം നടപ്പിലിരിക്കുന്ന ഒരു രാജ്യത്തു് അവിടെ സിവിൾസർവ്വീസിലേക്കു് ആളുകളെ നിയമിക്കുവാനുള്ള അധികാരം, അന്നന്നു് അധികാരത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷികൾക്കു് വിട്ടുകൊടുക്കുന്നപക്ഷം, സിവിൾസർവ്വീസിനെ അവർ അവരുടെ രാഷ്ട്രീയ പ്രചരണങ്ങൾക്കുള്ള ഉപകരണങ്ങളായി ഉപയോഗിക്കുവാൻ മടിക്കുകയില്ല. ഈ തത്വം മനസ്സിലാക്കിക്കൊണ്ടാണു് കഴിഞ്ഞ കാൺസ്റ്റിട്യൂവൻറ് അസംബ്ളി ഒരു കമ്മിഷനെ നമ്മുടെ രാജ്യത്തു് നിയമിക്കണമെന്നു് വ്യവസ്ഥയുണ്ടാക്കിയതു്. സർക്കാരിനു് ഉടൻ ചെയ്തുതീർക്കേണ്ട ചില സംഗതികൾക്കുവേണ്ടിയുള്ള നിയമനം താൽക്കാലത്തേക്കു് നടത്തുന്നതിനു് മന്ത്രിസഭയ്ക്കു് അധികാരം നൽകുന്നതിൽ ഞങ്ങൾക്കു എതിരില്ല. എന്നാൽ കമ്മ്യൂണിററിപ്രോജക്ററുപോലെയുള്ള ഒരു ദീർഘകാലപദ്ധതിക്കുവേണ്ടിയുള്ള ആവശ്യത്തിലേക്കു് ഉദ്യോഗസ്ഥന്മാരെ താൽക്കാലം മൂന്നുമാസത്തേക്കുപോലും നിയമിക്കുവാനുള്ള അധികാരം ഭരണകക്ഷിക്കു് നൽകുകതന്നെയുള്ള ഒരു ഭേദഗതിയാണു് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ അവസരത്തിൽ ഒരു സംഗതി ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ പദ്ധതിയെ സംബന്ധിച്ചു് ഞങ്ങൾക്കുമാത്രമല്ല, രാജ്യത്തുള്ള ഒരു വലിയ വിഭാഗം ജനങ്ങൾക്കു് സംശയമുണ്ടു്. നമ്മുടെ രാജ്യത്തെ ജനങ്ങളെ സാമൂഹ്യമായും സാമ്പത്തികമായും ഉയർത്തുവാനുള്ള ഒരു പദ്ധതിയല്ല ഇതെന്നു്

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഇവിടെയുണ്ട്. ഇതിന്റെ പിന്നിൽ ചില രാഷ്ട്രീയ രഹസ്യങ്ങൾ, അതായത് ചില സൈഫർബ്യൂറോകൾതന്നെ ഉണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. എന്റെ സ്നേഹിതൻ രഹസ്യമായി പറയുന്നതുപോലെ ഒരു അമേരിക്കൻ ഈസ്റ്റ് ഇൻഡ്യാകമ്പനി ഇവിടെ സ്ഥാപിക്കുവാനുള്ള ഒരു ശ്രമമാണ് ഞങ്ങൾ ഇതിന്റെ പിന്നിൽ കാണുന്നത്. ബ്രിട്ടീഷ് അമേരിക്കൻ മൂലധനവും അവരുടെ മേധാവിത്വവും ഇവിടെ ഇറക്കുമതി ചെയ്യുവാനുള്ള ഒരു പദ്ധതിയാണ് ഇത്. ഇന്ന് അധികാരത്തിലിരിക്കുന്ന കക്ഷി അവരുടെ പിണിയാളുകളായി, അവരുടെ യജമാനന്മാരുടെ പദ്ധതി ഇവിടെ നടപ്പിലാക്കുവാൻ പരിശ്രമിക്കുകയാണ്. അങ്ങനെയുള്ള ഒരു പദ്ധതി ഇവിടെ നടപ്പിൽ വരുത്തണമെങ്കിൽ അതിന്റെ പ്രവർത്തനം വളരെ രഹസ്യമായിരിക്കേണ്ടതാണ്. അതിന്റെ പിന്നിലുള്ള രഹസ്യങ്ങൾ ഇവിടത്തെ പ്രതിപക്ഷകക്ഷികളിൽനിന്നും ബഹു: ജനങ്ങളിൽനിന്നും മറച്ചുവയ്ക്കുന്നതിനുവേണ്ടി ഭരണകക്ഷിക്ക് പ്രത്യേകം വിശ്വാസമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതായിവരും.

ശ്രീ. എം. വി. ചെറിയാൻ : സർ, ഒരു ചോദ്യം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അവിടെ ഇരിക്കണം.

Mr. Speaker : Please do not use such language.

ശ്രീ. പരീതു റാവുത്തർ : ഈ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നത് റഷ്യയുടെ പണമായിരുന്നുവെങ്കിൽ ഈ തെറ്റിദ്ധാരണ ഉണ്ടാകുമായിരുന്നുവോ ?

ശ്രീ. എൻ. രാഘവക്കുറുപ്പ് : രാഷ്ട്രത്തിന്റെ ഉത്തമ താൽപര്യങ്ങൾ ഒഴിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണെങ്കിൽ നിങ്ങളേക്കാൾ വീറോടുകൂടി അതിനെ എതിർക്കുവാനുള്ള ചങ്കൂറ്റം ഞങ്ങൾക്കുണ്ട്. അക്കാര്യത്തിൽ റഷ്യയെന്നും അമേരിക്കയെന്നുമുള്ള വ്യത്യാസം ഞങ്ങൾക്കില്ല. ഈ പദ്ധതിയുടെ അടിയിൽ തീർച്ചയായും ചില രാഷ്ട്രീയ രഹസ്യങ്ങളുണ്ട്.

ശ്രീ. ജെ. ററി. മൊറായിസ് : നിങ്ങൾ ഇരിക്കണമെന്നു പറഞ്ഞതു ശരിയാണോ ?

Mr. Speaker : The hon. Member cannot use such language.

Shri J. T. Moraes: If he speaks anything, that must be through the Speaker, and not direct to the Member.

Mr. Speaker : That is the correct position.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതുകൊണ്ട് ഞങ്ങളുടെ ഈ സംശയം............

ശ്രീ. എം. വി. ചെറിയാൻ : ഞങ്ങളുടെ സംശയമെന്നു പറഞ്ഞാൽ അതാരുടേതാണ്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ ഭാഗത്തിരിക്കുന്ന ഞങ്ങളുടേയും ഞങ്ങളെപ്പോലെ ചിന്തിക്കുന്ന മററ് ആളുകളുടേയും സംശയം എന്നാണ്. I belong to a particular party, and I refer to that party.

അതുകൊണ്ട് ഞങ്ങളുടെ ഈ സംശയം വളരെ ശരിയാണെന്നാണ് മനസ്സിലാക്കേണ്ടതു്. കഴിഞ്ഞദിവസം ഒരു ചോദ്യത്തിനുത്തരമായി ചീഫ്മിനിസ്റ്റർ പറഞ്ഞു, സൈഫർബ്യൂറോ എന്നു പറയുന്നതു് സെൻട്രൽഗവണ്മെൻറും അദ്ദേഹവുമായി രഹസ്യകാര്യങ്ങൾ ഡീൽചെയ്യുന്ന ഒരു ബ്രാഞ്ചാണെന്നു്. അതുപോലെ മറെറാരു രഹസ്യഡിപ്പാർട്ട്മെൻറ് ഇവിടെ സ്ഥാപിക്കുകയാണ് ഈ കമ്മ്യൂണിററിപ്രോജക്ററുമൂലം ഗവണ്മെൻറ ചെയ്യുന്നതു്. അമേരിക്കൻഗവണ്മെൻറും, സെൻട്രൽഗവണ്മെൻറും തിരുവിതാംകൂർ-കൊച്ചിഗവണ്മെൻറും തമ്മിലുള്ള രഹസ്യാലോചനകളുടേയും ഇടപാടുകളുടേയും കാര്യങ്ങൾക്കായി പ്രവൎത്തനം നടത്തുന്ന ഒന്നാണ് ഈ കമ്മ്യൂണിററിപ്രോജക്ററ്. ഇവിടെ ഏററവും ശക്തിയായി മുമ്പോട്ടുവരുന്ന ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളെ എതിർക്കുവാൻവേണ്ടി ഇവിടത്തെ കോൺഗ്രസ്സ് സക്കാരിനും അമേരിക്കയിലെ മുതലാളിത്തസക്കാരും കൂടി ആലോചിച്ചു് തയ്യാറാക്കിയിട്ടുള്ള ഒരു കൂട്ടുകെട്ടാണ് ഇതു്. ഈ നാട്ടിനെ അമേരിക്കയ്ക്കും അതിൻെറ പിണിയാളുകൾക്കുമായി അടിയറ വയ്ക്കുവാൻവേണ്ടി, ഇതേസംബന്ധിച്ചു് അഭിപ്രായവ്യത്യാസമുള്ള ആളുകളെ ഒരു വിവരവും അറിയിക്കാതിരിക്കത്തക്ക ശക്തിയും തയ്യാറുമുള്ള നാട്ടിനെ ഒററികൊടുക്കുവാൻ തയ്യാറുള്ള ഒരുകൂട്ടം ആളുകളെ ഇവിടത്തെ പണം കൊടുത്തു് ഉദ്യോഗസ്ഥന്മാരെന്നപേരിൽ സൃഷ്ടിക്കുവാനുള്ള ഒരു പണിയാണിതു് എന്നു വ്യക്തമാക്കിയിട്ടുണ്ട്.

Mr. Speaker: So far as the amendment before the House is concerned, the hon. Member has gone far beside the point.

Shri N. Raghava Kurup: I know that is the reason behind the psychological fact behind it.

ശ്രീ. എ. കുഞ്ഞൻനാടാർ: കമ്മ്യൂണിററിപ്രോജക്ട് ഇവിടെ വേണമെന്നാണോ വേണ്ടെന്നാണോ മെമ്പറുടെ അഭിപ്രായം?

[3 P. M.]

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇവിടത്തെ ആളുകൾക്ക് ആവശ്യമുള്ള വിധത്തിൽ ഇവിടത്തെ പൊതുജനങ്ങളെ കോൺഫിഡൻസിൽ എടുത്തു് അവരെ സഹായിക്കുന്നതിനുള്ള ഒരു പ്രോജക്ററാണ് ഇതെങ്കിൽ തരക്കേടില്ല. എന്നാൽ ഇന്നു അതു് ഇവിടത്തെ പുരോഗതിയിൽ വിശ്വസിക്കുന്ന ആളുകളെ തോല്പിക്കുന്നതിനുള്ള ഒരു പദ്ധതിയായിട്ടാണ് കാണുന്നതു്. അങ്ങിനെയുള്ള ഒരു കമ്മ്യൂണിററി പ്രോജക്ററ് ഞങ്ങൾ ഇവിടെ അനുവദിക്കാൻപോകുന്നില്ലെന്നാണ് എനിക്കു മറുപടിയായി പറയാനുള്ളതു്.

ശ്രീ. പരീതുരാവുത്തർ: പൊതുജനങ്ങൾക്ക് ഈ പദ്ധതി ഉപകാരപ്രദമല്ലെന്ന് ബോദ്ധ്യപ്പെട്ടോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ പദ്ധതി അങ്ങേഅററം ദ്രോഹപരമാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

ഈമാതിരി സൌഹൃദോദ്യോഗങ്ങൾ സർക്കാർ സൃഷ്ടിക്കുന്നതു അങ്ങേഅററം അധഃപതിച്ച ഒരു നയമാണെന്നു പറയുന്നതിനു ഞാൻ മടിക്കുന്നില്ല. രാഷ്ട്രീയ രഹസ്യങ്ങൾക്കു പൊതിഞ്ഞൊളിക്കുന്നതിനല്ലെങ്കിൽ പിന്നെ എന്തുകൊണ്ട് ശ്രീ. നടരാജപിള്ളയുടെ അമൻറ്മെൻറ് സ്വീകരിച്ചുകൂടാ എന്നു ഞാൻ ചോദിക്കുന്നതു്. പബ്ളിക്കസർവ്വീസ് കമ്മിഷൻെറ നടപടികളെക്കൂടി തൃണവൽഗണിച്ചുകൊണ്ട് ഗവണ്മെൻറ് ഉദ്യോഗം നൽകി എന്നുള്ളതിനു വ്യക്തമായ തെളിവുണ്ട്. ഇൻഡ്യൻ കാൺസ്റ്റിററ്യൂഷൻ ൩൨൩-ാം വകുപ്പിൻപ്രകാരം ഓരോ കൊല്ലവും പബ്ളിക്കസർവ്വീസ് കമ്മിഷൻ ഒരു റിപ്പോർട്ട് രാജപ്രമുഖന് സമർപ്പിക്കേണ്ടതായിട്ടുണ്ട്. അങ്ങിനെ റിപ്പോർട്ടു കിട്ടിയാൽ വലിയ താമസം കൂടാതെ, പബ്ളിക്ക്സർവ്വീസ്കമ്മിഷൻെറ ഉപദേശങ്ങളേയും ശുപാർശകളേയും നിരസിച്ചുകൊണ്ട് ഏതെല്ലാം ഉദ്യോഗത്തിലാണ് ആളുകളെ നിയമിച്ചിരിക്കുന്നതെന്നുകാണിച്ച് ഒരു റിപ്പോർട്ടു ഈ അസംബ്ളിയുടെ മുമ്പിൽ വയ്ക്കണമെന്നുണ്ട്. എൻെറ അറിവു ശരിയാണെങ്കിൽ പബ്ളിക്ക്സർവീസ് കമ്മിഷനുണ്ടായിട്ട് രണ്ടുകൊല്ലത്തിനു മുകളിലായി എന്നു പറയാം. എന്നാൽ ഇതുവരെ അങ്ങനെ ഒരൊററ റിപ്പോർട്ടു പോലും ഈ സഭയിൽ വച്ചിട്ടില്ല. ആ നിലയിൽ ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിൽ പറയുന്ന നിയമങ്ങളെപോലും അപലപിച്ചുകൊണ്ട് അദ്ദേഹം പണ്ടു പറഞ്ഞതുപോലെ ഒരുവശത്തു് റിട്ടൺ നിയമവും മറുവശത്തു് വാക്കാലുള്ള സ്വന്തനിയമവുമായിട്ടാണ് കാര്യങ്ങൾ നടത്തുന്നതു്. ഇഷ്ടംപോലെ ചെയ്യുന്നതിനുള്ള ഒരു നിയമമുണ്ടാക്കിക്കൊടുത്താൽ നാട്ട് പിന്നെ എങ്ങോട്ടാണു പോകുന്നതെന്നു നാം പ്രത്യേകം ആലോചിക്കണം. നാടിനെ കൊള്ളയ്ക്കും അന്യർക്കു കാഴ്ചവയ്ക്കുന്നതിനും അനുവദിക്കുന്ന നേതൃത്വത്തെ മാററിവച്ച് കാൺഗ്രസ്സ് ബഞ്ചുകളിലുള്ള നല്ല ആളുകൾ ശ്രീ. നടരാജപിള്ളയുടെ അമൻറ്മെൻറിനെ അനുകൂലിക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: ശ്രീ. നടരാജപിള്ളയുടെ ഭേദഗതിയെ ഞാൻ എതിർക്കുകയാണു ചെയ്യുന്നതു്. അങ്ങനെ എതിർക്കുന്നതിന് എൻെറ മാന്യസ്നേഹിതൻ ശ്രീ. രാഘവക്കുറുപ്പ് ഉദ്ദേശിച്ച കാര്യമല്ല ഉള്ളതു്. രാഷ്ട്രീയപ്രചരണം നടത്താൻവേണ്ടി കമ്മ്യൂണിററി പ്രോജക്ററിനെ ഒരു കരുവാക്കി ഉപയോഗിക്കണമെന്നു കാൺഗ്രസ്സ്പാർട്ടി ആഗ്രഹിക്കുന്നില്ലെന്നുള്ള വിവരം ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. കാൺഗ്രസ്സ്പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ പ്രചരണം നടത്തുന്നതിനു വ്യക്തമായ ചില പദ്ധതികളുണ്ട്. കഴിഞ്ഞ ൬൭ കൊല്ലക്കാലത്തെ പാരമ്പര്യവും കാൺഗ്രസ്സിനുണ്ട്. കമ്മ്യൂണിററി പ്രോജക്ററിനെപ്പററി ഇവിടെ പ്രതിപാദിക്കുന്ന അവസരത്തിൽ എതിർപക്ഷത്തുള്ള ചില മെമ്പറന്മാർ വളരെയധികം പരിഭ്രമം കാണിക്കുന്നുണ്ട്. ഈ രാജ്യത്തിൻെറ ഉന്നമനത്തിനും ജനങ്ങളുടെ ക്ഷേമത്തിനുംവേണ്ടി ഗവണ്മെൻറു പ്രവത്തനം ആരംഭിക്കുമ്പോൾ അവർ പരിഭ്രമിക്കുന്നതിൽ അത്ഭുതമില്ല. കാരണം ഈ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പമുണ്ടാക്കി അങ്ങേഅററം അവരെ നിരാശരാക്കി

ന്നാലെ ഒരു സായുധവിപ്ലവത്തിനു കളമൊരുക്കാൻ സാധിക്കുകയുള്ളു എന്നു് അവർ വിശ്വസിക്കുന്നു. ആ നിലയിലാണു് പുരോഗമനപരമായ എല്ലാ പ്രസ്ഥാനങ്ങളേയും അവർ എതിർക്കുന്നതു്. കമ്മ്യൂണിററി പ്രോജക്ററു് ഈ രാജ്യത്തു് നടപ്പിലാക്കുകയാണെങ്കിൽ അതു ഇവിടത്തെ ഗ്രാമീണജനതയ്ക്കു് വളരെ ആശ്വാസം നൽകും. അങ്ങിനെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും തീൎന്നു് സംതൃപ്തരായ ഒരു ജനതയെ ഒരു സായുധവിപ്ലവത്തിലേക്കു നയിച്ചു് അവരുടെ സ്വേച്ഛാധിപത്യം ഇവിടെ സ്ഥാപിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ടാണു അവർ കമ്മ്യൂണിററി പ്രോജക്ററിനെ എതിർക്കുന്നതെന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നുണ്ടു്.

ഈ അവസരത്തിൽ ഒരു കാൎയ്യംകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് ആരുടെയും സഹായംകൊണ്ടു് നടത്തുന്നതല്ല. ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററു് ജവഹർലാൽ മുതൽ ഇങ്ങേയററം വരെയുള്ള ആളുകൾ വ്യക്തമാക്കിയിട്ടുള്ള ഒരു കാൎയ്യമാണു്. ധനസഹായം ആരിൽനിന്നു കിട്ടിയാലും, യാതൊരു രാഷ്ട്രത്തിന്റെയും രാഷ്ട്രീയകരുക്കളായി ഇൻഡ്യ അടിമപ്പെടുവാൻ തയാറില്ല എന്നു് ഇൻഡ്യയുടെ പുരോഗതിക്കുവേണ്ടി ആരിൽനിന്നു ധനസഹായം കിട്ടിയാലും സ്വതന്ത്രമായ ഒരു നില പരിരക്ഷിക്കുന്നതിനുള്ള ഏററവും മാതൃകാപരമായ ഒരു വിദേശനയം ഇൻഡ്യ സ്വീകരിച്ചിട്ടുണ്ടെന്നു് ആർക്കും കാണാൻ കഴിയും. അതുകൊണ്ടു് ധനസഹായം അമേരിക്കയിൽനിന്നു കിട്ടിയാലും ഫ്രാൻസിൽനിന്നു കിട്ടിയാലും വിദേശനയം ഒരു ന്യൂനതയും കൂടാതെ നിഷ്പക്ഷമായും രാജ്യക്ഷേമകരമായും തുടരുകതന്നെ ചെയ്യും. യാതൊരു വിദേശരാജ്യങ്ങളുടേയും ചൈസ്സു ആയി പ്രവൎത്തിക്കണമെന്നു് ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. കാൺഗ്രസ്സു് പാൎട്ടിയും ആഗ്രഹിക്കുന്നില്ല. എന്നാൽ അങ്ങനെ പ്രവൎത്തിക്കണമെന്നാഗ്രഹിക്കുന്ന ചിലർ എതിർപക്ഷത്തിരിക്കുന്നുണ്ടു്. റഷ്യയുടെ ചാരന്മാരായി പ്രവൎത്തിക്കുന്നു എന്നു് ഇൻഡ്യൻ പാർലമെൻറിൽ വെല്ലുവിളിച്ചപ്പോൾ അതിനെ എതിർക്കാൻ ആൎക്കും സാധിച്ചില്ല.

ശ്രീ. സി. അച്യുതമേനോൻ: സർ, ഒരു പായിൻറു് ആഫ് ആർഡർ. ബഹുമാനപ്പെട്ട മെംബർ റഫർചെയ്യുന്ന സംഗതി പാർലമെൻറിലെ പ്രിവിലേജസ്കമ്മിററിയിൽ ഇരിക്കുകയാണു്. അതുകൊണ്ടു് അതു് ഇവിടെ റഫർചെയ്യുന്നതു് ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

Mr. Speaker: I was very vigilant in following the wording used by the hon. Member that when a Member in the Central Legislature challenged the Communists, nobody was prepared to accept the challenge. He stopped there.

ശ്രീ. ടി. വി. തോമസ്: പാർലമെൻറു് റിക്കാർഡിനു് എതിരായി കളവു പറയാമോ? അതു പാർലമെൻറിൽ ചലഞ്ചു് ചെയ്തിട്ടുണ്ടു്. I refute that.

Mr. Speaker: That incident took place in the Central Legislature. That matter has been referred to the Privileges Committee and it is pending before the Privileges Committee. The hon, Member did not say anything further,

ശ്രീ. ടി. വി. താമസ്: സെൻട്രലിൽ ആ സ്റ്റേററമെൻറ് പ്രസ്താവിച്ചപ്പോൾ അതിനെ കമ്മ്യൂണിസ്ററുകാർ ചലഞ്ച് ചെയ്തില്ല എന്നു പറഞ്ഞു.

Mr. Speaker: I understood that the Communist members did not accept the challenge and when that fact was mentioned in this House, the Communist members on this side of the House did not challenge.

ശ്രീ. ടി. വി. താമസ്: പായിൻറ് ഓഫ് ഓർഡർ അതല്ല.

Mr. Speaker: Let me follow his speech.

ശ്രീ. കെ. കരുണാകരൻ: കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം, യാതൊരു രാഷ്ട്രത്തിൻെറയും ചാരവൃത്തി നടത്തണമെന്നുദ്ദേശിച്ചിട്ടില്ല, ഉദ്ദേശിക്കുന്നുമില്ല. നാളിതുവരെ ആ രീതിയിൽ പ്രവർത്തിച്ചിട്ടുമില്ല. എൻെറ എതിർപക്ഷത്തിരിക്കുന്ന മെമ്പറന്മാരുൾപ്പെട്ട രാഷ്ട്രീയപാർട്ടിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളും നയവും സൂക്ഷ്മമായി പരിശോധിച്ചാൽ ആ പാർട്ടി റഷ്യയുടെ ചാരപ്രവൃത്തി നടത്തിട്ടുണ്ടെന്നും ആ കാര്യം ഈ രാജ്യത്തിൻെറ ഒരററം മുതൽ മറേറ അററംവരെയുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ അറിഞ്ഞിട്ടുണ്ടെന്നും പറയാൻ കഴിയും.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട വിയ്യൂർ മെമ്പർ റെസലൂഷനെപ്പററിയോ അമെൻറ്മെൻറിനെപ്പററിയോ ഒന്നും സംസാരിച്ചില്ല.

ശ്രീ. കെ. കരുണാകരൻ: കമ്മ്യൂണിററി പ്രോജക്റ്റ് പ്രവർത്തനത്തെ ഈ രാജ്യത്തെ ഗ്രാമീണജനത വളരെ ആശയോടുകൂടി ഉററുനോക്കിക്കൊണ്ടിരിക്കയാണ്. സർ, എതിർപക്ഷത്തിരിക്കുന്ന ആളുകൾക്ക് ക്ഷമയില്ലെന്നു വളരെയധികം വ്യക്തമാക്കിക്കഴിഞ്ഞു. ഏതായാലും എനിക്ക് ആരുടേയും വക്കാലത്ത് ആവശ്യമില്ല. ൧൯൪൨-ൽ ജപ്പാൻ ഇൻഡ്യ ആക്രമിക്കാൻ വരുന്നു എന്നു കേട്ടപ്പോൾ അവർ ക്ഷമകേടു കാണിച്ചു. അതുപോലെ തന്നെ ഹൈദ്രബാദിലെ രാജവാഴ്ച അവസാനിപ്പിക്കുന്ന കാര്യത്തിൽ അവർ ക്ഷമകേടു കാണിച്ചിരുന്നു. എന്നും അവർ അക്ഷമരാണ്. അങ്ങനെ അക്ഷമയുടേയും വിശ്വാസമില്ലായ്മയുടേയും പാരമ്പര്യമുള്ള ഒരു പാർട്ടിക്ക് ഇവിടെ എന്താണു പറയുന്നതെന്നു കേൾക്കാനുള്ള ക്ഷമ ഇല്ലാതെവരുമെന്ന് എനിക്കറിയാം.

സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നതു കഴിയുന്നതും വേഗത്തിൽ കമ്മ്യൂണിററി പ്രോജക്ററ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവരാൻ വേണ്ടിയാണ്. സാങ്കേതിക തടസ്സങ്ങളിലേക്കു പ്രവേശിക്കുകയാണെങ്കിൽ കാര്യനടത്തിപ്പിനു വളരെയധികം കാലതാമസം ഉണ്ടാകും.

മറെറാരു കാര്യം എനിക്കു പ്രധാനമായി പറയുവാനുള്ളതു് ഇതു സംബന്ധിച്ചുള്ള നിയമനത്തെപ്പററിയാണ്. ഈ നിയമനങ്ങൾ നിലവി

ലുള്ള സർവ്വീസിൽനിന്നും കുറഞ്ഞ കാലത്തേക്ക് ഒരു പ്രത്യേക ജോലി നോക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ളതാണ്. അത് ഒരു പ്രമോഷനോ ട്രാൻസ്ഫറോ അല്ല. മററുള്ളവരുടെ യാതൊരവകാശങ്ങളേയും നിഷേധിക്കുന്നതുമല്ല. താൽക്കാലികമായി ഡെപ്യൂട്ട് ചെയ്യുന്ന ഒരു കാര്യം പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് റെഫർ ചെയ്യണമെന്നു പറഞ്ഞാൽ അതു സ്വീകാര്യമാണെന്ന് എനിക്കു തോന്നുന്നില്ല. രാജ്യക്ഷേമകരമായ പദ്ധതികളിൽ സാങ്കേതികമായ വശത്തു തൂങ്ങിനിൽക്കാതെ താൽക്കാലികമായി എടുത്തിട്ടുള്ള നടപടിയെ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

Shri A. Thanu Pillai: A good deal of the talk that we have been listening to has very little to do with the motion before the House. We are concerned only with a specific issue as to whether the regulation passed by the Rajpramukh can be approved or not. Of course, the State has not got occasion to discuss the various aspects of the question at all. Now, Sir, after hearing the very violent speeches from the ministerial party side, I am not at all satisfied that the Government were right in having the regulation promulgated and passed. I thought, Sir, that the Chief Minister will give us his justification. On the other hand he gave us only certain names of the persons selected, their pay and qualifications etc. These were as irrelevant to the matter under discussion as some of the speeches relating to Russia and America. We do not question the qualifications of these officers. In fact, I do not know anything about the details of the selection made. We have got a specific provision that all appointments should be made after reference to the Public Service Commission. In the proviso to Art. 320, provision is made for some deviation in some particular cases. And it was for the Government Bench to make it clear to the House how that deviation is justified in this case, and the other Members who make so much noise also should have looked into the question.

What are the facts, Sir? The only thing that has come out so far is that a report had to be made to the Central Government within a specific period, and so, they had no time to make a reference to the Public Service Commission in regard to the appointments. Sir, with great humility, I should bring to the notice of this House that the way the Government of India starts is faulty. They should not have made it incumbent upon the local Government to deviate from a well-known principle and a well-meant provision of the Constitution in a matter of this kind. Where was the hurry? Is India going to be flooded unless the Report went before the Government of India before the 31st? It was for this Government to have told the Government of India "Well, you give us time till the 31st August, for the Report. We want more time, because we can make the appointments after announcement by the Public Service Commission which will take many days. The collection of statistics will take some days. So we want a little more time." Simply because the Government of India said, "We would like to have the report by the 31st," this

[Shri A. Thanu Pillai.]

Government brushed aside the provisions of the Constitution, got a regulation issued by the Rajpramukh and proceeded with the appointments. There we are starting wrongly, and if this is the way in which the Rs. 65 lakhs are going to be spent, you can take it from me that this scheme is going to be a definite, absolute failure. (Opposition cheers). There is absolutely no justification for deviating from the provisions of the Constitution. Then, what is it that this Government have done? Of course, I am very thankful to Mr. P. S. Nataraja Pillai for bringing it out, that is, they made the appointments on the 26th June, and they issued the regulation on the 1st July. So, even the proviso was not taken advantage of in time. They do not address themselves to what they should do, what the provisions of the Constitution are, what the provisions of the law are, what the proprieties are, what the needs are. Nothing. They do things as they like. They make certain appointments ; they get a letter from the Government of India and they at once make the appointments. Somebody must have told them—probably the law Secretray—that they could finalise these appointments only when there has a regulation. So, they passed a regulation. That is how things are done. That is quite wrong.

I am not accusing the Government of any malpractice in this case. As has already been pointed out, we want the Public Service Commission, not because the Public Service Commission is composed of persons who are above all suspicion, who are quite fit to be there, but that there is a principle behind consulting the Commission. Of course, I am not referring to the way in which our Public Service Commission was constituted : why, I was a bit shocked to find that the Parliamentary Secretary to the Congress party here, he himself, remarked that the Public Service Commission itself is not above board. I am very glad that he was very frank. Whatever that be, let us respect, Sir, the forms and provisions of the law. I do not want to accuse the Public Service Commission now. Whatever that be, it is there. We must respect that body. So, what is the justification and where is the hurry, and even if there was necessity for hurry, they could have asked the Public Service Commission to select the persons immediately. What the Constitution says is: "The Union Public Service Commission or the State Public Service Commission, as the case may be, shall be consulted (a) on all matters relating to methods of recruitment to civil services and for civil posts ; (b) on the principles to be followed in making appointments to the civil services and posts," and so on. In all these matters, the Public Service Commission has to be consulted. Now, here was a set of appointments on which the principles that should have been followed in making the recruitment have been ignored. They appointed some engineers, probably agricultural officers, by deviating from the principle. The Public Service Commission is supposed to be an expert body. Whether in fact our Public Service Commission is so or not is another matter,

[Shri A. Thanu Pillai]

We have to put up with many evils. Anyway, the Public Service Commission is taken to be a body which can, or must, deal with all these matters, successfully and efficiently. What should be the principles of recruitment in respect of these appointments? What is the work that these officers are to do? In what lines are they to proceed? If they should succeed in getting the contemplated work successfully accomplished, what should be their equipment, mental calibre, their experience, their standing, and the extent to which they would be able to get the influence of the local people so that they may secure their co-operation and get the work done successfully? There are many principles involved in these things. Our Government seems to think that if one is an engineer with some degree, one may be put in. If one is an Agricultural Officer with some diploma, one may be put in. That is not so. There are certain principles to be considered in making these appointments. Do the Government want this scheme to be a success? Do they want not only Travancore-Cochin money, not only Indian money but American money as well to be thrown away? There is a good deal of—not misunderstanding—but fear that the scheme may after all not succeed. We are familiar with many schemes of this kind. We know how our departments—our Agricultural Department, our Veterinary Department, our P. W. Department, etc., are functioning. We do not want to throw away 65 lakhs of rupees in three years. So, what I say is—not that I assert that the Public Service Commission could have made a better choice—that there is a principle underlying this provision in the Constitution. But all that is ignored. Then, they have given rise to a lot of complaints. Even if the Government do things in the best manner, in the most fair manner, still, there will be complaints, of course, that they were unjust, that they wanted to please their favourites, that they wanted to favour their own caste-men. All that is there. So, it will be a wrong start. They might say, "Oh, the Chief Minister is there. He appointed a Catholic." If, therefore, at the very start, this kind of atmosphere has been given rise to, how are you justified in calling for public co-operation? This is not going to succeed. So, let us proceed in the best manner possible in the most constitutional way. If they refer the matter to the Public Service Commission, and the appointments are made by the Commission, there will be nothing wrong about it. At least one aspect of the matter, one part of the whole business, would have been well done. The Commission would have selected those officers. But then, the Government have just ignored the Constitution. They then get the regulation passed. Now, what Mr. P. S. Nataraja Pillai says—of course I cannot think of a more unduly moderate and conciliatory person than Mr. P. S. Nataraja Pillai—is that let the Government make the appointments, but only for three months. I am afraid the amendment is not well worded. The amendment, as it is, means that they can make the appointments, but the appointments will be in force for three months only. Everybody

[Shir A. Thanu Pillai]

knows the appointments have been made, and many more are yet to be made. If the Government accepts that amendment at least, it would be well, and they can say "We have made the appointments; those appointments will either be referred to the Public Service Commission or we will ask the Commission to make *de novo* appointments. If the Public Service Commission approves them, well and good. Otherwise, let the Public Service Commission recommend fresh appointments." Will they say that? According to the amendment, these appointments will be only for three months, and later on, in spite of this regulation, Government can refer to the Public Service Commission, the whole question of these appointments. After all, the proviso under Article 320 says;

> "Provided that the President as respects the all-India services and also as respects other services and posts in connection with the affairs of the Union, and the Governor or Rajpramukh, as the case may be, as respects other services, and posts in connection with the affairs of a State, may make regulations specifying the matters in which either generally, or in any particular class of cases or in any particular circumstances, it shall not be necessary for a Public Service Commission to be consulted."

It only says that cases may be specified where it shall not be necessary for the Public Service Commission to be consulted. But that does not preclude the Government from the principle of consulting the Public Service Commission. The Government can say: "We did it as a matter of expediency. Hereafter we won't do it. In spite of the regulation, we will refer all appointments to the Public Service Commission," because, the proviso does not say that they shall not refer to the Public Service Commission. I should like to know whether that undertaking shall be forthcoming. If not,—if a specific undertaking to that effect is not forthcoming—then naturally any Member can support Mr. E. P. Varghese's motion to repeal this regulation. Let the Public Service Commission make all the appointments. That can only be the reasonable attitude. I am not at all satisfied with the justification that this is not permanent service. It is not to permanent service alone that article 320 applies. They say "their rank and seniority will not be affected." We are always prone to deal with these things from personal points of view. I am not at all concerned as to who is appointed. Here is a salutary provision of the law. That should be applied.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ പ്രൊവൈസോ അപ്ലൈ ചെയ്യാതെയുള്ള ഒരു ഇൻസ്റ്റൻസ് പറയാമോ?

ശ്രീ. ഏ. താണുപിള്ള: അങ്ങനെ ഒരു ഇൻസ്റ്റൻസ് വരുമ്പോൾ പറയാം. ഒരു നല്ല ഗവണ്മെന്റിനും, ഒരു നല്ല പബ്ലിക്ക് സർവ്വീസ് കമ്മിഷനുമാണെങ്കിൽ അതു വരികയില്ല. I support Mr. P. S. Nataraja Pillai's amendment. If that amendment is not accepted by the Government, certainly I should support Mr. Varghese's amendment.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സാധാരണ നിയമനങ്ങൾ നടത്തുന്നതെല്ലാം തന്നെ കാൺസ്റ്റിററ്യൂഷനിലെ ൩൨൦-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ചാണ്. ഈ കാൺസ്റ്റിററ്യൂഷൻ നടപ്പിൽ വന്നതിനുശേഷം ഇതുപോലെ ഒരുകാലത്തും തന്നെ പബ്ലിക് സർവ്വീസ് കമ്മിഷനെ നീക്കിനിർത്തിയിട്ട് ഗവണ്മെൻറ നേരിട്ടു നിയമനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ അസാധാരണമായ ഒരു പരിതഃസ്ഥിതി ഉണ്ടായതുകൊണ്ട് അസാധാരണമായ രീതിയിൽ ഗവണ്മെൻറിന് ഇങ്ങനെ ഒരു നില സ്വീകരിക്കേണ്ടതായി വന്നു. അതിന് ഈ ഗവണ്മെൻറ് സ്വീകരിച്ചതും ഈ കാൺസ്റ്റിററ്യൂഷനിലെ വ്യവസ്ഥ തന്നെയാണ്. ചില മെമ്പർമാരുടെ പ്രസംഗങ്ങൾ കേട്ടാൽ ഇങ്ങനെ ഈ ഗവണ്മെൻറ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം കാൺസ്റ്റിററ്യൂഷനിലെ വ്യവസ്ഥകൾക്കു വിപരീതമായിട്ടാണെന്നു തോന്നിപ്പോകാം. ആർട്ടിക്കിൾ ൩൨൦ പ്രൊവൈസോയിൽ തന്നെ പറയുന്നതു് ഇതാണ്:

> "Provided that the President as respects the All India Services and also as respects other services and posts in connection with the affairs of the Union, and the Governor or Raj Pramukh, as the case may be, as respects other services and posts in connection with the affairs of a State, may make Regulations specifying the matters in which either generally, or in any particular class of cases or in any particular circumstances, it shall not be necessary for a Public Service Commission to be consulted."

എന്നുള്ള ഈ കൺസ്റ്റിററ്യൂഷനിലെ വ്യവസ്ഥ അനുസരിച്ചുതന്നെയാണ് ഈ ഗവണ്മെൻറ പ്രവർത്തിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട പല മെമ്പറന്മാരും കാൺസ്റ്റിററ്യൂഷനിലെ ഈ വ്യവസ്ഥ വായിച്ചു മനസ്സിലാക്കീട്ടില്ലെന്നാണ് അവരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ എനിക്കു തോന്നിപ്പോയതു്.

ഇൻഡ്യയിൽ ആകെ ൫൫ പ്രാജക്റ്റുകൾ വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളതു്. അതു് ഓരോ സ്റ്റേററിലും അതാതു സ്റ്റേററിൻെറ സ്ഥിതിഗതികളെല്ലാം നോക്കി അനുവദിച്ചിരിക്കുകയാണ്. ഇതു് ഏർപ്പെടുത്തുന്നതു് അല്ലെങ്കിൽ ഇതു നടത്തുന്നതു് ഇൻഡോ-അമേരിക്കൻ ടെക്നിക്കൽ ഫണ്ടിൻെറ മേൽനോട്ടത്തിലാണ്. ഇതു നടപ്പിൽ വരുത്തുന്നതിന് സെൻട്രൽ അതാറിട്ടിയിൽ നിന്നും കുറെ സ്ഥലങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

The following time-table of work has been laid down for all the participating States:

ഈ ഗവണ്മെൻറും മററു ഗവണ്മെൻറുകളും ഈ നിർദ്ദേശങ്ങളെല്ലാം സമ്മതിച്ചിട്ടുള്ളതാണ്. ആ സ്ഥിതിക്കു് ഇവിടെയും അതു സ്വീകരിക്കത്തക്ക വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ൧൫-൭-൧൯൫൨-ലാണ് സർവെ അവസാനിപ്പിക്കേണ്ടതു്. ഇതിലേക്കുള്ള എസ്റ്റിമേററ് ൩൧-൭-൧൯൫൨-ൽ അയച്ചിരിക്കണം. അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചുള്ള റിപ്പോർട്ടുകളുടെ അപ്രൂവൽ ടെക്നിക്കൽ ഫണ്ടിൽനിന്നും തരുന്നതു്

[ശ്രീ. എ. ജെ. ജാൺ]

൧൮-൬-൫൨-ലാണ്. ഒരു പക്ഷേ ഇതു് സ്വല്പം താമസിച്ചുവെന്നു വന്നേക്കാം. ഏതായാലും ഇങ്ങനെ ജോലികൾ ധ്രുതഗതിയിൽ നടത്തേണ്ടിയിരിക്കുന്നതുകൊണ്ടു് ഈ മാതിരി നിയമനങ്ങൾ നടത്തേണ്ടതു് അത്യാവശ്യമായി വന്നു. ഇങ്ങനെ തീയതിക്രമങ്ങൾ പറഞ്ഞിട്ടുള്ള സ്ഥിതിക്കു് അതു് മാററുവാൻ സാദ്ധ്യമല്ലാതായി തീൎന്നു. ഈ തീയതിക്രമം അനുസരിച്ചു് പ്രവൎത്തിക്കുവാൻ വേണ്ടിയാണു് ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു് ഈ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരിധിയിൽനിന്നും മാററിവച്ചിട്ടുള്ളതു്.

ശ്രീ. ടി. വി. താമസ്: പബ്ലിക്ക്സർവ്വീസ് കമ്മിഷന്റെ ശുപാർശകൾക്കു് വിപരീതമായി ഒന്നും ചെയ്തിട്ടില്ലെന്നു പറഞ്ഞു. സർവ്വീസ് കമ്മിഷന്റെ ഇതുവരെയുള്ള പ്രവൎത്തനങ്ങളുടെ റിപ്പോർട്ടു വരുത്തി അങ്ങനെ എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്നുള്ളതു നോക്കിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് അതിനെപ്പററി വാദപ്രതിവാദം വരുമ്പോൾ പറയാം. ഞാൻ ഇപ്പോൾ പറയുന്നതു് ഭരണഘടനയിലെ ൩൨൦-ാംവകുപ്പിനെ സംബന്ധിച്ചാണു്. ഈ നിയമനങ്ങൾ നടത്തിയതു് വളരെ മുൻപെയാണു് എന്നു് ശ്രീ. നടരാജപിള്ള പറഞ്ഞു; അതു് ശരിയല്ല. ഇതിനെ സംബന്ധിച്ചുള്ള പ്രസ്നോട്ടു പുറപ്പെടുവിച്ചിരിക്കുന്നതു് ൧൮-൯-൫൨-ലാണു്. ആ സ്ഥിതിക്കു് അതിനു മുമ്പു് നിയമനം നടത്തിയെന്നു പറയുന്നതു് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല.

Shri P. S. Nataraja Pillai : There is one sentence which says that enumerators have been appointed. I am sure thay must have been functioning. How is it?

ശ്രീ. എ. ജെ. ജാൺ: അതു് സ്റ്റാൾടീച്ചേഴ്സാണു്. എന്യൂമറേഷൻ വർക്കിനു് അങ്ങനെ ൧൮ പേരെ നിയമിച്ചിട്ടുണ്ടു്. അവൎക്കു് ശമ്പളമില്ല. അലവൻസു കൊടുക്കാനുള്ള കാൎയ്യവും ഗവണ്മെന്റ് ആലോചിച്ചിട്ടില്ല.

ശ്രീ. നെടുമങ്ങാടു് ആർ. കേശവൻ നായർ: ഈ എന്യൂമറേറേഴ്സിനെ നിയമിച്ചതു് എന്നാണു്?

ശ്രീ. എ. ജെ. ജാൺ: പറയാം. അതുകൊണ്ടു് ഈ സർവെ നേരത്തെ നടത്തണമെന്നുള്ളതുകൊണ്ടു് ഇവരെ ഇങ്ങനെ നിയമിച്ചിട്ടുള്ളതാണു്. ഏതേതു സ്ഥലത്തു് ഇതു നടത്തണമെന്നു വിചാരിക്കുന്നോ ആ സ്ഥലങ്ങളിൽ ഒരു സർവെ നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിനാണു് ഇങ്ങനെ നിയമിച്ചതു്. അവർ ഓരോ വീട്ടിലും ചെന്നു് അവരുടെ സാമ്പത്തികസ്ഥിതിഗതികൾ സാമുദായികമായ നിലകൾ, വിദ്യാഭ്യാസത്തിലുള്ള സ്ഥിതിഗതികൾ, ഈ മാതിരി കാൎയ്യങ്ങളെല്ലാം ഇവർ അന്വേഷിക്കേണ്ടതാണു്. അതിനും പുറമെ അവർ താമസിക്കുന്ന വീടുകൾ ഏതു വിധത്തിലുള്ളതു് ആ വീടുകളിൽ ശുചിത്വവും ആരോഗ്യകരമായ മററു സൗകൎയ്യാദികളും ഉണ്ടോ എന്നൊക്കെ അന്വേഷിക്കണം. ഈ എന്യൂമറേറേഴ്സിന്റെ ജോലികളെ പരിശോ

ധിക്കുന്നതിനും അപ്പോഴപ്പോൾ വേണ്ടതായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും ചില ഉദ്യോഗസ്ഥന്മാർ കൂടാതെ കഴിയുകയില്ല. അതിനാണു് മററ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചതു്. ഈ ഉദ്യോഗസ്ഥന്മാർ അപ്പോഴപ്പോൾ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതു കൂടാതെ വിദ്യാഭ്യാസപരമായി എന്തെല്ലാം സൗകര്യങ്ങളാണു് ഈ ആളുകൾക്കു് നൽകേണ്ടതു് എന്നുള്ളതിനെപ്പററിയെല്ലാം അവിടത്തെ ആളുകളുമായി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യണം. അതിനും പുറമെ അവിടെ പബ്ളിക് വർക്സ് സംബന്ധമായി എന്തെല്ലാം ചെയ്യണം, ഏതെല്ലാം റോഡുകൾ ഗതാഗതയോഗ്യമായി തീർക്കാം; ഏതേതു റോഡുകൾ അത്യാവശ്യം; ഇതെല്ലാം നോക്കി റിപ്പോർട്ടു ചെയ്യണം. അതുപോലെതന്നെ പബ്ളിക്ക് ഹെൽത്തിനെ സംബന്ധിച്ചു്, ആശുപത്രികൾ എവിടെയെല്ലാം വേണം, ഡിസ്പെൻസറികൾ എവിടെയെല്ലാം വേണം ഇതും അന്വേഷിക്കണം. ഏതെല്ലാം ജലസേചനപദ്ധതികൾ അവിടെ ആവശ്യമുണ്ടു്, കർഷകർക്കു് എന്തെല്ലാം ഉപകാരങ്ങൾ ചെയ്യാം, കുടിൽവ്യവസായങ്ങൾ അവിടെ എന്തെല്ലാം നടക്കുന്നുണ്ടു്, അവയെ എങ്ങനെ പുഷ്ടിപ്പെടുത്താം ഇതെല്ലാം അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യണം. ഒരുകാര്യം ശ്രീ. അച്യുതമേനോൻ പറഞ്ഞതു് ശരിയാണു്. അതായതു് ഇന്നയിന്ന കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ടെന്നു പ്രത്യേകിച്ചു പ്രസ്നോട്ടിൽ പറഞ്ഞിട്ടില്ല. കാരണം അതു് ഇങ്ങനെ ഒരു സർവെ നടത്തുന്നതിനു മുമ്പു് സാദ്ധ്യമല്ലാത്തതുകൊണ്ടാണു്. ഇങ്ങനെ ഒരു സർവെ നടത്തിയതിനു ശേഷം മാത്രമെ ഓരോ പ്രത്യേകസ്ഥലത്തേക്കു് ഇന്നയിന്നതെല്ലാം ആവശ്യമുണ്ടു് എന്നും മററും പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: അതിനു മുമ്പു് ഇതു് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന താലൂക്കുകളിലെ അസംബ്ളി മെമ്പറന്മാർ തരുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ: അതുതന്നെയാണു് ഞാൻ പറയാൻ വന്നതു്. ഇതു് ഒരു അനൗദ്യോഗസ്ഥ സംഗതിയായിട്ടു് നടത്തണമെന്നാണു് ഗവണ്മെൻറ തീരുമാനിച്ചിട്ടുള്ളതു്. എന്നാൽ അവർക്കു വേണ്ട ഉപദേശങ്ങൾ നൽകുന്നതിനും വല്ല മാർഗ്ഗതടസ്സങ്ങളും ഉണ്ടെങ്കിൽ ഔദ്യോഗികമായ അധികാരം പ്രയോഗിച്ചു് അതു് മാററുന്നതിനും വേണ്ടിയാണു് ചില ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതു്. അല്ലാതെ ഇവിടെ പലരും പ്രസംഗിച്ചതുപോലെ ഗവണ്മെൻറു് ജനങ്ങളെ അറിയിക്കാതെ സ്വന്തം ആളുകളെ നിയമിക്കാൻവേണ്ടി ചില നിയമനങ്ങൾ നടത്തിയെന്നു് പറയുന്നതു ശരിയല്ല. ഈ സ്ഥലങ്ങളിലുള്ള സകല ജനങ്ങളും, തൊഴിലാളികളും, മുതലാളികളും, വ്യവസായികളും എല്ലാവരും ഒരുമിച്ചു ചേർന്നു സഹകരിച്ചാൽ മാത്രമെ ഇതു് വിജയിക്കുകയുള്ളുവെന്നാണു് ഗവണ്മെൻറിൻെറ വിശ്വാസം.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ജനങ്ങളുടെ സഹായമാർജ്ജിക്കുന്നതു് നിയമനങ്ങൾ പബ്ളിക് സർവീസ് കമ്മീഷനിൽ നിന്നും ഒഴിവാക്കിയിട്ടാണോ?

ശ്രീ. എ. ജെ. ജാൺ: അതിനന്തരം പറയണമെന്നു വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെംബർ ശ്രീ. രാഘവക്കുറുപ്പിനു പരിഭ്രമം ഉണ്ടായതു് തൊഴിലാളികളും, മുതലാളികളും, വ്യവസായികളും എല്ലാം സഹകരിക്കുമല്ലോയെന്നു ഓർത്തിട്ടാണു്. അങ്ങനെ സഹകരിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാഷ്ട്രീയകക്ഷിക്കു് അവിടെ ജീവിക്കാൻ സാദ്ധ്യമല്ലാതെവരും. അതുകൊണ്ടാണു് അദ്ദേഹത്തിനു പരിഭ്രമം ഉണ്ടായിപ്പോയതു്.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: കമ്മ്യൂണിസ്റ്റുകാർ ഇതിനു സഹകരിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അവരെയുംകൂടി നന്നാക്കണമെന്നാണു് ഗവണ്മെന്റിന്റെ വിചാരം. അങ്ങനെ അവർ നന്നായാൽ അവരെയും സഹകരിപ്പിക്കും.

ശ്രീ. ടി. വി. താമസ്: ഖദർ ഇട്ടിട്ടുള്ളവരെ മാത്രമെ സഹകരിപ്പിക്കുകയുള്ളോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയൊന്നുമില്ല. ഏതു ഇട്ടാലും എവിടെയുള്ളവരായാലും റഷ്യയിൽ നിന്നായാലും ശരി, ചൈനയിൽ നിന്നായാലും ശരി, അവരെയെല്ലാം സഹകരിപ്പിക്കണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. സി. കെ. വിശ്വനാഥൻ: അക്രമപരിപാടിയുള്ളവർക്കു് ഇതിൽ സഹകരിക്കാൻ സാധിക്കുകയില്ല എന്നു പറഞ്ഞല്ലോ, അങ്ങനെയാണെങ്കിൽ കാൺഗ്രസ്സുകാർക്കു് ഇതിൽ സഹകരിക്കാൻ സാദ്ധ്യമല്ലല്ലോ?

Mr. Speaker: That question is irrelevant.

ശ്രീ. എ. താണുപിള്ള: ഈ ഉദ്യോഗസ്ഥന്മാരെ നിയമിച്ച കൂട്ടത്തിൽ ഒന്നു രണ്ടു സ്ത്രീകളെയെങ്കിലും നിയമിക്കാത്തതു് എന്താണു്?

ശ്രീ. എ. ജെ. ജാൺ: നിയമിക്കാമായിരുന്നു. താമസിയാതെ ഇതിൽ സ്ത്രീകളെയും നിയമിക്കുന്നതാണു്. വീടുകളിൽ കയറി പ്രചരണം നടത്തുന്നതിനും മററും അവരുടെ പ്രവർത്തനവും ആവശ്യമായിവരും. അപ്പോൾ നിയമിക്കവുന്നതാണു്.

ശ്രീ. സി. ശങ്കർ: ഇതിൽ പോലീസുകാരുടെ സഹകരണം ഉണ്ടോ?

Mr. Speaker: The Member is not yielding.

ശ്രീ. എ. ജെ. ജാൺ: അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് ഈ വക സംഗതികളെല്ലാം ആലോചിച്ചതിനുശേഷമാണു് ഈ കാര്യങ്ങളെല്ലാം നടത്തിയതു്. തിരുവിതാംകൂർ സർവീസിലുള്ള ഉദ്യോഗസ്ഥന്മാരെപ്പററി ഈ ഗവണ്മെന്റിനു നല്ലവണ്ണം അറിയാം. ഇന്നയിന്ന ജോലിക്കു് ഇന്നയിന്ന ആൾക്കു് മിടുക്കുണ്ടെന്നു അറിയാം. അതനുസരിച്ചാണു് നിയമനങ്ങൾ നടത്തുന്നതു്. ബഹുമാനപ്പെട്ട മെംബർ ശ്രീ. നടരാജപിള്ള പ്രസ്താവിച്ചു, സീനിയറായിട്ടുള്ള ചില ഉദ്യോഗസ്ഥന്മാരെ അവഗണിച്ചുവെന്നും മററും. ഇതിൽ സീനിയാറിട്ടിയോ മറേറാ നോക്കി

യിട്ടില്ല. ഈ ജോലിക്കു് ഏററവും പററിയ ആളിനെ ഗവണ്മെൻറു് നിയമിച്ചു. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പറഞ്ഞു ഇങ്ങനെയുള്ള നിയമനങ്ങളെല്ലാം ഗവണ്മെൻറാണു് നടത്തുന്നതെങ്കിൽ ഈ സ്കീം പരാജയത്തിൽ കലാശിക്കുമെന്നു്. എന്നാൽ ഗവണ്മെൻറിനു തോന്നുന്നതു നേരേ മറിച്ചാണു്. ഇതു് വിജയകരമായി പരിണമിക്കുമെന്നാണു് ഗവണ്മെൻറിനു തോന്നുന്നതു്. പിന്നെ ഈ പാർട്ടിയിലുള്ള ചില ആളുകളെ സന്തോഷിപ്പിക്കാനാണു് ഈ നിയമനങ്ങൾ നടത്തിയതെന്നു പറഞ്ഞു. അതിനു സമാധാനം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ഗവണ്മെൻറു് അങ്ങനെ ആരെയും സന്തോഷിപ്പിക്കണമെന്നു വിചാരിക്കുന്നില്ല എന്നു വ്യക്തമായ ഭാഷയിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഇതിൻെറ വിവരങ്ങൾ നേരത്തെ പരസ്യം ചെയ്തിട്ടില്ല എന്നു പറയുന്നതും ശരിയല്ല. ഗവണ്മെൻറു് ഈ കാര്യം സംബന്ധിച്ചു് മൂന്നു പ്രസ്നോട്ടുകൾ ഇറക്കിയിട്ടുണ്ടു്. ആ മൂന്നിലും ഈ കാര്യങ്ങൾ വിശദമായി പറഞ്ഞിട്ടുണ്ടു്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഏതെല്ലാമാണു് എന്നു മാത്രം പറയാത്തതിനു കാരണം അതു് സർവെ കഴിഞ്ഞതിനു ശേഷമെ പറയുവാൻ സാധിക്കുകയുള്ളുയെന്നുള്ളതുകൊണ്ടാണു്.

ഈ പദ്ധതിവിജയിക്കുമെന്നു തന്നെയാണു ഇപ്പോഴത്തെ ഉദ്ദേശം. ഇതിൽ അവസാനമായി മൂന്നാമത്തെ പ്രസ്സ്നോട്ടിൽ പറഞ്ഞിരിക്കുന്നതു്, താഴെ പറയുന്ന ജോലികളെല്ലാം ചെയ്യണമെന്നാണു്.

These are the activities of the community projects :—

Agriculture.—

Reclamation of wasteland
Provision of water for agriculture
Quality seeds
Improved agricultural technique
Improved agricultural implements
Fruit and vegetable cultivation
Soil research and manures.

Communications.—

Provision of roads
Encouragement of mechanical road transport and services
Development of animal transport.

Education.—

Compulsory free primary education
High and Middle Schools
Social education and library service.

Employment.—

Encouragement of cottage industries and crafts
Encouragement of medium and small scale industries

Fisheries.—

Inland fisheries.

Health.—

Sanitation and Public Health measures

Antenatal care of expectant mothers

Midwifery services

Housing.—

Provision of improved techniques and designs for rural housing

Provision of housing in urban areas.

Medical.—

Medical aid

Social welfare.—

Provision of community entertainment based on local talent and culture

Provision of audio-visual aid for instruction and recreation

Organisation of local and other sports activities

Organisation of 'melas'

Organisation of co-operation and self-help movement.

Training.—

Refresher courses for improving standards of existing artisans

Training of agriculturists

Training of extension assistants

Training of artisans

Training of supervisors

Training of managerial personnel

Training of health workers

Training of executive officers for projects.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഇതെല്ലാംകൂടി എത്ര വില്ലേജുകളിലാണെന്നു പറയാമോ?

ശ്രീ. ഏ. ജെ. ജാൺ: കൊച്ചിയിൽ ഇതു നടപ്പിൽ വരുത്തുവാൻ കഴിവുള്ള എല്ലാ വില്ലേജുകളിലും നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടു്. തിരുവിതാംകൂറിൽ വില്ലേജുകളില്ലാത്തതുകൊണ്ടു കരകളെയോ പകുതികളെയോ പരിഗണിക്കുന്നതായിരിക്കും. അങ്ങനെ പ്രാജക്ട് തുടങ്ങുന്നതായ ഓരോ സ്ഥലത്തും അതിനവേണ്ട സഹായസഹകരണങ്ങളും നൽകുവാനും ഗവണ്മെന്റ ഉദ്ദേശിച്ചിട്ടുണ്ടു്. അതിലേക്ക ഇപ്പോഴും ചെലവാക്കുവാൻ തീരുമാനിച്ചിട്ടുള്ളതു ൧൫ ലക്ഷം രൂപയാണ്.

ശ്രീ. ഏ. താണുപിള്ള: മററു സ്റ്റേറ്റുകളിൽ വില്ലേജുകളും അത്തരത്തുള്ള ഏരിയാ അനുസരിച്ചാണോ ഇതു നടപ്പിലാക്കുന്നതു്?

ശ്രീ. എം. ജെ. ജാൺ :— ആയിരിക്കണം. ഇപ്പോൾ ൪൫ ലക്ഷം രൂപ ചെലവാക്കി ഒരു പ്രാജക്ട് മൂന്നു ബ്ലോക്കായി തിരിച്ചു നടത്തുവാനാണുദ്ദേശിക്കുന്നതു്. ഇതിൽ ൨൦ ലക്ഷം രൂപ കോവാപ്പറേഷൻ ഫണ്ടിൽ നിന്നും കിട്ടുന്നതാണു്. ൧൦ ലക്ഷം രൂപ സെൻട്രൽ ഗവണ്മെൻറ ഗ്രാൻറായി തരും. ഈ ഗവണ്മെൻറിൽനിന്നും ൧൫ ലക്ഷം രൂപ കൂടി ചെലവാക്കി രണ്ടര കൊല്ലംകൊണ്ടു പൂത്തിയാക്കണമെന്നാണുദ്ദേശിക്കുന്നതു്. ഇതിൻെറ പ്രവർത്തനത്തെ സംബന്ധിച്ചു് ഇപ്പോൾ ക്ലിപ്തമായി ഒന്നും പറയാൻ നിവൃത്തിയില്ല. നിയമനാധികാരം ഈ ഗവണ്മെൻറിനു സിദ്ധിച്ചാൽ ഇതിൻെറ ശമ്പളം മുതലായ സംഗതികളെ സംബന്ധിച്ചു കാലോചിതമായി വേണ്ടതു ചെയ്യണമെന്നുള്ള അഭിപ്രായമാണു ഗവണ്മെൻറിനുള്ളതു്. ഇതിനെ സംബന്ധിച്ചു ഒന്നേ എനിക്കു പറയുവാനുള്ളു. ഈ രാജ്യത്തു് എവിടെയെങ്കിലും ഇവരുടെ അധികാരങ്ങളെ എടുത്തുകളയണമെന്നോ, ഈ സഭയിലുണ്ടായിട്ടുള്ള അഭിപ്രായങ്ങളെ അനാദരിക്കണമെന്നോ ഗവണ്മെൻറിനു വിചാരമില്ല. ഈ വക എല്ലാസംഗതികളും പരിഗണിച്ചു ഇതിനെ ഇതേ വിധത്തിൽ തന്നെ പാസാക്കിത്തരണമെന്നു് ബഹുമാനപ്പെട്ട സഭാംഗങ്ങളോടു്, പ്രത്യേകിച്ചു ശ്രീ. ഇ. പി. വർഗ്ഗീസിനോടു അപേക്ഷിച്ചുകൊള്ളുന്നു.

Mr. Speaker : Mr. E. P. Varghese, do you press your amendment ?

Shri E. P. Varghese : Yes, Sir.

The amendment was put and lost.

Mr. Speaker : Mr. Nataraja Pillai, do you press your amendment ?

Shri P. S. Nataraja Pillai : Yes, Sir.

The amendment was put and lost.

Shri P. S. Nataraja Pillai : I demand a poll.

A poll was taken, when the House divided as follows :

AYES—37.

1. Shri T. V. Thomas.
2. „ C. Achyutha Menon.
3. „ K. Balakrishna Menon.
4. „ A. Thanu Pillai.
5. „ M. M. Abdul Khader.
6. „ T. A. Majeed.
7. „ C. G. Ayyappan.
8. „ P. S. Nataraja Pillai.
9. „ A. Achyuthan.
10. „ E. Gopalakrishna Menon.
11. Shrimati K. R. Gouri.
12. Shri R. Gangadharan.
13. „ K. Kuttappan

14. Shri C. Sankar.
15. ,, P. Bhaskaran Nair.
16. ,, P. Govinda Pillai.
17. ,, Kambisseril Karunakaran.
18. ,, K. V. Krishnankutty Warrier.
19. ,, T. K. Krishnan.
20. ,, C. K. Kumara Panicker.
21. ,, K. K. Kumara Pillai.
22. ,, N. Nilakantaru Pandarathil
23. Dr. N. S. Pillai.
24. Shri A. Samraj.
25. ,, K. J. Thomas.
26. ,, E. P. Varghese.
27. ,, E. Krishnan Nair.
28. ,, K. P. Prabhakaran.
29. ,, N. Raghava Kurup.
30. ,, N. Rajagopalan Nair.
31. ,, Ramakrishnan.
32. ,, P. Ravindran.
33. ,, C. G. Sadasivan.
34. ,, V. Sridharan.
35. ,, C. P. Srivallabha Menon.
36. ,, R. Sugathan.
37. ,, C. K. Viswanathan.

NOES—52.

1. Shri K. P. Krishna Menon.
2. ,, O. C. Ninan.
3. ,, V. R. Krishnan Ezhuthachan.
4. ,, N. P. Varghese.
5. ,, Nedumangad R. Kesavan Nair.
6. ,, A. Chidambaranatha Nadar.
7. ,, Panampilli Govinda Menon.
8. ,, T. M. Varghese
9. ,, A. J. John.
10. ,, Kalathil Velayudhan Nair.
11. ,, K. Kochukuttan.
12. ,, V. Madhavan.
13. ,, K. Madhavan Unnithan.
14. ,, Anthonie Andrew Daniel Luiz.

15. Shri T. T. Kesavan Sastri.
16. ,, K. Karunakaran.
17. ,, Cheriyan J. Kappan.
18. ,, Alexander Parambithara.
19. ,, P. Chacko.
20. ,, M. V. Cheriyan.
21. ,, A. K. Chelliah.
22. ,, K. K. Chellappan Pillai.
23. ,, K. M. Chandy.
24. ,, G. Chandrasekhara Pillai.
25. ,, A. C. Chacko.
26. ,, K. Bhanu.
27. ,, K. K. Ayyappan.
28. ,, P. C. Adichan.
29. ,, K. I. Velayudhan.
30. ,, Vasudevan Pillai.
31. ,, P. Sadasivan Pillai.
32. ,, P. Ramaswami Pillai.
33. ,, N. A. Noor Muhammad.
34. ,, J. T. Moraes.
35. ,, M. William.
36. ,, Varunny Pulikal.
37. ,, V. V. Varkey.
38. Dr. P. T. Thomas.
39. Dr. M. Sivaraman Nair.
40. Shri Alexander Manuel Simon.
41. ,, P. K. Ramachandra Das.
42. ,, R. Ponnappa Nadar.
43. ,, Pareethu Rowther.
44. ,, M. C. Mathew.
45. ,, R. Kesava Pillai.
46. ,, James Tharayil.
47. ,, Joseph Vazhappilli.
48. ,, A. L. Jacob.
49. ,, K. M. George.
50. ,, Ganapathy.
51. ,, Ambat Eachara Menon.
52. ,, S. G. Deviappan.

NEUTRAL—2.

1. Shri A. Kunjan Nadar.
2. „ C. K. Mathai.

The amendment was lost.

THE TRAVANCORE-COCHIN APPROPRIATION (No. 2) BILL, 1952.

Minister for Finance. **(Shri Panampilli Govinda Menon)**: I beg to introduce the Travancore-Cochin Appropriation (No. 2) Bill, 1952.

Shri A. J. John : I second it.

Mr. Speaker : The Bill stands introduced.

Shri Panampilli Govinda Menon : I move that the Bill be taken into consideration.

Shri A. J. John : I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനെപ്പററി ഇവിടെ വിശേഷവിധിയായി ഒന്നും പറയുവാനില്ല. ഈ ബഡ്ജററ സെക്ഷനിൽ ഈ സഭ സമയം ഗ്രാൻറ ചെയ്ത സംഖ്യകൾ ഡ്രാ ചെയ്യുന്നതിന് കാൺസ്റ്റിററ്യൂഷൻ ആവശ്യപ്പെടുന്നതനുസരിച്ചു ഒരു ബില്ലും കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ടു ഈ ബിൽ, വാദപ്രതിവാദങ്ങൾ നടത്തി കാലതാമസത്തിനൊന്നും വഴിവയ്ക്കാതെ പാസ്സാക്കിത്തരണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള: "Vote on account" -ൻെറ തുക കൂടി ഉൾപ്പെട്ടതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. വോട്ടു ചെയ്തു കഴിഞ്ഞതിൽ ബാക്കിയുള്ളതാണ്.

Shri C. Achyutha Menon : I oppose the Bill.

സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി, ഡിപ്പാർട്ടുമെൻറുകളിലേക്കുള്ള ഗ്രാൻറുകളെ സംബന്ധിച്ച് ചർച്ചനടന്ന അവസരത്തിൽ, ഉന്നയിക്കപ്പെട്ട സംഗതികളിൽ കൂടുതലായി ഒന്നും പറയുവാനില്ലെന്ന്. പക്ഷെ, അതിപ്രധാനമായ ഒരു ഡിപ്പാർട്ടുമെൻറിൻെറ ധനാഭ്യർത്ഥനയെ സംബന്ധിച്ചു ഈ സഭയിൽ ചർച്ച ചെയ്യുവാൻ ഇടയായിട്ടില്ലാത്തതിനെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്.

വിദ്യാഭ്യാസ വകുപ്പിലെ ശമ്പളത്തെ ക്രമീകരിച്ചു കൊണ്ടുള്ള ഒരു പ്രൊസീഡിംഗ്സ് ഗവണ്മെൻറ പാസാക്കിയിട്ടുണ്ടു്. ആ പ്രൊസീഡിംഗ്സ് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ അദ്ദേഹത്തിൻെറ മറുപടി പ്രസംഗം ആരംഭിക്കുന്നതിനു മുമ്പാണ് ഇവിടെ വിതരണം ചെയ്തതു്. വിദ്യാഭ്യാസത്തെ സംബന്ധിച്ചു ധനാഭ്യർത്ഥനയെക്കുറിച്ചു ഇവിടെ ചർച്ച ചെയ്ത അവസരത്തിൽ, ഈ ഗവണ്മെൻറ പ്രൊസീഡിംഗ്സിൻെറ നന്മതിന്മകളെ സംബന്ധിച്ചു യാതൊന്നും തന്നെ ഞങ്ങൾക്കു പറയുന്നതിനുള്ള

സൗകര്യം കിട്ടിയില്ല. മുൻകൂട്ടി ഈ പ്രൊസീഡിംഗ്സ് വിതരണം ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ പഠിച്ചുകൊണ്ടുവന്നു അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നു. പക്ഷെ അതു ചെയ്തില്ല. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ വാദപ്രതിവാദങ്ങൾ സമാപിച്ചുകൊണ്ടു മറുപടി പറയുന്ന അവസരത്തിലാണു ഈ രേഖ ഈ സഭയുടെ മുൻപിൽ വയ്ക്കുകയുണ്ടായതു്. ഞാൻ ഇതൊന്നു പരിശോധിച്ചു നോക്കിയപ്പോൾ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനു ഇതു പര്യാപ്തമാണോ എന്നു പരിശോധിച്ചു നോക്കിയപ്പോൾ, വളരെയധികം കുഴപ്പങ്ങൾ ഇതിൽ എനിക്കു കാണുവാൻ സംഗതിയായി. അദ്ധ്യാപകന്മാരുടെ ശമ്പളക്രമീകരണത്തെപ്പറ്റിയും മറ്റും ഈ സഭയിൽ ചോദ്യങ്ങൾ ഉണ്ടായപ്പോൾ, ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ, ആ സംഗതി ഗവണ്മെന്റിന്റെ അവഗാഢമായ ശ്രദ്ധയിൽ ഇരിക്കുകയാണെന്നും, അടുത്തുതന്നെ ഗവണ്മെന്റ പ്രൊസീഡിംഗ്സ് പബ്ലിഷുചെയ്യുമെന്നും പറയുകയുണ്ടായി. അതിന്റെ ഫലമായിട്ടുള്ള ഒരു രേഖയാണിതു് അപ്രകാരം അവഗാഢമായിട്ടുള്ള പരിശോധനയ്ക്കും പരിചിന്തനത്തിനു ശേഷം, പാസാക്കിയിട്ടുള്ള ഈ പ്രൊസീഡിംഗ്സ് അദ്ധ്യാപകന്മാരുടെ അവശതകൾ ദൂരീകരിക്കുന്നതിന് എത്രമാത്രം പര്യാപ്തമായിട്ടുണ്ടെന്നു പരിശോധിച്ചപ്പോൾ വളരെ നിരാശാജനകമായ ഒരു അനുഭവമാണ് എനിക്കുണ്ടായതു്. അതിലെ വിശദാംശങ്ങളിലേക്കു പ്രവേശിക്കാതെ, ഏറ്റവും പ്രധാനപ്പെട്ട ഒന്നു രണ്ടു സംഗതികൾ മാത്രം ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചു കൊള്ളാം.

സർ, ഈ രാജ്യത്തെ എയിഡഡ് പ്രാഥമിക സ്കൂളുകളിലെ അദ്ധ്യാപകന്മാരിൽ അധികം പേരും ഒട്ടുവളരെ അവശതകൾ അനുഭവിക്കുന്നവരാണു്. അവർക്കു ജീവിക്കുവാനുള്ള ശമ്പളമെങ്കിലും കിട്ടണം, ഗ്രാന്റ കിട്ടണം എന്നും മറ്റുമുള്ള പ്രക്ഷോഭണങ്ങൾ കാൽശതാബ്ദത്തിനു മേലായി നടന്നുവരുന്നുണ്ടു്. തിരുവിതാംകൂറിലെ ഗ്രാൻഡ്സ്കൂൾ അദ്ധ്യാപകന്മാർക്കു ൨൭ രൂപയാണു കിട്ടിവരുന്നതു്. കൊച്ചിയിൽ അടുത്തകാലത്തായി ൩൦ രൂപ അടിസ്ഥാന ശമ്പളവും ൨൦ രൂപ ക്ഷാമബത്തയും കിട്ടിവന്നിരുന്നു. ൩൦ രൂപ അടിസ്ഥാന ശമ്പളമുള്ള സ്കൂളുകൾക്കു ഗവണ്മെന്റിൽ നിന്ന് ൭൫ ശതമാനം ഗ്രാന്റ കൊടുത്തു വന്നിരുന്നു. അദ്ധ്യാപകന്മാർക്കു മാനേജരന്മാർ കൊടുക്കേണ്ട സംഖ്യ കൊടുത്തില്ലെങ്കിൽ പോലും ഗവണ്മെന്റ കൊടുക്കുന്ന ഗ്രാന്റ കിട്ടുകയാണെങ്കിൽ വലിയ [illegible] കൂടാതെ അവർക്കു ൪൫, ൪൬ രൂപവരെ കിട്ടുമായിരുന്നു. ഇന്നത്തെ പ്രൊസീഡിംഗ്സിന്റെ ഫലമായി അങ്ങനെയുള്ള പ്രാഥമികാദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ ഒരു വലിയ വെട്ടിക്കുറവു നടത്തിയിട്ടുണ്ടു്. ഇതുവരെ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാർക്കു് അതു [illegible] എന്നു പറഞ്ഞിട്ടുണ്ടു്. ഇനിമേൽ നിയമിക്കപ്പെടുന്ന മറ്റു അദ്ധ്യാപകന്മാർക്കു് ൩൦ രൂപ മാത്രമേ കൊടുക്കുകയുള്ളു എന്നാണ് പറഞ്ഞിരിക്കുന്നതു്. തിരുവിതാംകൂറിലെ എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്കു ഇന്നു കൊടുക്കുന്നതിൽ കുറവില്ല. ൩ രൂപ മാത്രമാണ് കൂടുതൽ അവർക്കു കിട്ടുവാൻ പോകുന്നതു്.

Mr. Speaker : I do not want to create a precedent. I have no objection to any Member entering into all those details. It is an Appropriation Bill. Even the Education Budget was discussed in this House. Therefore, in an Appropriation Bill, some general observations or the whole administration, something like a passing reference, may be made. Not that I want to object to the hon. Member's speech. I do not want to create a precedent, because next year when such an Appropriation Bill comes up before this House, every Member may enter on a deatailed discussion on the basis of such a precedent. So, please confine yourself to some general observations if you like. I leave it to your good sense.

Shri C. Achyutha Menon : Sir, I do not want to create a bad precedent. My respectful submission is that the Chief Minister has set up a bad precedent in that he has not given us sufficient opportunity of discussing it in the House.

അതുകൊണ്ടാണ് എനിക്ക് ഈ കാര്യത്തെക്കുറിച്ച് പറയേണ്ടി വന്നത്. ആർഡിനറി കോഴ്സിൽ ഈ പ്രൊസീഡിംഗ്സ് ഞങ്ങളുടെ മുമ്പിൽ വച്ചിരുന്നുവെങ്കിൽ ഞങ്ങൾക്ക പറയുവാനുള്ളതു് പറയുന്നതിനു അവസരം ലഭിക്കുമായിരുന്നു. ഏതായാലും വളരെ അധികം പ്രാഥമികാദ്ധ്യാപകന്മാക്ക് ഇതുകൊണ്ടു് ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. മുമ്പ് ൪൫-൪൬ രൂപം കിട്ടിവന്നിരുന്ന പ്രാഥമികാദ്ധ്യാപകന്മാക്ക് ഇനി ൩൦ രൂപായെ കിട്ടുകയുള്ളു. ഞാൻ അധികം ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. അതു പോലെ മാസശമ്പളത്തിൽ കാര്യമായിട്ടുള്ള വർദ്ധനവ് ഒന്നും ഇല്ലാത്ത കൊച്ചിൻ വിഭാഗത്തു സെക്കൻററി അദ്ധ്യാപകന്മാക്കും ഭാഷാദ്ധ്യാപകന്മാക്കും വളരെ അധികം കഷ്ടപ്പം നേരിടുന്നുണ്ടു് എന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നുള്ള ശമ്പളത്തിൽ കുറവില്ലെങ്കിലും ന്യായമായ രീതിയിൽ ശമ്പളക്രമീകരണത്തിൽ കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്ന സംഖ്യ അവക്ക് കിട്ടിയിട്ടില്ല. കൊച്ചിയിലെ ഗ്രാഡ്വേററ് അദ്ധ്യാപകന്മാക്ക് ൫൦-൧൦൦ ക. വരെയുള്ള ശമ്പളസ്കേയിൽ കൊള്ളിച്ചിട്ടുണ്ടു്. അതു് നല്ലതുതന്നെയാണ്. അതു് സ്വാഗതാർഹവുമാണ്. എന്നാൽ അതേ സമയത്തു് തന്നെ നാലുകൊല്ലത്തെ സവ്വീസുള്ള കൊച്ചിയിലെ ഒരു സെക്കൻററി അദ്ധ്യാപകന് ഇന്നു കിട്ടുവാൻ പോകുന്നതു് വെറും ൫൦ രൂപായാണ്. എന്നാൽ അതേ സമയം തിരുവിതാംകൂറിലെ അദ്ധ്യാപകന് ൫൦-൧൦൦ ശമ്പളസ്കെയിൽ കിട്ടുന്ന തുക കൊച്ചിയിലെ അദ്ധ്യാപകന് കിട്ടുന്നതിനേക്കാൾ വളരെ കൂടുതലായ ഒരു സംഖ്യയായിരിക്കും. കൊച്ചിയിലെ അദ്ധ്യാപകന് ൫൦ രൂപാ കിട്ടുമ്പോൾ തിരുവിതാംകൂറിലെ അദ്ധ്യാപകന് ൬൦ രൂപായോളം കിട്ടും. ഇങ്ങനെയുള്ള വ്യത്യാസം രണ്ടു വിഭാഗത്തിലെ അദ്ധ്യാപകന്മാരിൽ ഒരു വിഭാഗത്തോട് പ്രത്യേകനിലയിലുള്ള പരിഗണന, ഒഴിവാക്കേണ്ടതാണ്: ൧-൯-൧൧൨൭-നും അതിനുശേഷവും നിയമിക്കപ്പെട്ടിട്ടുള്ള കൊച്ചിയിലേയും തിരുവിതാംകൂറിലേയും അദ്ധ്യാപകന്മാക്ക വ്യത്യാസം കൂടാതെ ൫൦-൧൦൦ ഗ്രേഡ് അനുവദിച്ചു ചെയ്യുമെന്നു് വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു. അതുപോലെ ഭാഷാദ്ധ്യാപകന്മാരുടെ കാര്യത്തിലും ചെയ്യണം. ബഹുമാനപ്പെട്ട സ്പീക്കറുടെ ഉപദേശം വച്ചുകൊണ്ടു്,

വളരെ ചീത്തയായ ഒരു പ്രീസിഡൻറ ഈ അവസരത്തിൽ സൃഷ്ടിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെപ്പററി ചർച്ചചെയ്യുന്നതിന് മുമ്പ് ഈ പ്രൊസീഡിംഗ്സ് ഇവിടെ അവതരിപ്പിക്കാൻ സാധിക്കുമായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇതിനെപ്പററിയുള്ള അഭിപ്രായം വളരെ വ്യക്തമായി പറയുവാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നു. ഗവണ്മെൻറപക്ഷത്തുനിന്ന് സഹകരണത്തിന് അഭ്യർത്ഥിക്കുന്നുണ്ട്.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : സഹകരണം തരാൻ തയാറുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനെ സംബന്ധിച്ചുതന്നെയാണ് ഞാൻ പറയുന്നത്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്രമീകരണം സംബന്ധിച്ച് ഒരു വ്യക്തമായ നയം രൂപീകരിക്കണമെന്നും- അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കുന്നതിന് പ്രതിപക്ഷത്തിൻെറ അഭിപ്രായം ആരായണമെന്നും ഗവണ്മെൻറിനും ഗവണ്മെൻറിൻെറ പക്ഷത്ത് ഇരിക്കുന്ന ആളുകൾക്കും വിചാരമുണ്ടായിരുന്നെങ്കിൽ അതിനെപ്പററിയുള്ള പ്രപ്പോസൽ നിയമസഭയിൽ വയ്ക്കുകയും നിയമസഭയുടെ ചർച്ചയ്ക്കുശേഷം പ്രൊസീഡിംഗ്സ് പാസാക്കുകയും ചെയ്യാമായിരുന്നു. അതു ചെയ്യാതെ ഈ സമയത്ത് പ്രൊസീഡിംഗ്സ് വന്നാൽ അതു് ഞങ്ങളുടെ അഭിപ്രായം അറിയുവാനുള്ള സന്മനസ്സ് അല്ലെന്നാണ് ഞാൻ പറഞ്ഞത്. അതിനാൽ ഈ വിഷയത്തിൽ ഞങ്ങൾക്ക് ശക്തിയായ പ്രതിഷേധം ഉണ്ടെന്ന് ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai: Sir, I should like to make some observations. Sir, I think I will not be out of order if I make a few observations on the general policy of administration to be carried on by the amount we are authorising the Treasury Benches to draw from the Consolidated Fund. I was expecting, Sir, that my disappointment at the budget speech would more or less be relieved by the speech which the hon. Finance Minister will make today when he is asking from this House the authorisation to draw money from the Consolidated Fund. As on the last occasion, I have to confess I am disappointed. But more than that, there is another difficulty also that faces me. To the specific question put by the Member for Trivandrum, the Finance Minister said that the present Appropriation Bill does not include the appropriations made in the last Appropriation Bill. But, Sir, in the present Bill, clause 2 says—"From and out of the Consolidated Fund of the State of Travancore-Cochin there may be paid and applied sums not exceeding those specified in Column 3 of the Schedule amounting in the aggregate, inclusive of the sums specified in column 3 of the Schedule to the Travancore-Cochin Appropriation (Vote on Account) Act 1952 (Act VI of 1952), to the sum of Rupees Fifty-five crores fifty lakhs fifty-nine thousand etc." The Bill before us says that it is inclusive of

[Shri P. S. Nataraja Pillai.]

the amount which we passed by the Appropriation Bill (Act VI of 1952). The statement of the Finance Minister is that this Bill does not contain the amount which we voted. Sir, I am utterly at a loss to understand that position. Which is correct I do not know—whether the Bill presented before this House by the hon. Finance Minister or the statment of the hon. Minister. These are the difficulties. There is another fundamental aspect to which I wanted to draw the attention of this House. That is, Sir, very often the Treasury Benches who control the destinies of our State today forget the responsibilities they owe to this House. They think they are in charge of the administration; they have particular persons to count with and they can act. But that is a very dangerous precedent for any one who cares for the future of the country to play that game. Sir as long as democracy is allowed to function on democratic lines and that on the strength of the democratic principles giving adequate weight to the opinion of the Opposition, you will get response from the country. when you cry hoarse, whatever may be the strength of the numbers you have, that cry is bound to produce no reaction in this country if it is not genuine. If it is not real in the long run, I believe, it will not be in the interests of our people. Therefore, I say, my hon. friends who by chance or by their merit occupy positions of authority today and control the destinies of our people, should realise their responsibility and make statements and do actions which will be in the interests of the country.

Sir, I will make one or two observations on the way in which this Government is functioning. Sir, it is the first budget which we have discussed, after an election duly conducted according to the Constitution. We have taken our seats here after taking the oath that we will be faithful or we will carry on with faith and allegiance, or we will have faith and allegiance to the Constitution of India as by law established in the country. That means, Sir, that we have sworn to the Constitution. Sir, in the Constitution, you find from Articles 36 to 50 the directive principles, the principles laid down as fundamental to the governance of the country. Sir, the directive principles are not ornaments to the Constitution Act. It is laid down therein that the principles are fundamental in the governance of the country. Are those fundamental principles kept in view by the administration here, is the question I would like to put. Take the directive principles one after another. They are after all, more honoured in their breach than in attempting to implement them or carry them out. The most important provision in Article 45, is about compulsory education. Have the Government moved their little finger towards it, have they provided a single pie to implement compulsory education which is already in existence in this country? Do they intend to extend its scope further? Have they provided any amount to implement for carry on compulsory education so that compulsory education may be available to all boys and girls within a period of 10 years rom the date of the commencement of the Constitution? No, Sir. That is a sad disappointment.

Take the next Article, *i. e.*, Article 47 which lays down that "the State shall endeavour to bring about prohibition of the consumption except for medicinal purposes of intoxicating drinks and of drugs which are injurious to health." It is laid down as a principle to the fundamental governance of the country. Have they moved their little finger to implement that?

Take the next Article, Article 48, which states that "the State shall endeavour to organise agriculture and animal husbandry on modern and scientific lines and shall, in particular, take steps for preserving and improving the breeds, etc." I know, Sir, that in the budget there is an additional provision of Rs. 2 lakhs this year more than what was provided last year. Rs. 1½ lakhs have been provided for poultry. When you look into the budget you will find that there are more than 7 places vacant in the Veterinary Hospitals. Nothing is done in this direction. In this connection, Sir, I ask whether the report presented by the Government of India Expert on the question of improving animal husbandry in the State was implemented. Was any provision for this included in the Budget? Even when the Government of India are trying, at least, to implement the directive principles embodied in the Constitution, and their experts are arriving here and making investigations and presenting their reports with their estimates, this Government are not prepared to take that into consideration and not a single pie is provided in the Budget to implement that. Does this show their faith and allegiance to the Constitution? Take the next question, Sir. It is laid down in the Constitution in Article 43 that the "State shall endeavour to secure, by suitable legislation or economic organisation or in any other way, to all workers, agricultural, industrial or otherwise, work, a living wage, conditions of work ensuring a decent standard of life and full enjoyment of leisure and social and cultural opportunities, etc." That is one of the fundamental principles adopted in the Constitution. Day in and day out my friend, the hon. Member Shri Gangadharan was bringing to the attention of the House the widespread unemployment and the privations from which the coir workers in the coastal area suffer. Here, we have been hearing from the Treasury Benches that Co-operative Societies have been established to better the lot of these coir workers and also they are devising other means to alleviate the distress prevalent among these workers. We have heard this kind of talk very often from that side. All these remind us of the régime of the exploiting British Government who were also harping on the same strains by saying that they were exploring foreign markets for our coir products and trying to improve the industrial wealth of our country. The very same words are being repeated even now by our people who are now controlling our life and our activities. I ask, Sir, has anything seriously been attempted or done so far to alleviate really the distress of these people?

Then, Sir, look at the directive enunciated in Article 47 of the Constitution. It is stated—

> "The State shall regard the raising of the level of nutrition and standard of living of its people...."

[Shri P. S. Nataraja Pillai]

That is another fundamental principle laid down. Has anything been done to raise the standard of living of our people? We are under-nourished and we have often clamoured for more rice for *kanji*. In answer we were told that we ought to be satisfied with our tapioca. For nearly eight years we have been under-nourished with only 6 to 8 ounces of rice when the normal requirement was 16 ounces. Do we get it? Has the Government done anything in this direction? They say that they are not able to get rice as there is a shortage of cereals in the world market and are exhorting us to produce more and make our country self-sufficient. But we know that our Government is not in a position to make us self-sufficient. To meet the deficit we are having the Grow More Food Scheme in operation for the last 6 years. Six crores of hard money have been spent on this scheme. This year also we have provided money on this scheme: under irrigation works half a crore, for agricultural improvement more than 75 lakhs. These are being asked for under the Bill that is before the House. What is the result of spending 6 crores during the last 3 years on this Scheme? Has the Government taken care to enquire into that matter? That is what I ask. Have they enquired how the money spent so far was useful to produce more rice? Have they cared to see whether this huge expenditure has increased the productivity of rice? Have they scrutinised the expenditure? Have they instituted any governmental agency to go into the details of these expenditures with a view to see whether adequate results have been produced?

Mr. Speaker: These points are relevant only when we are on the general discussion of the budget.

Shri P. S. Nataraja Pillai: I advert to these points because of the directive principles contained in the Constitution. It is a directive to the people who have sworn allegiance to the Constitution, that the standard of living of the people should be raised. In the attempt to raise the standard of living of the people they have attempted the Grow More Food Scheme, and I am showing to this House that this Scheme has been a collossal failure. That is the point that I have to make in correlation with the Constitution. So, Sir, it is one of the inescapable duties of the Government to bave scrutinised the expenditure, which they have not done so far. Even now we do not know how far it is possible. If the Government had provided an agency, if the Finance Minister was kind enough to tell this House that it is under contemplation to institute an agency to assess the results so far attained, that would have been something. So far, we don't find anything: I advert to this fact because, as I have pointed out at the very outset, these figures seem to be very illusory. Even, I am prompted to request you, Sir, on your own initiative to refer this Bill to a Select Committee so that the statement made by the Finance Minister and his Bill may be compromised.

Shri Nedumangad R. Kesavan Nair: Is there any time-limit for the speeches?

Mr. Speaker: Unfortunately it is a Bill and so there is no time limit for speeches. Time is limited according to the good sense of the hon. Members.

Shri P. S. Nataraja Pillai: Sir, I ask, how far was this Government able to raise the standard of living of our people? Art. 39 (b) gives another directive principle "that the ownership and control of the material resources of the community are so distributed as best to subserve the common good."

Mr. Speaker: I may just remind the hon. Member that the Speaker has got the inherent right to prescribe time-limit for speeches even on Bills.

Shri P. S. Nataraja Pillai: Sir, I am the last person to assert anything derogatory to the rights of the Chair. Whenever I stand or sit I remember my responsibilities. Sir, when the Chair feels that I am repeating an argument or speaking anything not in order, then I may be called to order.

Mr. Speaker: Mr. Nataraja Pillai also knows that in a discussion on a Bill like this, anything may be relevant.

Shri P. S. Nataraja Pillai: Sir, but on the question of the Appropriation Bill it is only the policy of Government that can be discussed. I am only confining myself to the question how far those people who form the Government of this State conform to the directives contained in the Constitution because they have sworn allegiance to the Constitution. The party that is in power swears by this Constitution, stands by it and at the same time is sponsored by it. Have they acted up to it? What about the land policy? They did constitute a Committee to go into the question and they got a report from the Committee. You, know, Sir, the history of the Stay of Execution Bill. When that Bill was being considered in the House it was stated by the promoters of the Bill that it was only a temporary measure and they were going to bring forward a permanent legislation on land in the next session of the Assembly. How many next sessions have come and gone? This is not a question of allotting plots of land to this or that individual. It is a big party policy entailing far-reaching effects. They have sworn allegiance to the Constitution and they stand by it. The directive in the Constitution says "that the State shall, in particular, direct its policy towards securing that the ownership and control of the material resources of the community are so distributed as best to subserve the common good." Sir, it is a common ground between the Opposition and the Government Benches that a re-distribution of land is necessary. Therefore, it is absolutely necessary that the Government should pay more attention towards this question realising that they have certain duties to perform and sacred are those duties.

In this connection, I would refer to one question more. Sir, I was rather pained at the attitude of the hon. Members on the Treasury Benches that whatever Government is doing is irreproachable. I don't question their motive. I don't question their ultimate intentions. Nothing of that kind.

[Shri P. S. Nataraja Pillai.]

But it is a question of principle in a democratic House. The Opposition has a right to request, nay, to compel the Government Benches to act according to the laws laid down. Any action against those laws are really matters which this House has the right to set aright. The attitude that their actions are all sacrosanct and that they have the right to do as they like is not the democratic way of conducting a democratic administration.

Shri A. Thanu Pillai : Sir, I have to make an observation.

Shri M. M. Abdul Khader : It is already 4-30 p. m.

Mr. Speakar : I am going to extend the time till this matter is finished.

Shri A. Thanu Pillai : Sir, as was mentioned by Shri Nataraja Pillai I ask the Finance Minister whether this Bill covers the moneys now voted. He said that it covers only those Bills and not the amounts covered by the first Appropriation Act of this year. It might be an inadvertent statement or, it might be he did not acquaint himself fully with regard to the figures. But I find, Sir, there is some difficulty and I would like to have this matter clarified. Of course, anybody may make a mistake, but in an Act of this kind there should not be any mistake at all. Under Education Demand XVIII, even the total figure according to the Budget is Rs. 3,20,25,800. So, even if this Appropriation Bill covers not only the figures that we voted upon now, but also the figures we have already voted, it cannot exceed the figure provided in the Budget. But here it is Rs. 3,62,77,000.

Shri Panampilli Govinda Menon : I shall explain that. When I made the statement, I pointed out to this House that a change in procedure has been effected whereby the grant asked for is the gross amount and not the net amount as hitherto. This is so if receipts were being realised in certain matters. Then that used to be deducted from the expenditure and the net amount alone used to be asked for. That is because of the change in procedure.

Mr. Speaker : It is all plain from the memorandum supplied to the hon. Member.

Shri A. Thanu Pillai : If the hon. Member is sure that the figures are correct, I have no quarrel. But this contains the amounts already voted iupon. Whether we can pass an Appropriation Act without repealing the first Appropriation Act, is the question. Whether this is so, and can this Act cover also the amounts covered by the first Appropriation Act are things to be considered. I do not assert one way or the other. But to me it appears that this is irregular because this Appropriation Act should normally cover the amounts we have already voted upon. Government have been authorised to draw amounts covered by that Act. Whether this mere statement that this Act covers the amounts covered by the other Act is enough or whether the Appropriation Act should cover only the amounts that have been

now voted upon, is a matter that has to be looked into. Personally, I am of the view that this should cover only the amounts now voted, because there may be another Act again. The hon. Minister for Finance is asking for a supplementary grant and there may be an Appropriation Act, Act III of this year. So in order to be in form, I should think that this should cover the amounts now voted. That is the view that I place for your consideration.

I raise this as a point of order. May I know whether this Bill can cover amounts that have not been voted upon in this session without repealing the other Appropriation Act? I raise it as a point of order.

Shri Panampilli Govinda Menon: Sir, I am ready to accept that also. Shall I make a consolidated answer to all the points?

The position is this. This Bill is introduced under Article 204 of the Constitution and under this provision, the grant has been made only in this Session of the Legislature. What has been done in the earlier meeting of the Legislature is what is contemplated under Article 206 where it is stated: "......The Legislative Assembly of a State shall have power (a) to make any grant in advance in respect of the estimated expenditure for a part of any financial year pending the completion of the procedure prescribed in article 203 for the voting of such grant and the passing of the law in accordance with the provision of article 204 in relation to that expenditure."

So, what was done under Article 206 was something pending action under 203 and legislation under 204. The Demand that the House was pleased to grant the Government on the previous days of the Session were made under Article 203 and this legislation is being considered under Article 204. What was done under the previous session was pending action by this House under Articles 203 and 204. Therefore, I would submit that the procedure adopted or the course adopted in the Bill before the House is only the one which is sanctioned by the Constitution.

Shri. A. Thanu Pillai: May I be permitted to refer to clause (2) of Article 206: "The provisions of article 203 and 204 shall have effect in relation to the making of any grant under clause (1)", that is, the vote on account, and "any law to be made under that clause as they have effect in relation to the making of a grant with regard to any expenditure mentioned in the annual financial statement and the law to be made for authorisation of appropriation of moneys out of the Consolidated Fund of the State", etc. So, the whole procedure is to be gone through in respect of the vote on account as in respect of the full vote. That law is there. Where is it stated that the Bill will be subsequently covered by that? That is the point I want to place before the House.

Shri Panampilli Govinda Menon : My view is that it is the present completion of the procedure started on an earlier occasion when we voted is what is contemplated. Therefore, under Article 204 of the Constitution the method of presenting this Appropriation Bill is in order.

Mr. Speaker : Do you want to make a general reply ?

Shri Panampilli Govinda Menon : Yes, Sir.

സർ, എനിക്കു് ആദ്യമായി ചിലതു് പ്രസ്താവിക്കുവാനുള്ളതു്, തൃശ്ശൂർ മെമ്പർ പറഞ്ഞ വിഷയത്തെപ്പറ്റിയാണു്. എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൻെറ സംയോജനത്തെ സംബന്ധിച്ചുള്ള പ്രൊസീഡിംഗ്സ് ഈ സഭയിൽ വിതരണം ചെയ്തതു് ഈ സഭയിലെ അംഗങ്ങൾ ചെയ്ത വിമർശനങ്ങളും നിർദ്ദേശങ്ങളും ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നും അതനുസരിച്ചു് പ്രവർത്തിച്ചിട്ടുണ്ടെന്നും കാണിക്കുവാൻവേണ്ടി മാത്രമാണു്. അതിൻെറ ഗുണദോഷങ്ങളെപ്പറ്റി ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പർ ചിലതു പ്രസ്താവിക്കുകയുണ്ടായി. വാസ്തവത്തിൽ അതു് വേണ്ടവിധത്തിൽ നോക്കാതെ വന്നതുകൊണ്ടോ, ഇന്നു് അതു് വേണ്ടിവരുമെന്നു വിചാരിക്കാത്തതുകൊണ്ടോ ആണു് അദ്ദേഹം ഇപ്രകാരം പറയുവാൻ ഇടയായതു്. അദ്ദേഹം പറഞ്ഞതു് മുഴുവൻ ശരിയല്ല. ഉദാഹരണമായി പറഞ്ഞാൽ തിരുവിതാംകൂറിലെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു് ൨൫ രൂപാ വീതം മാത്രമുണ്ടായിരുന്നതു് ഇപ്പോൾ ൩൦ മുതൽ ൫൦ വരെ കൂട്ടിയിട്ടുണ്ടു്. അങ്ങനെ ചെയ്തപ്പോൾ അഡ്വാൻസ് ഇൻക്രിമെൻറ കൊടുത്തിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ : ഞാൻ എയിഡഡ്സ്കൂൾ അദ്ധ്യാപകന്മാരെപ്പററി മാത്രമേ പറഞ്ഞുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരെപ്പററി പറഞ്ഞാൽ, അവരുടെ രണ്ടുകൊല്ലത്തിനു മുമ്പുണ്ടായിരുന്ന സ്ഥിതി എന്താണെന്നു് നാം ആലോചിക്കണം. അന്നു് ൧൫ രൂപ മാത്രമേ അവർക്കു് സർക്കാരിൽനിന്നു കൊടുത്തിരുന്നുള്ളു. ൧൧൨൦-ൽ അതു് ൨൭ രൂപയായി വർദ്ധിപ്പിച്ചു. ൧൧൨൫-ൽ അതു് ൩൦ രൂപയായി. സാധാരണ അദ്ധ്യാപകന്മാരുടെ കാര്യത്തിലും, ൩൫ രൂപയായി. പ്രധാന അദ്ധ്യാപകന്മാരുടെ കാര്യത്തിലും വർദ്ധിപ്പിക്കുകയുണ്ടായി. അതനുസരിച്ചു നോക്കുമ്പോൾ അവരുടെ ശമ്പളം ഉയർന്നുവരികയാണു ചെയ്യുന്നതെന്നു് കാണാം.

പിന്നീടു പറയുവാനുള്ളതു്, കൊച്ചിയിലെ ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ കുറവു വരുത്തിയിട്ടില്ലെന്നുള്ളതാണു്. മേലിൽ ഉണ്ടാകുന്ന കാര്യങ്ങളിൽ ചില നിബന്ധനകൾ ചെയ്തിട്ടുണ്ടു്. അതു് ഒരു ചെറിയ ശതമാനം ആളുകൾക്കു മാത്രമേ ബാധകമാകുകയുള്ളു. അതു് ഭാവിയെ സംബന്ധിക്കുന്ന ഒരു കാര്യം മാത്രമാണു്. സെക്കൻററിസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ, കൊച്ചിയിലെ അദ്ധ്യാപകന്മാർക്കു് അഡ്വാൻസ് ഇൻക്രിമെൻറ കൊടുത്തിട്ടില്ലെന്നു പറയുകയുണ്ടായി. അതുപോലെതന്നെ പ്രൈമറിസെക്ഷനിലുള്ള അദ്ധ്യാപകന്മാർക്കു് അഡ്വാൻസ് ഇൻക്രിമെൻറ് തിരുവിതാംകൂറിൽ കൊടുത്തിട്ടില്ല. അങ്ങനെ

കൊടുക്കുന്ന പക്ഷം വളരെയധികം പണം ചെലവു ചെയ്യേണ്ടിവരും. അതുമാത്രമാണ് ഇതിനു തടസ്സമായി നിൽക്കുന്നത്. വളരെയധികം ശമ്പളം ഇഷ്ടംപോലെ സന്തോഷം തോന്നത്തക്കവണ്ണം കൊടുക്കത്തക്കവണ്ണമുള്ള ഒരു ആർഡർ എഴുതാൻ വശമില്ലാത്തതുകൊണ്ട് ഇങ്ങനെ ചെയ്യാത്തതല്ല. അങ്ങിനെ കൊടുക്കണമെങ്കിൽ പണംവേണം. ൩൦ ലക്ഷം രൂപ ഇപ്പോൾ ഇതുമൂലംതന്നെ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ കണക്കുവിട്ടു കൊടുക്കാൻ തുടങ്ങിയാൽ, കൂടുതൽ കൂടുതൽ ശമ്പളം അർഹിക്കുന്ന മററുപല ശാഖകളും ഗവൺമെൻറിൻെറ കീഴിലുണ്ട്. അതേപ്പററിയെല്ലാം ഗവൺമെൻറിനു ബോദ്ധ്യമുണ്ട്. പക്ഷെ ഗവൺമെൻറിൻെറ കഴിവനുസരിച്ചല്ലാതെ ഇക്കാര്യത്തിൽ പ്രവർത്തിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഇങ്ങനെ ചെയ്തതാണ്.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ സംയോജനത്തെ സംബന്ധിച്ച് ഗവൺമെൻറു പുറപ്പെടുവിച്ചിട്ടുള്ള കൽപ്പനയെ സംബന്ധിച്ച് നാട്ടിൻെറ നാനാഭാഗങ്ങളിലും വളരെ അനുകൂലമായ ആഹ്ലാദമാണുണ്ടായിട്ടുള്ളതെന്ന് ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യത്തെ നിരവധി പത്രങ്ങളും വ്യക്തികളും അനുകൂലമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില തെററുകളും കുറവുകളും പറയാനുണ്ടാകയില്ലെന്നും പറയുന്നില്ല. അങ്ങനെ ചെയ്തത് ഇങ്ങനെ ആകാമായിരുന്നു, ചില പ്രത്യേക വിഭാഗക്കാർക്ക് അങ്ങനെ ചെയ്യാമായിരുന്നു എന്നെല്ലാം പലപ്പോഴും ആർക്കും പറയാവുന്നതാണ്.

തിരുവനന്തപുരം മെംബറന്മാർ രണ്ടുപേരും ഞാൻ തെററായ ഒരു പ്രസ്താവന ചെയ്തതിനെപ്പററി പറയുകയുണ്ടായി. അങ്ങനെ പറയാനുണ്ടായ കാരണം, ഗ്രാൻറിനെപ്പററിയാണ് ഞാൻ ധരിച്ചത് എന്നുള്ളതാണ്. കഴിഞ്ഞ സെഷനിൽ നാലുമാസത്തേയ്ക്കുള്ള സംഖ്യ ഗ്രാൻറു ചെയ്തു. ബാക്കി ഈ സെക്ഷനിൽ ഗ്രാൻറു ചെയ്തു. മററു വിധത്തിലാണ് എൻെറ വായിൽനിന്നു വന്നതെങ്കിൽ അതു തെററാണ്. പക്ഷെ അതേപ്പററി ഇത്രയധികമൊന്നും പറയേണ്ടതില്ലായിരുന്നു.

തിരുവനന്തപുരം മെമ്പർ ശ്രീ. നടരാജപിള്ള അവർകൾ Directive Principles of State policy ഭാഗങ്ങൾ ഓരോ വകുപ്പായി എടുത്തു വായിക്കുകയും അതനുസരിച്ച് ഈ ഗവൺമെൻറു പ്രവർത്തിച്ചിട്ടില്ലെന്നു ആക്ഷേപിക്കുകയും ചെയ്തു. എൻെറ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ് ആ അദ്ധ്യായത്തിലെ ൪൨-ാം വകുപ്പ് അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ കൊള്ളാമെന്ന് ഞാനാഗ്രഹിക്കുന്നു.

Article 42: "The State shall make provision for securing just and humane conditions of work for maternity relief."

ഇതനുസരിച്ച് ഇതുമാതിരി കാര്യങ്ങളിൽ ഇപ്രകാരം മനുഷ്യത്വപരമായി പ്രവർത്തിക്കുവാൻ മന്ത്രിമാർക്ക് അവകാശമുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറെ ധരിപ്പിച്ചുകൊള്ളുന്നു.

The question that the Travancore-Cochin Appropriation No. (2) Bill 1952 be taken into consideration was put and carried.

CLAUSES 2 & 3.

The question that Clauses 2 and 3 stand part of the Bill was put and carried.

The Clauses were added to the Bill.

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

The question that the Title and the Preamble stand part of the Bill was put and carried.

The title and preamble were added to the Bill.

Shri Panampilli Govinda Menon : I move that the Bill be passed.

Shri A. J. John : I second it.

The question that the Travancore-Cochin Appropriation (No. 2) Bill 1952 be passed was put and carried.

The Bill was passed.

THE CITY MUNICIPAL ACT (SECOND AMENDMENT) BILL AND THE TRAVANCORE-COCHIN MATERNITY BENEFIT BILL.

Mr. Speaker : The reports of the Select Committees on the Trivandrum City Municipal Act (Second Amendment) Bill and the Travancore-Cochin Maternity Benefit Bill as revised by the Select Committees have been circulated to the Members. As these Bills will be taken up for Second Reading during the current session the amendments to these Bills, if any, should reach the Secretary before 11 a. m. on Tuesday, the 22nd July 1952.

The Assembly adjourned at 4-46 p. m. to meet again at 11 a. m. on Tuesday, the 22nd July 1952.

V. KRISHNAMOORTHI,
Secretary, Legislative Assembly.

APPENDIX.

*Please see Answer to question No. * 908.* [II]

൧.	ഗസ്റ്റ്ഹൌസ്സ് കെട്ടിടവും പറമ്പും	മാസം ൨൦൦ രൂപ. പാട്ടത്തിന്
൨.	രാമനിലയം പറമ്പ്	കൊല്ലത്തിൽ ൧൩൩ രൂപ.
൩.	പഴയ കൊച്ചി വിദ്യാഭ്യാസ ഡയറക്ടരാഫീസു കെട്ടിടവും പറമ്പും	പറമ്പ് നികുതി മാസം ഒരു രൂപ. സ്ഥലത്തിന്റെ വാടക മാസം ൫൦ രൂപ.
൪.	തൃശ്ശിവപേരൂർ സ്കൂൾ ഇൻസ്പെക്ടരാഫീസ് കെട്ടിടവും പറമ്പും	പറമ്പ് നികുതി കൊല്ലത്തിൽ ൪൦ രൂപ ൩ അണ. സ്ഥല വാടക മാസം ൫൦ രൂപാ.